2024
ഏപ്രിൽ
24
ബുധൻ

# അന്വേഷി

INDEPENDENT NEWS DAILY

Email: anveshinews11@gmail.com ■ തിരുവനന്തപുരം ■ കൊല്ലം ■ കോഴിക്കോട് ■ RNI NO. 5184, Vol - 4, Issue -158 ■ വില: 8.50 ■ പേജ്: 08

5 ജ്വല്ലറികൾ കേന്ദ്രീകരിച്ച് മോഷണം: അന്തർസംസ്ഥാന കവർച്ചാ സംഘം പിടിയിൽ

8 സമ്മർ സ്പെഷൽ: രാജ്യത്ത് 9,111 ട്രിപ്പുകളുമായി റെയിൽവേ

# ഇന്ന് കൊട്ടിക്കലാശം

## 26ന് കേരളം ബൂത്തിലേക്ക്

തിരുവനന്തപുരം: ലോക്സഭ തെരഞ്ഞെടുപ്പിലെ രണ്ടാംഘട്ട വോട്ടെടുപ്പിന് മുന്പേ പരസ്യപ്രചാരണം അവസാനിപ്പിച്ചു കൊണ്ടുള്ള കൊട്ടിക്കലാശം ബുധനാഴ്ച. വൈകിട്ട് ആറുവരെയാണ് പരസ്യപ്രചാരണം.

വെള്ളിയാഴ്ച കേരളം പോളിംഗ് ബൂത്തിലേക്കു നീങ്ങും. അവസാനഘട്ട പ്രചാരണങ്ങളിൽ മുഴുകി പരമാവധി വോട്ടുകൾ ഉറപ്പിക്കാനുള്ള നെട്ടോട്ടത്തിലാണ് മുന്നണികളും സ്ഥാനാർഥികളും.

കേന്ദ്രസർക്കാരിൻറെയും സംസ്ഥാന സർക്കാരിൻറെയും ദുർഭരണവും അഴിമതിയും സ്വജനപക്ഷപാതവുമാണ് യുഡിഎഫ് അവസാനഘട്ടത്തിലും പ്രചാരണ വിഷയമായി ഉയർത്തിക്കാട്ടുന്നത്. മുഖ്യമന്ത്രിയുടെ മകൾക്കെതിരേയുള്ള മാസപ്പടി കേസും കെ ഫോൺ അഴിമതി, ക്രമസമാധാനപ്രശ്നങ്ങളും ബോംബ് രാഷ്ട്രീയവും ക്ഷേമപെൻഷനുമൊക്കെയാണ് യുഡിഎഫ് പ്രചാരണ വിഷയമാക്കി നിലനിർത്തിയിരിക്കുന്നത്.

മോദി സർക്കാരിൻറെ ഭരണപരാജയവും സിഎഎയുമാണ് എൽഡിഎഫ് പ്രചാരണയുധമായി ഉയർത്തിക്കാട്ടുന്നത്. കഴിഞ്ഞതവണത്തെ അപേക്ഷിച്ച് പരമാവധി സീറ്റുകൾ നേടാനുള്ള കഠിനപ്രയത്നത്തിലാണ് എൽഡിഎഫ്. കൂടുതൽ സീറ്റുകൾ നേടാനായില്ലെങ്കിൽ പാർട്ടിയുടെ ദേശീയ പദവി നഷ്ടമാകുമെന്ന ആശങ്കയും നേതാക്കൾക്കുണ്ട്.രാഹുൽ ഗാന്ധി മുഖ്യമന്ത്രിക്കെതിരേ പറഞ്ഞ ആരോപണങ്ങൾ യുഡിഎഫ് ശക്തമായി എല്ലാ മണ്ഡലങ്ങളിലും ഉന്നയിക്കുന്നത് എൽഡിഎഫിന് ക്ഷീണം ചെയ്തുവെന്നാണ് വിലയിരുത്തുന്നത്.

രാഹുലിന് മുഖ്യമന്ത്രി മറുപടി പറഞ്ഞതോടെ മേൽക്കൈ തങ്ങൾ നേടിയെന്നാണ് എൽഡിഎഫ് അവകാശപ്പെടുന്നത്.

അതേസമയം, തിരുവനന്തപുരം, തൃശൂർ, പത്തനംതിട്ട, ആലപ്പുഴ എന്നീ മണ്ഡലങ്ങളിൽ ബിജെപി ശക്തമായ മത്സരവും പ്രചാരണവുമാണ് കാഴ്ച വയ്ക്കുന്നത്. തിരുവനന്തപുരം, തൃശൂർ മണ്ഡലങ്ങളിൽ വിജയിച്ചേമതിയാകു എന്ന വാശിയോടെയാണ് ബിജെപി പ്രചാരണരംഗത്തുള്ളത്.

എല്ലാ മേഖലകളിലെയും പ്രമുഖരെയും ദേശീയ നേതാക്കളെയും പ്രചാരണത്തിന് ബിജെപി രംഗത്തിറക്കി. കോൺഗ്രസിൻറെ താരപ്രചാരകരായി പ്രിയങ്കാഗാന്ധി, തെലങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡി, കർണാടക മന്ത്രി ഡി.കെ. ശിവകുമാർ ഉൾപ്പെടെയുള്ളവരാണ് രംഗത്തെത്തിയത്.

എൽഡിഎഫിന് വേണ്ടി സീതാറാം യെച്ചൂരിയും പ്രകാശ് കാരാട്ടും വൃന്ദാകാരാട്ടും ഉൾപ്പെടെയുള്ള നേതാക്കളും കേരളത്തിലെത്തിയിരുന്നു. വെള്ളിയാഴ്ച പോളിംഗ് ശതമാനം പരമാവധി വർധിപ്പിച്ച് വോട്ടുകൾ തങ്ങളുടെ പെട്ടിയിൽ വീഴ്ത്താനുള്ള തന്ത്രങ്ങളാണ് അണിയറയിൽ നേതാക്കൾ നടത്തുന്നത്. അടിയൊഴുക്കുകളും അട്ടിമറിയും ഉണ്ടാകാനുള്ള സാധ്യതകളും തള്ളിക്കളയാനാകില്ല.

കേരളം അടക്കം 13 സംസ്ഥാനങ്ങളിലായി 88 മണ്ഡലങ്ങളാണ് രണ്ടാം ഘട്ടത്തിൽ വോട്ടു രേഖപ്പെടുത്തുക. 13 സംസ്ഥാനത്തായി 1,210 സ്ഥാനാർഥികളാണ് മത്സരരംഗത്തുള്ളത്. കേരളത്തിലെ 20 മണ്ഡലങ്ങളിലും ഒറ്റഘട്ടമായി വെള്ളിയാഴ്ച വോട്ടെടുപ്പ് നടക്കും. കർണാടകത്തിൽ 14 മണ്ഡലങ്ങളിലും ആസാമിലെ കരിംഗഞ്ച്, സിൽച്ചാർ, ദാരംഗ് ഉദൽഗുഡി, നാഗോൺ, ദിഫു മണ്ഡലങ്ങളിലും വെള്ളിയാഴ്ച വോട്ടെടുപ്പ് നടക്കും.

ബിഹാറിൽ കിഷൻഗഞ്ച് , കതിഹാർ, പുർണിയ, ഭഗാൽപുർ, ബാങ്ക, ഛത്തീസ്ഗഢിൽ രാജ്നന്ദഗാവ്, കാങ്കർ, മഹാസമുന്ദ്, മധ്യപ്രദേശിൽ ടിക്കംഗഡ്, ദാമോഹ്, ഖജുരാഹോ, സത്ന, റേവ, ഹോഷംഗബാദ്, ബേതുൽ, മഹാരാഷ്ട്രയിൽ ബുൽദാന, അകോല, അമരാവതി, വാർധ, യവത്മൽ വാഷിം, ഹിംഗോലി, നന്ദഡ് , പർഭാനി മണ്ഡലങ്ങളും 26 ന് പോളിംഗ് ബൂത്തിലെത്തും.

ഔട്ടർ മണിപ്പൂർ, ത്രിപുര ഈസ്റ്റ്, രാജസ്ഥാനിൽ ടോങ്ക് സവായ് മധോപുർ, അജ്മീർ, പാലി, ജോധ്പുർ, പാർമർ, ജലോർ, ഉദയ്പുർ, ബൻസ്വാര, ചിറ്റോർഗഡ്, രാജ്സമന്ദ്, ഭിൽവാര, കോട്ട, ബൽവാർ ബാരൻ, ഉത്തർപ്രദേശിൽ അംറോഹ, മീറത്ത്, ബാഗ്പത്, ഗാസിയാബാദ്, ഗൗതംബുദ്ധ നഗർ, ബുലന്ദ്ഷഹർ, അലിഗഡ്, മഥുര, ബംഗാളിൽ ഡാർജിലിംഗ്, റായിഗഡ്, ബലൂർഘട്ട്, ജമ്മു കാഷ്മീരിൽ ജമ്മു എന്നിവിടങ്ങളിലും 26നാണ് വോട്ടെടുപ്പ്. കലാപബാധിത ഔട്ടർ മണിപ്പുരിലെ 13 മണ്ഡലങ്ങളിലും രണ്ടാംഘട്ടത്തിലാണ് വോട്ടെടുപ്പ്.

അതേസമയം, ലോക്സഭാ തെരഞ്ഞെടുപ്പിൽ ബിജെപി ആദ്യജയം കുറിച്ചു. ഗുജറാത്തിലെ സൂറത്തിൽ ബിജെപി സ്ഥാനാർഥി മുകേഷ് ദലാൽ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. കോൺഗ്രസ് സ്ഥാനാർഥി നീലേഷ് കുംഭാനിയുടേയും ഡമ്മി സ്ഥാനാർഥിയുടേയും പത്രിക തള്ളിയിരുന്നു. ബിഎസ്പി സ്ഥാനാർഥിയും മൂന്നു സ്വതന്ത്രരും തിങ്കളാഴ്ച പത്രിക പിൻവലിച്ചതോടെ ദലാൽ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെടുകയായിരുന്നു.



*സ്ട്രോംഗ് റൂമുകൾ, കൺട്രോൾ റൂം എന്നിവിടങ്ങൾ കളക്ടർ സന്ദർശിക്കുന്നു*

## ഏപ്രിൽ 24 വൈകിട്ട് 6 മുതൽ ഏപ്രിൽ 27 പുലർച്ചെ 6 വരെ നിരോധനാജ്ഞ

തിരുവനന്തപുരം : 2024 ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ഭാഗമായി പരസ്യ പ്രചാരണം അവസാനിക്കുന്ന ഏപ്രിൽ 24 വൈകിട്ട് 6 മണി മുതൽ വോട്ടെടുപ്പിന്റെ പിറ്റേന്ന് രാവിലെ 6 വരെ (ഏപ്രിൽ 27 രാവിലെ 6 മണി) തിരുവനന്തപുരം ജില്ലയിൽ നിരോധനാജ്ഞ പുറപ്പെടുവിച്ച് ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനും ജില്ലാ കളക്ടറുമായ ജെറോമിക് ജോർജ് ഉത്തരവിട്ടു. നിരോധനാജ്ഞാ കാലയളവിൽ നിയമവിരുദ്ധമായ സംഘംചേരൽ , പൊതുയോഗങ്ങൾ സംഘടിപ്പിക്കൽ , ജില്ലയിലെ മണ്ഡലങ്ങളിലെ വോട്ടർമാരല്ലാത്ത രാഷ്ട്രീയ പ്രവർത്തകരുടെയും പ്രചാരകരുടെയും സാന്നിധ്യം, ഏതെങ്കിലും തരത്തിലുള്ള ഉച്ചഭാഷിണിയുടെ ഉപയോഗം, ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ തെരഞ്ഞെടുപ്പ് സംബന്ധിയായ കാര്യങ്ങളുടെ പ്രദർശനം, അഭിപ്രായസർവേകളോ മറ്റെന്തെങ്കിലും തരത്തിലുള്ള തെരഞ്ഞെടുപ്പ് സർവേകളോ സംപ്രേഷണം ചെയ്യൽ, പോളിംഗ് സ്റ്റേഷനിൽ നിരീക്ഷകർ, സൂക്ഷ്മ നിരീക്ഷകർ, ക്രമസമാധാന പാലന ചുമതലയുള്ളവർ, പോളിംഗ് ഡ്യൂട്ടിയുള്ള ഉദ്യോഗസ്ഥർ എന്നിവർ ഒഴികെയുള്ളവരുടെ സെല്ലുലാർ, കോർഡ്ലസ് ഫോണുകൾ, വയർലെസ് സെറ്റുകൾ എന്നിവയുടെ ഉപയോഗം, പോളിംഗ് ഡ്യൂട്ടിയുള്ള ഉദ്യോഗസ്ഥർ ഒഴികെയുള്ളവരുടെ, പോളിംഗ് സ്റ്റേഷന് 100 മീറ്റർ ചുറ്റളവിലുള്ള കോർഡ്ലസ് ഫോണുകൾ, വയർലെസ് സെറ്റുകൾ എന്നിവയുടെ ഉപയോഗം, പോളിംഗ് ദിനത്തിൽ പോളിംഗ് സ്റ്റേഷന് 200 മീറ്റർ പരിധിയിൽ ഇലക്ഷൻ ബൂത്തുകൾ സജ്ജീകരിച്ച് തെരഞ്ഞെടുപ്പ് പ്രചാരണം നടത്തൽ, പോളിംഗ് സ്റ്റേഷന് 200 മീറ്റർ പരിധിക്ക് പുറത്ത് ഒന്നിലധികം ഇലക്ഷൻ ബൂത്തുകൾ സജ്ജീകരിക്കൽ, ജനപ്രാതിനിധ്യ നിയമം സെക്ഷൻ 134 ബി പ്രകാരം ആയുധം കൈവശം വെയ്ക്കാൻ അനുമതിയുള്ളവർ ഒഴികെയുള്ളവർ പോളിംഗ് സ്റ്റേഷനിലോ സമീപ പ്രദേശങ്ങളിലോ ആയുധം പ്രദർശിപ്പിക്കുകയോ കൈവശം വെയ്ക്കുകയോ ചെയ്യൽ എന്നിവയ്ക്ക് നിരോധനമുണ്ട്. വോട്ടിംഗ് കേന്ദ്രം, ഷോപ്പിംഗ് മാൾ, വ്യാപാര കേന്ദ്രങ്ങൾ, സിനിമ തിയറ്റർ, മറ്റു വിനോദ കേന്ദ്രങ്ങൾ, വിവാഹം പോലുള്ള സാമൂഹിക ചടങ്ങുകൾ, സ്വകാര്യ പരിപാടികൾ തുടങ്ങിയ ഇടങ്ങളിലെ സമാധാനത്തിന് ഭംഗം വരാത്ത, ജനങ്ങളുടെ സാധാരണ ജീവിതവുമായി ബന്ധപ്പെട്ട ഒത്തുചേരലുകൾക്ക് നിരോധനാജ്ഞ ബാധകമല്ലെന്നും ഉത്തരവിൽ പറയുന്നു. നിശബ്ദ പ്രചാരണ വേളയിലെ വീടുകൾ തോറും കയറിയുള്ള പ്രചാരണത്തിനും നിരോധനാജ്ഞ ബാധകമല്ല.

## ലഹരിയിൽ കാറുമായി റോഡിൽ പരാക്രമം; എംഡിഎംഎയും കഞ്ചാവുമായി യുവാവ് അറസ്റ്റിൽ

മട്ടന്നൂർ: കൂട്ടുപുഴ ചെക്ക് പോസ്റ്റിൽ എക്സൈസ് പരിശോധനയ്ക്കിടെ കാറുമായി കടന്നു കളഞ്ഞ യുവാവിനെ എക്സൈസും നാട്ടുകാരും ചേർന്നു പിടികൂടി. കാറിൽനിന്ന് 20 ഗ്രാം കഞ്ചാവും അഞ്ചു ഗ്രാം എംഡിഎംഎയും കണ്ടെടുത്തു.

കോഴിക്കോട് അരീക്കോട് സ്വദേശി ഫിറോസ് ഖാനിൽ(31) നിന്നാണ് ഇവ പിടികൂടിയത്. കൂട്ടുപുഴയിൽ നിന്ന് നിർത്താതെ പോയ കാർ മട്ടന്നൂർ കരേറ്റയിൽ വച്ചാണ് എക്സൈസ് സംഘം തടഞ്ഞ് ഇയാളെ കസ്റ്റഡിയിലെടുത്തത്. അമിതവേഗതയിൽ ഓടിച്ച കാർ വഴിയിൽ നിരവധി വാഹനങ്ങളിൽ ഇടിച്ച് അപകടമുണ്ടാക്കി.

തിങ്കളാഴ്ച രാവിലെ 11.30 ഓടെയാണ് ബംഗളൂരുവിൽ നിന്ന് വരുന്ന കാർ കൂട്ടുപുഴ ചെക്ക് പോസ്റ്റിലെ ത്തിയത്. വാഹന പരിശോധനയ്ക്കിടെ എക്സൈസ് ഉദ്യോഗസ്ഥരെ കബളിപ്പിച്ച് ഇയാൾ കാറുമായി കടന്നുകളയുകയായിരുന്നു. ഇരിട്ടി എക്സൈസ് സംഘത്തെ വിവരമറിയിച്ചതിനെ തുടർന്ന് ഇരിട്ടി ടൗണിന് സമീപം കാർ തടയാൻ ശ്രമിച്ചെങ്കിലും ഫിറോസ് കാറുമായി കടന്നുകളഞ്ഞു.

തുടർന്ന് മട്ടന്നൂരിലെ എക്സൈസ് ഉദ്യോഗസ്ഥരേയും അറിയിച്ച ശേഷം കരേറ്റയിൽ വച്ചാണ് കാർ തടഞ്ഞ് ഇയാളെ കസ്റ്റഡിയിലെടുത്തത്. കാർ നിർത്തി ഓടി രക്ഷപ്പെടാൻ ശ്രമിച്ച ഫിറോസിനെ പിന്തുടർന്ന് പിടിക്കുകയായിരുന്നു. കൂട്ടുപുഴയിൽ നിന്ന് ഡോർ പോലും അടയ്ക്കാതെ അമിതവേഗതയിൽ വന്ന കാർ വഴിയിൽ നിരവധി വാഹനങ്ങളിൽ ഇടിച്ചു.

ഈ വാഹനങ്ങളിലുള്ളവരും ഇയാളെ പിന്തുടർന്ന് എത്തിയിരുന്നു. മുമ്പ് വയനാട് ചെക്ക്പോസ്റ്റിൽ വച്ച് എംഡിഎംഎ പിടികൂടിയ കേസിലും ഇയാൾ പ്രതിയാണെന്ന് എക്സൈസ് അറിയിച്ചു.

## പ്രകടനപത്രിക ലീഗിന്റെ മുദ്രപേറുന്നതെന്ന വിമർശനത്തിന് മറുപടിയുമായി ഖാർഗെ

ന്യൂഡൽഹി: കോൺഗ്രസിന്റെ പ്രകടനപത്രിക മുസ്ലിം ലീഗിന്റെ മുദ്രപേറുന്നതെന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വിമർശനത്തിന് മറുപടിയുമായി കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ. സമൂഹത്തെ ഭിന്നിപ്പിക്കാനുള്ള ശ്രമങ്ങൾ പ്രധാനമന്ത്രി നിർത്തണമെന്ന് ഖാർഗെ പറഞ്ഞു. സമയം തന്നാൽ പ്രകടനപത്രിക അദ്ദേഹത്തിന് വിശദീകരിച്ചുകൊടുക്കാം. ചിലത് മുസ്ലിംകൾക്ക് മാത്രമാണെന്ന് ഞങ്ങൾ എവിടെയാണ് പറയുന്നത് ? എല്ലാവർക്കുമായിട്ടാണ് ഞങ്ങൾ കാര്യങ്ങൾ ചെയ്യുന്നതെന്നും ഖാർഗെ പറഞ്ഞു.

'കോൺഗ്രസ് പ്രകടനപത്രിക മുസ്ലിം ലീഗ് പ്രകടനപത്രികയാണെന്നാണ് മോദി പറഞ്ഞത്. സമയം തന്നാൽ പ്രകടനപത്രിക അദ്ദേഹത്തിന് വിശദീകരിച്ചുകൊടുക്കാം. ചിലത് മുസ്ലിംകൾക്ക് മാത്രമാണെന്ന് ഞങ്ങൾ എവിടെയാണ് പറയുന്നത് ? എല്ലാവർക്കുമായിട്ടാണ് ഞങ്ങൾ കാര്യങ്ങൾ ചെയ്യുന്നത്. ഞങ്ങളുടെ പ്രകടനപത്രിക പാവപ്പെട്ടവർക്കും കർഷകർക്കും യുവാക്കൾക്കും സ്ത്രീകൾക്കും എന്നിങ്ങനെ എല്ലാവർക്കും വേണ്ടിയുള്ളതാണ്. അദ്ദേഹത്തിന് സമൂഹത്തെ ഭിന്നിപ്പിക്കണം. അതിനാലാണ് നിരന്തരം ഹിന്ദുമുസ്ലിം എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നത്. ഖാർഗെ പറഞ്ഞു.

'യുവ ന്യായ് എല്ലാവർക്കുമുള്ളതാണ്. നാരി ശക്തി എല്ലാവർക്കുമുള്ളതാണ്. മുസ്ലിംകൾക്ക് മാത്രമല്ല, പട്ടികജാതി, പട്ടിക വർഗ വിഭാഗക്കാർക്കോ ദാരിദ്രരേഖയ്ക്ക് താഴെ നിൽക്കുന്നവർക്കോ മാത്രമായുള്ളതല്ല. എല്ലാവർക്കുമുള്ളതാണെന്നും അദ്ദേഹം പറഞ്ഞു.

ഇന്നത്തെ ഇന്ത്യയുടെ പ്രതീക്ഷകളിൽനിന്നും അഭിലാഷങ്ങളിൽനിന്നും പൂർണമായി വേർപെട്ടു നിൽക്കുന്നതാണ് കോൺഗ്രസ് പാർട്ടി എന്ന് തെളിയിക്കുന്നതാണ് അവരുടെ പ്രകടന പത്രികയെന്നായിരുന്നു മോദിയുടെ വിമർശനം. സ്വാതന്ത്ര്യസമരകാലത്ത് മുസ്ലിം ലീഗിലുണ്ടായിരുന്ന അതേ ചിന്താധാരയാണ് കോൺഗ്രസിന്റെ പ്രകടനപത്രികയിലും പ്രതിഫലിക്കുന്നത്.

## കസ്റ്റഡി നീട്ടി; കേജരിവാളും കവിതയും ജയിലിൽ തുടരും

ന്യൂഡൽഹി: മദ്യനയ അഴിമതിക്കേസിൽ അറസ്റ്റിലായ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജരിവാളും ഭാരത് രാഷ്ട്ര സമിതി നേതാവ് കെ. കവിതയും ജയിലിൽ തുടരും. ഇരുവരുടേയും ജുഡീഷ്യൽ കസ്റ്റഡി 14 ദിവസത്തേക്ക് നീട്ടി.

അടുത്ത മാസം ഏഴുവരെയാണ് കസ്റ്റഡി നീട്ടിയത്. റോസ് അവന്യൂ കോടതിയിലെ വാദത്തിനിടെ കേജരിവാളിനെയും കവിതയെയും വീഡിയോ കോൺഫറൻസിംഗ് വഴി ഹാജരാക്കിയിരുന്നു. നിലവിൽ ജുഡീഷ്യൽ കസ്റ്റഡിയിൽ തിഹാർ ജയിലിലാണ് കേജരിവാളും കവിതയും.

ഡൽഹി മദ്യനയ അഴിമതി കേസുമായി ബന്ധപ്പെട്ട് കസ്റ്റഡിയിലുള്ള ചൻപ്രീത് സിംഗിൻറെയും കസ്റ്റഡി കാലാവധി നീട്ടിയിട്ടുണ്ട്. ഡൽഹി സർക്കാരിൻറെ എക്സൈസ് നയവുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ മാർ ച്ച് 21 ന് ആണ് അരവിന്ദ് കേജരിവാളിനെ ഇഡി അറസ്റ്റ് ചെയ്തത്. വിചാരണ കോടതി അദ്ദേഹത്തെ ഈ മാസം 15 വരെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടിരുന്നു. പിന്നീടത് 23 വരെയും നീട്ടി.

നേരത്തെ, എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് അറസ്റ്റ് ചെയ്തതിനെതിരേ അരവിന്ദ് കേജരിവാൾ നൽകിയ ഹർജി ഡൽഹി ഹൈക്കോടതി തള്ളിയിരുന്നു. മദ്യനയവുമായി ബന്ധപ്പെട്ട് കേജരിവാൾ ഗൂഢാലോചന നടത്തിയെന്നും ഇടപാടിലൂടെ ലഭിച്ച 45 കോടി രൂപ ഗോവ തെരഞ്ഞെടുപ്പിൽ ഉപയോഗിച്ചെന്നും തെളിവുകൾ വ്യക്തമാക്കുന്നുവെന്നു ജസ്റ്റീസ് സ്വർണ കാന്ത ശർമ വിധിയിൽ പറഞ്ഞിരുന്നു.

## ഇന്ത്യൻ കറിമസാലകൾ മടക്കിയയച്ച് ഹോങ് കോങും സിങ്കപ്പൂരും; പിന്നാലെ മിന്നൽ പരിശോധനയുമായി കേന്ദ്രം

ന്യൂഡൽഹി: ക്യാൻസറിന് കാരണമാകുന്ന പദാർത്ഥം അടങ്ങിയിരിക്കുന്നതായി കാണിച്ച് ഹോങ് കോങും സിങ്കപ്പൂരും ഇന്ത്യൻ കറിമസാലകൾ തിരിച്ചയച്ചതിനുപിന്നാലെ നടപടിയുമായി കേന്ദ്രസർക്കാർ. ഇന്ത്യൻ കറിമസാല നിർമാണ കമ്പനികളായ എം.ഡി.എച്ച്., എവറസ്റ്റ് എന്നിവയുടെ മസാലകളാണ് മടക്കിയച്ചത്. സംഭവത്തിനു പിന്നാലെ ഇന്ത്യയിലൊട്ടാകെയുള്ള മസാല നിർമാണ ഫാക്ടറികളിൽനിന്ന് സാംപിൾ ശേഖരിച്ച് പരിശോധിക്കാനാണ് കേന്ദ്ര സർക്കാരിന്റെ നിർദേശം.

രാജ്യത്തെ എല്ലാ ഭക്ഷ്യ സുരക്ഷാ കമ്മിഷണർമാർക്കും ഇതുസംബന്ധിച്ച നിർദേശം നൽകിയതായി കേന്ദ്രസർക്കാർ അറിയിച്ചു. എം.ഡി.എച്ച്., എവറസ്റ്റ് അടക്കമുള്ള രാജ്യത്തെ എല്ലാ മസാല നിർമാണ കമ്പനികളുടെ ഫാക്ടറികളിൽ നിന്നും സാംപിളുകൾ ശേഖരിക്കുന്ന ദൗത്യം ആരംഭിച്ചു കഴിഞ്ഞു. രാജ്യത്തെ എല്ലാ ഭക്ഷ്യ സുരക്ഷാ കമ്മീഷണർമാർക്കും ഉത്തരവ് അയച്ചിട്ടുണ്ട്. മൂന്ന്, നാല് ദിവസത്തിനുള്ളിൽ രാജ്യത്തുള്ള എല്ലാ മസാല നിർമാണ ഫാക്ടറികളിൽനിന്നും സാംപിളുകൾ ശേഖരിച്ചുകഴിയും. 20 ദിവസത്തിനുള്ളിൽ സാംപിളുകളുടെ പരിശോധനാ റിപ്പോർട്ട് ലഭിക്കുമെന്നും ഉന്നതവൃത്തങ്ങൾ അറിയിച്ചു.

ഇന്റർനാഷണൽ ഏജൻസി ഫോർ റിസർച്ച് ഓൺ ക്യാൻസർ ഗ്രൂപ്പ് 1 കാർസിനോജെൻ വിഭാഗത്തിൽ പെടുത്തിയിട്ടുള്ള എഥലിൻ ഓക്സൈഡ് അടങ്ങിയിരിക്കുന്നു എന്നുകാണിച്ചാണ് ഹോങ് കോങും സിങ്കപ്പൂരും എം.ഡി.എച്ച്., എവറസ്റ്റ് എന്നിവയുടെ മസാലകളുടെ വിൽപന തടഞ്ഞത്. എം.ഡി.എച്ചിന്റെ മദ്രാസ് കറി പൗഡർ, സാമ്പാർ മസാല, കറി പൗഡർ എന്നിവയും എവറസ്റ്റിന്റെ മീൻകറി മസാലയുമടക്കം നാല് മസാലകളുടെ വിൽപനയാണ് ഹോങ് കോങിന്റെ സെന്റർ ഫോർ ഫുഡ് സേഫ്റ്റി (സി.എഫ്.എസ്.) ഏപ്രിൽ അഞ്ചിന് തടഞ്ഞത്.

എവറസ്റ്റിന്റെ മീൻകറി മസാലയുടെ വിൽപനയാണ് സിങ്കപ്പൂർ ഫുഡ് ഏജൻസി (എസ്.എഫ്.എ.) തടഞ്ഞത്. അനുവദനീയമായ അളവിലും കൂടുതലായി എഥലിൻ ഓക്സൈഡ് അടങ്ങിയിരിക്കുന്നു എന്നുകാണിച്ചാണ് സിങ്കപ്പൂർ സർക്കാരും മസാലയുടെ വിൽപനയ്ക്ക് പൂട്ടിട്ടത്. എവറസ്റ്റ് മസാലയുടെ കയറ്റുമതിക്കാരനായ എസ്.പി. മുത്തയ്യാ ആൻഡ് സൺസ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയെ വിവരം അറിയിച്ചിട്ടുണ്ടെന്നും അവർ ഉൽപന്നങ്ങൾ ഉടൻ തിരിച്ചുകൊണ്ടുപോകുമെന്നും ഏപ്രിൽ 18ന് സിങ്കപ്പൂർ ഔദ്യോഗിക വെബ്സൈറ്റിൽ പങ്കുവെച്ച റിപ്പോർട്ടിൽ പറയുന്നു.

സംഭവത്തെക്കുറിച്ച് എം.ഡി.എച്ച്., എവറസ്റ്റ് കമ്പനികൾ ഇതുവരെയും പ്രതികരിച്ചിട്ടില്ല. എഥലിൻ ഓക്സൈഡ് അടങ്ങിയ ഭക്ഷണപദാർത്ഥങ്ങൾ വിൽക്കുന്നതിന് ഇന്ത്യയിലും വിലക്കുണ്ട്. പരിശോധനകളിൽ മസാലകളിൽ എഥലിൻ ഓക്സൈഡ് അടങ്ങിയിട്ടുണ്ട് എന്ന് കണ്ടെത്തിയാൽ കടുത്ത ശിക്ഷാനടപടികൾ സ്വീകരിക്കുമെന്ന് ഉന്നതഉദ്യോഗസ്ഥർ അറിയിച്ചു. ക്രിമിനൽ കേസ് അടക്കം എടുക്കാനുള്ള വകുപ്പുള്ള കുറ്റകൃത്യമാണ് ഇതെന്നും ഉദ്യോഗസ്ഥർ പറയുന്നു.

വാണിജ്യവ്യവസായ മന്ത്രാലയത്തിന് കീഴിലെ സ്പൈസ് ബോർഡുമായി ചേർന്ന് രാജ്യത്താകമാനം ഇതുസംബന്ധിച്ച് അവബോധം നൽകാനുള്ള പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നതായും ഉന്നതവൃത്തങ്ങൾ പറയുന്നു. ഇന്ത്യയിലെ മസാല ഫാക്ടറികളിൽ മിക്കപ്പോഴും ഭക്ഷസുരക്ഷാ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലുള്ള പരിശോധനകൾ നടക്കാറുണ്ട്. എന്നാൽ എഥലിൻ ഓക്സൈഡ് അടക്കം മനുഷ്യന് ഹാനികരമായ വസ്തുക്കൾ കണ്ടെത്തിയിട്ടില്ലെന്നും ഉദ്യോഗസ്ഥർ പറയുന്നു

# ദൃശ്യം മോഡൽ കൊലപാതകം ആലപ്പുഴയിൽ രണ്ടാംതവണ

ആലപ്പുഴ: പൂങ്കാവിൽ അറുപതുകാരിയെ സഹോദരൻ കൊന്ന് വീട്ടുവളപ്പിൽ കുഴിച്ചുമൂടിയ വാർത്ത പുറത്തുവരുമ്പോൾ തെളിയുന്നത് ആലപ്പുഴയിൽ വർഷങ്ങൾക്കു മുമ്പു നടന്ന മറ്റൊരു ദൃശ്യം മോഡൽ കൊലപാതകം.

ദൃശ്യം എന്ന ജനപ്രിയ സിനിമയിൽ, നായക കഥാപാത്രം ഒരു മൃതദേഹം തൻറെ വീട്ടിൽ മറവുചെയ്ത രംഗമാണ് ഇത്തരം കൊലപാതകങ്ങൾക്കു പ്രചോദനമെന്ന് പരക്കെ വിമർശനമുയർന്നിരുന്നു. 2022 സെപ്റ്റംബർ 26ന് ആലപ്പുഴ സ്വദേശി ബിന്ദുമോനെ ചങ്ങനാശേരിയിൽ വെട്ടിക്കൊലപ്പെടുത്തിയ കേസാണത്.

ആലപ്പുഴ ആര്യാട് നിന്ന് കാണാതായ ബിന്ദുമോൻ പ്രാദേശിക ബിജെപി പ്രവർത്തകനായിരുന്നു. അന്ന് ഒരാഴ്ചയ്ക്കു ശേഷം ഒക്ടോബർ ഒന്നിനാണ് ബിന്ദുമോൻറെ മൃതദേഹം കോട്ടയം ജില്ലയിലെ ചങ്ങനാശേരി ടൗണിൻറെ പ്രാന്തപ്രദേശത്തുള്ള പൂവം എസി കോളനിയിൽ കേസിലെ മുഖ്യപ്രതി മുത്തുകുമാറിൻറെ വീടിൻറെ തറയിൽ കുഴിച്ചിട്ട നിലയിൽ കണ്ടെത്തിയത്. ബിന്ദുമോൻറെ സുഹൃത്തായിരുന്ന മുത്തുകുമാറിനെ ആലപ്പുഴയിൽനിന്നാണ് അറസ്റ്റ് ചെയ്തത്. നാലുപേർ ചേർന്ന് വളരെ ആസൂത്രിതമായാണ് അന്നു ബിന്ദുമോനെ കൊലപ്പെടുത്തിയത്. ബിന്ദുമോന് തൻറെ ഭാര്യയുമായി അവിഹിത ബന്ധമുണ്ടെന്ന മുത്തുകുമാറിൻറെ സംശയമാണ് കൊലപാതകത്തിൽ കലാശിച്ചത്.

മാസങ്ങളോളം നീണ്ട ആസൂത്രണത്തിനു ശേഷമാണ് മുത്തുകുമാറും സുഹൃത്തുക്കളും ചേർന്ന് ബിന്ദുമോനെ കൊന്നു വീടിൻറെ തറയിൽ കുഴിച്ചിട്ടത്. സെപ്തംബർ 26ന് മുത്തുകുമാർ ബിന്ദുമോനെ മദ്യസത് കാരത്തിനെന്ന വ്യാജേന വീട്ടിലേക്കു വിളിച്ചുവരുത്തുകയും അതേസമയം വീട്ടിലുണ്ടായിരുന്ന മുത്തുകുമാറിൻറെ സുഹൃത്തുക്കളായ വിപിനും ബിനോയിയും ഒരുമിച്ച് മദ്യപിക്കുന്നതിനിടെ ബിന്ദുകുമാറിനെ ആക്രമിച്ച് കൊലപ്പെടുത്തുകയായിരുന്നു. പിന്നീട് പ്രതികളെ രക്ഷപ്പെടാൻ സഹായിച്ച വരുൺ എന്നയാളും കേസിൽ അറസ്റ്റിലായിരുന്നു.

# ഉമ്മൻചാണ്ടിയുടെ ഓർമകളുമായി വോട്ടഭ്യർഥിച്ച് മറിയം ഉമ്മൻ

ആലപ്പുഴ: അന്തരിച്ച മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ ഓർമകളുമായാണ് മകൾ ഡോ. മറിയാ ഉമ്മൻ ആലപ്പുഴയിൽ എത്തിയത്. യുഡിഎഫ് സ്ഥാനാർഥി കെ. സി. വേണുഗോപാലിൻറെ തെരഞ്ഞെടുപ്പ് പ്രചാരണത്തിൻറെ ഭാഗമായുള്ള വിവിധ കുടുംബസംഗമങ്ങളിൽ മറിയാ ഉമ്മൻ പങ്കെടുത്തു.

ആലപ്പുഴ, അമ്പലപ്പുഴ, ഹരിപ്പാട്, കായംകുളം എന്നിവിടങ്ങളിൽ സംഘടിപ്പിച്ച കുടുംബസംഗമം മറിയം ഉമ്മൻ ഉദ്ഘാടനം ചെയ്തു. എല്ലാ പൊതുതെരഞ്ഞെടുപ്പുകളിലും തൻറെ പിതാവ് പ്രചാരണപരിപാടികളിൽ മുന്നിൽ ഉണ്ടാകുമായിരുന്നു എന്ന് മറിയം പറഞ്ഞു. എത്ര ക്ഷീണിതനായാലും ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായാലും അതൊക്കെ കാര്യമാക്കാതെയായിരുന്നു രാഷ്ട്രീയജീവിതം എന്നും മറിയം ഓർത്തെടുത്തു.

കേന്ദ്രസംസ്ഥാന മന്ത്രിയായിരുന്നപ്പോൾ മാതൃകാപരമായ ജനക്ഷേമ പ്രവർത്തനങ്ങൾ നടത്തിയ നേതാവാണ് കെ. സി. വേണുഗോപാൽ. രാഹുൽ ഗാന്ധിക്കൊപ്പം മതേതര ഇന്ത്യക്കായി പ്രവർത്തിക്കുന്ന കെ. സി. വേണുഗോപാലിനെ വിജയപ്പിക്കേണ്ടത് നാടിന്റെ ആവശ്യമാണെന്നും മറിയ ഉമ്മൻ പറഞ്ഞു. ജോൺ ജോസഫ്, അഡ്വ. ബി. രാജശേഖരൻ, അഡ്വ. വി. ഷുക്കൂർ, ബിന്ദു ജയൻ, അനിൽ തോമസ്, ആർ. കെ. സുധീർ, കിഷോർ ബാബു തുടങ്ങിയ യുഡിഎഫ് നേതാക്കളും വിവിധ കുടുംബസംഗമങ്ങളിൽ പങ്കെടുത്തു.

# ക്രെയിനുകളുമായി ഏഴാമത്തെ കപ്പലും വിഴിഞ്ഞം തീരത്തെത്തി

വിഴിഞ്ഞം: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ ത്തിനാവശ!്യമായ ക്രെയിനുകളുമായി ചൈനയിൽ നിന്നുള്ള ഏഴാമത്തെ കപ്പലും ഇന്നലെ വാർഫിലടുത്തു.

ഒന്നാംഘട്ടത്തിന് ഇനിയും വേണ്ട അഞ്ച്ക്രെയിനുകളുമായി അവസാന കപ്പൽ അടുത്തയാഴ്ചയോടെ തുറമുഖത്ത് എത്തും. രണ്ട് കൂറ്റൻ ഷിപ്പ് ടു ഷോർ ക്രെയിനുകളും നാല് യാർഡ് ക്രെയിനുകളുമായി ഷെൻഹുവാ സീരീസിലെ 35 ാമൻ ഇന്നലെ ഉച്ചയോടെയാണ് വിഴിഞ്ഞം തുറമുഖത്ത് എത്തിയത്.

രാവിലെ പുറംകടലിൽ നങ്കൂരമിട്ട കപ്പലിനെ അദാനിയുടെ വക ഹൈസ്പീഡ് ടഗ്ഗായ ഡോൾഫിനും മറ്റ് രണ്ട് ടഗ്ഗുകളും ചേർന്ന് തീരത്തടുപ്പിച്ചു. തീരദേശ പോലീസിൻറെ പട്രോൾ ബോട്ടും മൂന്ന് വാടക വള്ളങ്ങളും സുരക്ഷിതമായ വഴിയൊരുക്കി . ഒന്നാം ഘട്ട നിർമാണത്തിനാവശ്യമായ 32 ക്രെയിനുകളിൽ 27 എണ്ണവും എത്തിക്കഴിഞ്ഞു. ഇനി വേണ്ട അഞ്ച് ക്രെയിനുകളുമായി ഷെൻഹുവ 34 ചൈനീസ് തുറമുഖമായ ഷാംങ്ഹായിൽ നിന്ന് വിഴിഞ്ഞം ലക്ഷ്യമാക്കി തിരിച്ചതായാണറിവ്.

# വീട്ടിൽ അതിക്രമിച്ചു കയറാൻ ശ്രമം: ബംഗാൾ സ്വദേശി അറസ്റ്റിൽ

നേമം : കമ്പികൊണ്ട് വാതിൽ തകർത്ത് ആളില്ലാത്ത വീട്ടിൽ അതിക്രമിച്ച് കയറാൻ ശ്രമിച്ച പശ്ചിമ ബംഗാൾ സ്വദേശിയെ നേമം പോലീസ് അറസ്റ്റ് ചെയ്തു. ബംഗാൾ ജയ്പാൽഗുഡി, ചന്നാഡിപ്പ സ്വദേശി വിഷ്ണു റോയി (22) ആണ് പിടിയിലായത്.

പാപ്പനംകോട് വാഴവിളയിൽ അനുകൃഷ്ണൻ എന്നയാളുടെ വീട്ടിലായിരുന്നു ഞായറാഴ്ച വൈകിട്ട് പ്രതി മോഷണ ശ്രമം നടത്തിയത്. സംഭവസമയത്ത് വീട്ടിൽ ആരും ഉണ്ടായിരുന്നില്ല. വീട്ടുകാർ മടങ്ങി എത്തിയപ്പോഴായിരുന്നു വീടിൻറെ മുൻവശത്തെ വാതിൽ കുത്തിപൊളിക്കാൻ ശ്രമം നടത്തിയതായി ശ്രദ്ധയിൽപെട്ടത്.

ഈ സമയം വീടിന് പുറകുവശത്തുണ്ടായിരുന്ന പ്രതി പുറകിലെ വാതിൽ പൊളിക്കാൻ ശ്രമം നടത്തുന്നതിൻറെ ശബ്ദം കേട്ട് വീട്ടുകാർ ഓടിയെത്തിയപ്പോൾ മോഷ്ടാവ് മതിൽ ചാടി ഓടുകയായിരുന്നു. പിന്നീട് സിസിടിവി ദൃശ്യങ്ങളുമായി വീട്ടുടമ പോലീസിൽ പരാതി നൽകാൻ എത്തിയപ്പോൾ ബാറിൽ മദ്യപിച്ച് ബഹളമുണ്ടാക്കിയതിന് പോലീസ് പിടികൂടി കൊണ്ടുവന്ന വിഷ്ണുറോയി അവിടെയുണ്ടായിരുന്നു.

ആളെ തിരിച്ചറിഞ്ഞ പരാതിക്കാരൻ പോലീസിനെ വിവരം അറിയിക്കുകയും കൂടുതൽ ചോദ്യം ചെയ്തപ്പോൾ പ്രതി കുറ്റം സമ്മതിക്കുകയും ചെയ്തു.

# ഗുണനിലവാരമില്ലാത്ത മരുന്നുകൾ നിരോധിച്ചു

സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ മരുന്ന് പരിശോധനാ ലബോറട്ടറികളിൽ നടത്തിയ ഗുണനിലവാര പരിശോധനയിൽ മാർച്ച് മാസത്തിൽ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയ താഴെ പറയുന്ന മരുന്നു ബാച്ചുകളുടെ വിതരണവും വിൽപ്പനയും സംസ്ഥാനത്ത് നിരോധിച്ചു.

ഈ മരുന്നുകളുടെ സ്റ്റോക്ക് കൈവശമുള്ള വ്യാപാരികളും ആശുപത്രികളും അവ തിരികെ വിതരണക്കാരന് നൽകി വിശദാംശങ്ങൾ ബന്ധപ്പെട്ട ജില്ലാ ഡ്രഗ്സ് കൺട്രോൾ അധികാരികളെ അറിയിക്കണമെന്ന് സംസ്ഥാന ഡ്രഗ്സ് കൺട്രോളർ അറിയിച്ചു. മരുന്നിന്റെ പേര്, ഉല്പാദകർ, ബാച്ച് നമ്പർ, കാലാവധി എന്ന ക്രമത്തിൽ.

1. SCRIBNIL-25, Pregabalin Capsules IP 25 mg, M/s. Sai Healthcare, Village Khera-Nihla, Tehsil, Nalagarh, Distt. Solan, (H.P) - 174 101, SH23JC078, 09/2025.

2. Bimatoprost Ophthalmic Solution 0.03%w/vl, M/s. Protech Teleinks, Mouza Ogli, Suketi Road, Kala Amb, Distt. Sirmour - 173 030 (H.P) OP442301A, 12/2024.

3.Paracetamol Tablets IP, Para tSrong, M/s. Laborate Pharmaceuticals India Ltd., (Unit - II), 31, Rajban Road, Nariwala, Paonta Sahib, H.P, NPST-005, 10/2026.

4.Raap-20 (Rabeprazole Sodium Gastro Resistant Tablets IP 20mg), M/s. Renowed Life Science, HACCP, Plot NO. 12, Sector-6B, SIDCUL, Haridwar, UA-249 403, RT630723, 06/2025.

5.Amoclav-625 (Amoxycillin & Potassium Clavulanate Tablets IP), M/s. Park Pharmaceuticals, Vill. Kalujhanda, Near Nanakpur, The. Baddi, Distt. Solan, H.P -174 103, AMP-101, 09/2024.

6.Telmisartan & Chlorthalidone Tablets (TELMILIX-CT 6.25 Tablets), M/s. Pharmaroots Healthcare, Khsara No. 411, Village Tipra P.O., Barotiwala, Tehsil Baddi, Solan, H.P, PT- 31902, 06/2025.

7.Amlodipine and Atenolol Tablets IP, (Defidin A) M/s. Pure & Cure Healthcare Pvt. Ltd., Plot No. 26A, 27-30, Sector-8A, IIE, SIDCUL, Ranipur, Haridwar-249 403, Uttarakhand , 003D23AW, 03/2025.

8. Methyl Prednisolone Tablets IP 4mg, (Zencort-M4) M/s. Zenon Life Sciences Private Limited, Survey No. 343/p, Bavia Sanand Highway, Modasar, Ahmedabad - 382 220, Gujarat-India ZT23390A, 07/2025.

9.Pantoprazole Gastro-Resistant Tablets IP (PPCURE-40), M/s. ASPO Pharmacueticals LLP, Plot No. 10, HIMUDA, Industrial Area, Phase-IV, Bhatoli Kalan, Baddi, Distt. Solan, (H.P) - 173 205 AT23-1158, 10/2025.

10. Fexofenadine Hydrochloride Tablets IP 120mg (Conifexa-120) M/s. Saphnix Life Sciences, Village-Barotiwala Paonta Sahib, Distt. Sirmour, Himachal Pradesh-173 205 WT680B, 05/2025.

11. Diclofenac Gastro-Resistance Tablets IP 50mg M/s. Agio Pharmaceuticals Ltd., T-82, MIDC, Bhosan, Pune-411 026, T22041 01/2025.

12. Pantoprazole Gastro-Resistant Tablets IP (Pantonis--40), M/s. Renowed Life Science, Plot No. 12, Sector-6B, SIDCUL, Haridwar-249 403, Uttarakhand RT-900923, 08/2025.

13. Glipizide and Metformin Hydrochloride Tablets IP (Glirum-MF) M/s. Skymap Pharmaceuticals Pvt. Ltd., 'B-3, Dev Bhoomi industrial Estate Puhana Iqbalpur Road, Roorkee - 247 667 SPA 230639, 02/2025.

14. Calcium Carbonate, Magnesium, Hydroxide, Zinc Gluconate and Vitamin D3 Suspension (Elacal Suspension) M/s. Cian Healthcare Ltd., Kh. No. 248, Village Sisona, Bhagwanpur, Roorkee, haridwar, Uttarakhand-247 661, AL22157, 10/2024.

# അഗസ്ത്യമലയിലെ ആദിവാസികളോട് വോട്ട് ചോദിക്കാൻ പോലും ആരും വന്നില്ല

കാട്ടാക്കട: അഗസ്ത്യമല നിരകളിലെ ആദിവാസികളെ നേരിൽ കാണാനോ വോട്ട് അഭ!്യർഥിക്കാനോ പോലും ഇതുവരേയും സ്ഥാനാർഥികൾ ആരും കാടുതാണ്ടി എത്തിയില്ല.

എങ്കിലും വിഷമം മാറ്റിവച്ച് അഗസ്ത്യമല നിരകളിലെ ആദിവാസികളായ കാണിക്കാർ വോട്ടിടാൻ എത്തും. പക്ഷേ സഞ്ചരിക്കാൻ വണ്ടി വേണം എന്ന ആവശ!്യമാണ് ഇവർക്കുള്ളത്.

കഴിഞ്ഞ തവണ വനം വകുപ്പിൻറെ ജീപ്പ് നൽകിയിരുന്നു. എന്നാൽ ഇക്കുറി ഇത് സംബന്ധിച്ച് ഒരു അറിയിപ്പും നൽകയിട്ടില്ല. വാഹനമില്ലെങ്കിൽ വോട്ടില്ല എന്നതാണ് ഇവരുടെ പക്ഷം. 20 കിലോമീറ്ററോളം കാടുതാണ്ടി വേണം ഇവർക്ക് വോട്ട് ചെയ്യാൻ എത്തേണ്ടത്.

കോട്ടൂർ ഫോറസ്റ്റ് ഓഫീസിലാണ് വോട്ടിംഗ് സ്റ്റേഷൻ. ആറ്റിങ്ങൽ പാർലമെൻറ് മണ്ഡലത്തിൽ ഉൾപ്പെട്ടതാണ് ആയിരം കാൽ മുതൽ ആമല വരെയുള്ള 10 സെറ്റിൻമെൻറുകൾ. വന!്യമൃഗ ശല!്യം രൂക്ഷമായതിനാൽ കാൽ നടയായി സഞ്ചരിക്കുക ദുഷ്ക്കരമാണെന്നാണ് ഇവർ പറയുന്നത്.

# ജ്വല്ലറികൾ കേന്ദ്രീകരിച്ച് മോഷണം: അന്തർ സംസ്ഥാന കവർച്ചാ സംഘം പിടിയിൽ

കൊച്ചി: ജ്വല്ലറികൾ കേന്ദ്രീകരിച്ച് മോഷണം നടത്തുന്ന അന്തർ സംസ്ഥാന കവർച്ചാ സംഘം മോഷണം നടത്തി മണിക്കൂറുകൾക്കകം കളമശേരി പോലീസിൻറെ പിടിയിലായി. മഹാരാഷ്ട്ര സ്വദേശിയായ അശ്വിൻ !വിജയ് സോളാങ്കി (44), ജ്യോത്സന സൂരജ് കച്ച്വയ് (30), സുചിത്ര കിഷോർ, ! സാലുങ്കെ (52), ജയ സച്ചിൻ ബാദ്ഗുജാ (42) എന്നിവരാണ് അറസ്റ്റിലായത്.

ഇടപ്പള്ളി പുക്കാട്ടുപടി റോഡിൽ പ്രവർത്തിക്കുന്ന രാജധാനി ഗോൾഡ് ആൻഡ് ഡയമണ്ട്സ് ജ്വല്ലറിയിൽ കഴിഞ്ഞ 19നാണ് സംഘം തട്ടിപ്പ് നടത്തിയത്. സ്വർണം വാങ്ങാനെന്ന വ്യാജേന ജ്വല്ലറിയിൽ പ്രവേശിച്ച് 08.500 ഗ്രാം തൂക്കം വരുന്ന 63,720 രൂപ വിലയുള്ള ബംഗാളി മോഡലിലുള്ള സ്വർണ നെക്ലേസും മോഷ്ടിച്ച് ഇവർ മുങ്ങുകയായിരുന്നു.

ഇംഗ്ലീഷ് ഉൾപ്പെടെ വിവിധ ഭാഷകളിൽ പ്രാവീണ്യമുള്ള! ഇവർ നന്നായി വസ്ത്രം ധരിച്ച് കൂട്ടത്തോടെ ജ്വല്ലറിയിൽ എത്തി ആഭരണം തെരഞ്ഞെടുക്കുകയും ജീവനക്കാരുടെ ശ്രദ്ധ തിരിച്ച് ആഭരണം തട്ടിയെടുത്ത് രക്ഷപ്പെടുകയാണ് ഇവരുടെ രീതി. ചെറുകിട ജ്വല്ലറികൾ കേന്ദ്രീകരിച്ചാണ് ഇവരുടെ മോഷണങ്ങൾ കൂടുതലും.

മോഷണ വിവരം അറിഞ്ഞയുടൻ കളമശേരി എസ്എച്ച്ഒ പ്രദീപ് കുമാറിൻറെ നേതൃത്വത്തിൽ !സ്ക്വാഡുകളായി തിരിഞ്ഞും സിസിടിവി കേന്ദ്രീകരിച്ചും മറ്റും നടത്തിയ അന്വേഷണത്തിനൊടുവിലാണ് പ്രതികളെ പിടികൂടിയത്.

സമാനരീതിയിൽ !ആന്ധ്രാപ്രദേശ്, പൂനെ എന്നിവിടങ്ങളിൽ ഇവർ !വിവിധ കുറ്റകൃത്യങ്ങൾ നടത്തിയിടുള്ളതായും ജയിൽ വാസം അനുഭവിച്ചിട്ടുള്ളതായും അന്വേഷണത്തിൽ വ്യക്തമായി. !

പ്രതികൾ ! വിമാന മാർഗമാണ് കൊച്ചിയിലേക്ക് വന്നതെന്ന് മനസിലാക്കിയ പോലീസ് ഇവർ നിലവിൽ ഉപയോഗിക്കുന്ന ഫോൺ നമ്പറടക്കം കണ്ടെത്തി പിന്തുടർന്ന് തൃശൂർ ഭാഗത്തുവച്ച് പിടികൂടുകയായിരുന്നു. പിടികൂടുന്ന സമയം പ്രതികൾ തൃശൂരിൽ തന്നെയുള്ള ഒരു ജ്വല്ലറിയിൽ മോഷണം നടത്താനുള്ള തയാറെടുപ്പിലായിരുന്നുവെന്നും പോലീസ് പറഞ്ഞു. എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷൻ പരിധിയിലെ നക്ഷത്ര ജ്വല്ലറിയിൽ നിന്ന് മൂന്നര പവൻ ! സ്വർണം മോഷ്ടിച്ചതും ഇവർ തന്നെയാണെന്ന് ചോദ്യം ചെയ്യലിൽ പ്രതികൾ സമ്മതിച്ചു.

കളമശേരി ഇൻസ്പെക്ടർ പ്രദീപ് കുമാർ, എസ്ഐ കുര്യൻ ! മാത്യു, മാഹിൻ!, കൃഷ്ണരാജ്, ഷബ്ന എന്നിവർ ഉൾപ്പെട്ട അന്വേഷണ സംഘം അങ്കമാലി പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥരായ അജിത, റെജി, തൃശൂർ സിറ്റി പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥർ! എന്നിവരുടെ സഹായത്തോടെയാണ് പ്രതികളെ പിടികൂടിയത്. നാലു പ്രതികളെ യും കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

## പരാതിലഭിച്ച് ഒരു മണിക്കൂറിനുള്ളിൽ ബൈക്ക് മോഷ്ടിച്ചയാളെ വലയിലാക്കി പോലീസ്

പനമരം: പനമരം ടൗണിലെ പാർക്കിംഗിൽ നിർത്തിയിട്ട ബൈക്ക് മോഷ്ടിച്ച് മുങ്ങിയ മോഷ്ടാവിനെ പനമരം പോലീസ് പിടികൂടി. നിരവധി കേസുകളിൽ പ്രതിയായ ബത്തേരി തൊട്ടിയിൽ ഷഫീഖ് (21) നെയാണ് കുന്ദമംഗലം പോലീസിൻറെ സഹായത്തോടെ കുന്ദമംഗലം സ്റ്റേഷൻ പരിധിയിൽ നിന്നും പിടികൂടിയത്.

ചെറുകാട്ടൂർ സ്വദേശി രാജു സെബാസ്റ്റ്യൻറെ ബൈക്കാണ് ഇയാൾ മോഷിച്ചത്. ബത്തേരി ഹോമിയോ ആശുപത്രി ജീവനക്കാരനായ രാജു ബൈക്ക് രാവിലെ ഏഴേമുക്കാലോടെ പനമരം ടൗണിൽ ബൈക്ക് പാർക്കിംഗിൽ നിർത്തിയിട്ട് ജോലിക്ക് പോയതാണ്. വൈകുന്നേരം 3.15 ന് തിരികെ എത്തിയപ്പോഴാണ് ബൈക്ക് മോഷണം പോയതായി അറിഞ്ഞത്.

തുടർന്ന് നാലേകാലോടെ പനമരം സ്റ്റേഷനിൽ പരാതി നൽകുകയും പോലീസിൻറെ പെട്ടെന്നുള്ള ഇടപെടൽ കൊണ്ട് അഞ്ചോടെ തന്നെ മോഷ്ടാവിനെ ബൈക്കു സഹിതം പിടികൂടുകയുമായിരുന്നു. ഇൻസ്പെക്ടർ എസ്എച്ച്ഒ വി. സിജിത്തിൻറെ നേതൃത്വത്തിൽ എസ്ഐ കെ. ദിനേശ്, എഎസ്ഐ വി. ടി. സുലോചന, സിവിൽ പോലീസ് ഓഫീസർമാരായ എൻ. ശിഹാബ്, എ. ധനേഷ് എന്നിവരാണ് അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നത്.

# വൈറൽ ഹെപ്പറ്റൈറ്റിസ് പ്രതിരോധിക്കാൻ ജാഗ്രത പാലിക്കണം: ജില്ലാ മെഡിക്കൽ ഓഫീസർ

വൈറൽ ഹെപ്പറ്റൈറ്റിസ് പ്രതിരോധിക്കാൻ ജാഗ്രത പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ.

വൈറൽ ഹെപ്പറ്റൈറ്റിസ് മൂലമുണ്ടാകുന്ന കരൾ വീക്കത്തിന് കാരണമാകുന്ന വൈറസുകൾ ഹെപ്പറ്റൈറ്റിസ് എ,ബി,സി,ഡി, ഇ എന്നിവയാണ്.

കരളിനെ ബാധിക്കുന്ന ഹെപ്പറ്റൈറ്റിസ് വകഭേദങ്ങളായ ബി, ഡി,സി എന്നിവ പകരുന്നത് അണുവിമുക്തമാക്കാത്ത സൂചിയിലൂടെയും ഉപകരണങ്ങളിലൂടെയും സുരക്ഷിതമല്ലാത്ത രക്തം സ്വീകരിക്കുന്നതിലൂടെയും സുരക്ഷിതമല്ലാത്ത ലൈംഗികബന്ധത്തിലൂടെയും രോഗബാധിതയായ അമ്മയിൽ നിന്നും കുഞ്ഞിലേക്കും ആണ്.

ഹെപ്പറ്റൈറ്റിസ് എയും ഇയും പകരുന്നത് മലിനമായ ഭക്ഷണത്തിലൂടെയും വെള്ളത്തിലൂടെയും ആണ്.

***ഹെപ്പെറ്റൈറ്റിസ് എ, ഇ രോഗങ്ങളെ ചെറുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ***

തിളപ്പിച്ചാറ്റിയ വെള്ളം മാത്രം കുടിക്കുക.

നന്നായി പാചകം ചെയ്ത ഭക്ഷണം മാത്രം കഴിക്കുക.

ഭക്ഷണം പാചകം ചെയ്യുന്ന അവസരങ്ങളിലും, വിളമ്പുമ്പോഴും കഴിക്കുന്ന സമയത്തും കൈകൾ ശുചിയാണെന്ന് ഉറപ്പു വരുത്തുക.

മലമൂത്ര വിസർജ്ജനത്തിനു ശേഷം സോപ്പ് ഉപയോഗിച്ച് കൈകൾ ശുചിയാക്കുക.

ശൗചാലയത്തിൽ മാത്രം മലമൂത്ര വിസർജ്ജനം നടത്തുക.

പാചകത്തൊഴിലാളികൾ, ഹോട്ടലുകൾ, തട്ടുകടകൾ തുടങ്ങിയ ഇടങ്ങളിൽ പാചകം ചെയ്യുന്നവരും വിതരണക്കാരും യഥാസമയം മെഡിക്കൽ സർട്ടിഫിക്കറ്റ് എടുക്കുകയും രജിസ്ട്രേഷൻ പുതുക്കുകയും ചെയ്യേണ്ടതാണ്.

രോഗ ലക്ഷണമുണ്ടെങ്കിൽ ജോലിയിൽ നിന്നും വിട്ടു നിൽക്കുകയും രക്ത പരിശോധന നടത്തുകയും ചെയ്യണം.

ആഘോഷങ്ങൾ, ഉത്സവങ്ങൾ എന്നിവിടങ്ങളിൽ വിതരണം ചെയ്യുന്ന പാനീയങ്ങൾ, ഐസ് എന്നിവ ശുദ്ധജലത്തിൽ മാത്രം തയ്യാറാക്കുക.

***ഹെപ്പെറ്റൈറ്റിസ് ബി, സി രോഗങ്ങൾ ചെറുക്കുന്നതിനുള്ള മാർഗങ്ങൾ***

ഗർഭിണിയായിരിക്കുമ്പോൾ തന്നെ ഹെപ്പറ്റൈറ്റിസ് പരിശോധന നടത്തുക.

കുഞ്ഞുങ്ങൾക്ക് ജനിച്ച ഉടൻ തന്നെ പ്രതിരോധ കുത്തിവയ്പ്പ് നൽകുക.

രക്തം സ്വീകരിക്കേണ്ടി വരുമ്പോൾ അംഗീകൃത രക്തബാങ്കുകളിൽ നിന്ന് മാത്രം സ്വീകരിക്കുക.

സുരക്ഷിതമല്ലാത്ത ലൈംഗിക ബന്ധത്തിൽ ഏർപ്പെടരുത് .

അശാസ്ത്രീയമായ രീതിയിൽ ടാറ്റു ചെയ്യരുത്.

ഷേവിംഗ് റേസറുകൾ, ബ്ലേഡ്, ടൂത്ത് ബ്രഷ് എന്നിവ പങ്കുവയ്ക്കാതിരിക്കുക.

കാത്, മൂക്ക് എന്നിവ കുത്താനും പച്ച കുത്താനും ഉപയോഗിക്കുന്ന ഉപകരണങ്ങൾ അണുവിമുക്തമാക്കിയതാണെന്ന് ഉറപ്പു വരുത്തുക.

രോഗം പിടിപെടാൻ ഇടയുള്ള ഏതെങ്കിലും സാഹചര്യത്തിൽപ്പെട്ടാൽ രക്ത പരിശോധന നടത്തി രോഗബാധ തിരിച്ചറിഞ്ഞ് ചികിത്സ തേടുക.

സിറിഞ്ചും സൂചിയും പുനരുപയോഗിക്കുകയോ, ഒരാൾ ഉപയോഗിച്ചത് മറ്റൊരാൾ ഉപയോഗിക്കുകയോ ചെയ്യരുത്.

ലഹരിമരുന്ന് കുത്തിവയ്ക്കുന്ന സൂചിയും സിറിഞ്ചും പങ്കിടുന്നത് ഹെപ്പറ്റൈറ്റിസ് ബി, സി, ഡി പകരാൻ പ്രധാന കാരണമാകുന്നു.

രോഗ ലക്ഷണങ്ങൾ കണ്ട് തുടങ്ങുമ്പോൾ തന്നെ പരിശോധന നടത്തുകയും ചികിത്സ തേടുകയും ചെയ്യുക.

രോഗസാദ്ധ്യതയുള്ള തൊഴിലുകളിൽ ഏർപ്പെടുന്നവർ പ്രതിരോധ കുത്തിവയ്പ്പ് എടുക്കണമെന്നും ഡി.എം.ഒ. നിർദ്ദേശിച്ചു.

# വിവിധ രോഗങ്ങൾക്ക് സൗജന്യ ചികിത്സ

ഗവ.ആയുർവേദ കോളേജിൽ പി.ജി ഡെസർട്ടേഷന്റെ ഭാഗമായി വിവിധ രോഗങ്ങൾക്ക് ഗവേഷണാടിസ്ഥാനത്തിൽ സൗജന്യ ചികിത്സ നൽകുന്നതായി പ്രിൻസിപ്പാൾ അറിയിച്ചു. പാർക്കിൻസൺസ് രോഗത്തിന് ഗവ.ആയുർവേദ കോളേജ് ആശുപത്രിയിലും പൂജപ്പുര പഞ്ചകർമ്മ ആശുപത്രിയിലും വിളർച്ച (18 മുതൽ 50 വയസ് വരെ), പ്രമേഹ സംബന്ധമായ നാഡീരോഗം (40 മുതൽ 70 വയസ് വരെ), മൂത്രാശയ കല്ല് ( 20 മുതൽ 60 വയസ് വരെ) , ഉറക്കമില്ലായ്മ ( 20 മുതൽ 60 വയസ് വരെ) എന്നിവയ്ക്ക് ഗവ.ആയുർവേദ കോളേജ് ആശുപത്രിയിലും സൗജന്യ ചികിത്സ ലഭ്യമാണ്.കൂടുതൽ വിവരങ്ങൾക്ക് താഴെക്കാണുന്ന നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.പാർക്കിൻസൺസ് രോഗം ഗവ.ആയുർവേദ കോളേജ് 7907534439, പൂജപ്പുര പഞ്ചകർമ്മ ആശുപത്രി 8129787020 വിളർച്ച ഗവ.ആയുർവേദ കോളേജ് 8281250035പ്രമേഹ സംബന്ധമായ നാഡീരോഗം 8075668150മൂത്രാശയ കല്ല് 7012182061 ഉറക്കമില്ലായ്മ 9744209079

# ഏപ്രിൽ 26ന് അവധി

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് ദിനമായ ഏപ്രിൽ 26ന് സംസ്ഥാനത്തെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ടിന്റെ പരിധിയിൽ വരുന്ന എല്ലാ സർക്കാർ, അർധസർക്കാർ, വാണിജ്യ സ്ഥാപനങ്ങൾക്കും അവധി പ്രഖ്യാപിച്ച് സർക്കാർ ഉത്തരവു പുറപ്പെടുവിച്ചു.

# കൊട്ടിക്കലാശത്തിന് രാഹുൽ ഗാന്ധിയില്ല; ആവേശം കുറയ്ക്കുമോ എന്ന് ആശങ്ക

കോഴിക്കോട്: സംസ്ഥാനത്തു പരസ്യപ്രചാരണം നാളെ അവസാനിക്കാനിരിക്കേ രാഹുൽ ഗാന്ധിയുടെ അഭാവം മലബാറിൽ ആവേശം കുറയ്ക്കുമോ എന്ന ആശങ്കയിൽ യുഡിഎഫ്. വയനാട്ടിൽ രാഹുൽഗാന്ധി നല്ല ഭൂരിപക്ഷത്തിൽ വിജയിക്കുമെന്ന കാര്യത്തിൽ സംശയമേതുമില്ലെങ്കിലും ഇഞ്ചോടിഞ്ച് പോരാട്ടം നടക്കുന്ന കോഴിക്കോട്, വടകര, കണ്ണൂർ മണ്ഡലങ്ങളിൽ അതല്ല അവസ്ഥ.

അതുകൊണ്ടുതന്നെ അവസാനഘട്ടത്തിൽ രാഹുൽ ഗാന്ധിയുടെ വരവും അതു സൃഷ്ടിക്കുന്ന ആവേശവും യുഡിഎഫ് വൃത്തങ്ങൾ ഏറെ ആഗ്രഹിച്ചിരുന്നു. അപ്രതീക്ഷിതമായുണ്ടായ ആരോഗ്യപ്രശ്നങ്ങളാലാണു രാഹുലിൻറെ കൊട്ടിക്കലാശ പ്രചാരണങ്ങൾ ഇല്ലാതായത്. വയനാട്ടിൽ ഇന്നും നാളെയുമായി മൂന്നു സ്ഥലത്തായിരുന്നു രാഹുലിൻറെ അവസാനഘട്ട പ്രചാരണം ആസൂത്രണം ചെയ്തിരുന്നത്.

മലബാറിൽ അദ്ദേഹം പ്രചാരണം നടത്തിയെങ്കിലും ഒടുവിലത്തെ സാന്നിധ്യം ഇല്ലാത്തതാണു യുഡിഎഫിനു നിരാശ ഉണ്ടാക്കുന്നത്. കഴിഞ്ഞ തവണയുണ്ടായ രാഹുൽ തരംഗം കേരളത്തിലുടനീളം യുഡിഎഫിനു തുണയായിരുന്നു. ഇരുപതിൽ 19 സീറ്റും ലഭിക്കുകയും ചെയ്തു. ഇത്തവണ 20 സീറ്റും പ്രതീക്ഷിക്കുന്നുണ്ടെങ്കിലും രാഹുൽ ഇഫക്ട് എത്രത്തോളമുണ്ടെന്ന കാര്യത്തിൽ യുഡിഎഫ് കേന്ദ്രങ്ങളിൽ തന്നെ സംശയങ്ങളുണ്ട്.

കഴിഞ്ഞ തവണ കാസർഗോട്ടും കണ്ണൂരിലും വടകരയിലും കോഴിക്കോടും മികച്ച വിജയമാണ് യുഡിഎഫ് സ്ഥാനാർഥികൾക്ക് ലഭിച്ചത്. ഇതിന് കാരണം രാഹുൽ ഗാന്ധി കേരളത്തിൽ മത്സരിച്ചതും അദ്ദേഹം പ്രധാനമന്ത്രിയാകുമെന്ന ചിന്ത ന്യൂനപക്ഷങ്ങൾക്കിടയിൽ സൃഷ്ടിക്കാൻ കഴിഞ്ഞതുമായിരുന്നു.

വയനാട്ടിൽത്തന്നെ രാഹുൽ മത്സരിക്കുന്നുണ്ടെങ്കിലും കഴിഞ്ഞ തവണത്തെപോലുള്ള തരംഗം ഇക്കുറി യുഡിഎഫ് പോലും പ്രതീക്ഷിക്കുന്നില്ല. അതിനിടയിലാണ് രാഹുലിൻറെ അവസാനഘട്ടത്തിലെ അഭാവം.

അതിനിടെ മുഖ്യമന്ത്രി പിണറായി വിജയനെതിരായ രാഹുലിൻറെ ചില പരാമർശങ്ങൾ ബൂമറാംഗ് ആയെന്ന വിലയിരുത്തലുമുണ്ട്.

# ക്രിമിനൽ കേസ് പ്രതിയായ ഗുണ്ടാനേതാവ് പോലീസ് പിടിയിൽ

തിരുവല്ല: വധശ്രമം അടക്കം ഒട്ടനവധി ക്രിമിനൽ കേസുകൾ പ്രതിയായ ഗുണ്ടാ നേതാവ് പോലീസിൻറെ പിടിയിലായി. നെടുമ്പ്രം കല്ലുങ്കൽ കാരാത്ര കോളനിയിൽ കണ്ണാറച്ചിറ വീട്ടിൽ വിഷ്ണു ഉല്ലാസാണ് (26 ) പിടിയിലായത്.

കഴിഞ്ഞ മാർച്ച് പത്തിനു വാർഡ് മെംബർ ബീന സാമിൻറെ മുഖത്ത് കുരുമുളക് സ്പ്രേ അടിച്ച ശേഷം ആക്രമിച്ച കേസിൽ കാപ്പ ചുമത്തിയതിനെതുടർന്ന് ഒളിവിൽ പോയ വിഷ്ണുവിനെ ചങ്ങനാശേരിയിലെ ഒളിത്താവളത്തിൽ നിന്നും ശനിയാഴ്ച പുലർച്ചയോടെ തിരുവല്ല ഡിവൈഎസ്പി എസ്. ആഷാദിൻറെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണസംഘം അതിവിദഗ്ധമായി പിടികൂടുകയായിരുന്നു.

പോലീസ് സംഘം ഒളിത്താവളം വളഞ്ഞതറിഞ്ഞ് ഓടി രക്ഷപെടാൻ ശ്രമിച്ച വിഷ്ണുവിനെ ഒരു കിലോമീറ്ററോളം പിന്തുടർന്നശേഷം അതിസാഹസികമായാണ് കീഴ്പ്പെടുത്തിയത്. ഒന്നര വർഷം മുമ്പ് പുളിക്കീഴ് പോലീസ് രജിസ്റ്റർ ചെയ്ത വധശ്രമക്കേസിൽ മാവേലിക്കര സബ്ജയിലിൽ റിമാൻഡിൽ കഴിയവേ ജയിൽ അധികൃതരുടെ കണ്ണുവെട്ടിച്ച് വിഷ്ണു ജയിൽ ചാടിയിരുന്നു. തുടർന്ന് രണ്ടാം ദിനമാണ് ഇയാളെ പിടികൂടി വീണ്ടും ജയിലിൽ അടച്ചത്.

വിഷ്ണുവിനെതിരേ തിരുവല്ല, പുളിക്കീഴ് പോലീസ് സ്റ്റേഷനുകളിൽ മാത്രം പത്തോളം കേസുകൾ നിലവിലുള്ളതായി ഡിവൈഎസ്പി എസ്. ആഷാദ് പറഞ്ഞു. ബൈക്കിലെത്തി മാലപൊട്ടിക്കൽ, കഞ്ചാവ് വില്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങളിലും വിഷ്ണു ഏർപ്പെട്ടിട്ടുള്ളതായി വിവരം പോലീസിന് ലഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം പുരോഗമിക്കുകയാണെന്ന് പോലീസ് പറഞ്ഞു.

പ്രത്യേക സംഘാംഗങ്ങളായ സീനിയർ സിവിൽ പോലീസ് ഓഫീസറന്മാരായ അഖിലേഷ്, മനോജ്, സിപിഒ അഭിലാഷ് എന്നിവർ അടങ്ങുന്ന സംഘമാണ് പ്രതിയെ പിടികൂടിയത്. തിരുവല്ല കോടതിയിൽ ഹാജരാക്കിയ ഇയാളെ റിമാൻഡ് ചെയ്തു.

പ്രതിയെ കാപ്പ ചുമത്തി നാടുകടത്തുന്നതടക്കമുള്ള മേൽനടപടികൾ സ്വീകരിക്കുമെന്ന് ഡിവൈഎസ്പി എസ്. ആഷാദ് പറഞ്ഞു.

## മാർത്തോമ്മ റിട്ട. ടീച്ചേഴ്സ് സംസ്ഥാന സമ്മേളനം മേയ് എട്ടിന് തിരുവല്ലയിൽ

തിരുവല്ല: മാർത്തോമ്മ സ്കൂൾസ് റിട്ട. ടീച്ചേഴ്സ് ഫെലോഷിപ്പിൻറെ 32ാമത് സംസ്ഥാന സമ്മേളനം മേയ് എട്ടിനു രാവിലെ പത്തിന് തിരുവല്ല എസ്സിഎസ് സ്കൂൾ പ്രെയർ ഹാളിൽ നടക്കും. തോമസ് മാർ തിമോത്തിയോസ് എപ്പിസ്കോപ്പ ഉദ്ഘാടനം ചെയ്യും. സംസ്ഥാന പ്രസിഡൻറ് കെ. എം. ഫിലിപ്പ് അധ്യക്ഷത വഹിക്കും.

സംസ്ഥാന അധ്യാപക അവാർഡ്, ഗുരുശ്രേഷ്ഠ പുരസ്ക്കാരം എന്നിവ നേടിയവരെയും 75 വയസ് പൂർത്തിയായവരെയും ആദരിക്കും. ലേഖന മത്സര വിജയികൾക്കുള്ള കാഷ് അവാർഡുകൾ വിതരണം ചെയ്യും.

പൊതുയോഗത്തിൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കും. മാർത്തോമ്മ എൽപി, യുപി ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂളുകളിൽ നിന്നു വിരമിച്ച അധ്യാപകർ പങ്കെടുക്കും. പങ്കെടുക്കുന്നവർ 30നകം പേര് രജിസ്റ്റർ ചെയ്യണമെന്ന് സെക്രട്ടറി എ. വി. ജോർജ് അറിയിച്ചു. ഫോൺ: 9446349901.

# രാജീവ് ചന്ദ്രശേഖറിൻെറ പത്രിക തള്ളണം; ഹർജി ഹൈക്കോടതി തള്ളി

കൊച്ചി: തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തിലെ എൻഡിഎ സ്ഥാനാർഥി രാജീവ് ചന്ദ്രശേഖറിൻറെ നാമനിർദേശ പത്രിക നിരസിക്കണമെന്നാവശ്യപ്പെട്ടുള്ള ഹർജി ഹൈക്കോടതി തള്ളി. തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ തുടങ്ങിയ സാഹചര്യത്തിൽ ഹർജിയിൽ ഇടപെടാനാകില്ലെന്ന് കോടതി നിരീക്ഷിച്ചു. വരണാധികാരി പത്രിക സ്വീകരിച്ച് കഴിഞ്ഞതിനാൽ വിഷയം തെരഞ്ഞെടുപ്പ് ഹർജിയിലൂടെയേ ഇനി ഉന്നയിക്കാനാകുവെന്നും കോടതി ചൂണ്ടിക്കാട്ടി.

ജസ്റ്റീസുമാരായ വി.ജി. അരുൺ, എസ്. മനു എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ചിൻറേതാണ് നടപടി. രാജീവ് ചന്ദ്രശേഖറിൻറെ നാമനിർദേശ പത്രിക സ്വീകരിച്ചത് നിയമ വിരുദ്ധമാണെന്നും ഇത് റദ്ദാക്കണമെന്നും ആവശ്യപ്പെട്ട് കോൺഗ്രസ് പ്രവർത്തക ആവണി ബൻസാൽ, ബംഗളുരു സ്വദേശി രഞ്ജിത് തോമസ് എന്നിവരാണ് കോടതിയെ സമീപിച്ചത്.

നാമനിർദേശ പത്രികയ്ക്കൊപ്പം നൽകിയ സത്യവാംങ്മൂലത്തിൽ സ്വത്ത് വിവരങ്ങൾ രാജീവ് ചന്ദ്രശേഖർ മറച്ചുവെച്ചുവെന്നായിരുന്നു ആക്ഷേപം. എന്നാൽ പോസ്റ്റൽ ബാലറ്റ് പോളിംഗ് വരെ നടന്നുകഴിഞ്ഞെന്ന് തെരഞ്ഞെടുപ്പ്കമ്മീഷൻ കോടതിയിൽ ചൂണ്ടിക്കാട്ടിയിരുന്നു.

# സമ്മർ സ്പെഷൽ: രാജ്യത്ത് 9,111 ട്രിപ്പുകളുമായി റെയിൽവേ

കൊല്ലം: മധ്യവേനൽ അവധിയുടെ തിരക്ക് ഒഴിവാക്കുന്നതിന് റെയിൽവേ രാജ്യത്താകമാനം വിവിധ റൂട്ടുകളിൽ 9,111 സ്പെഷൽ ട്രെയിനുകൾ സർവീസ് നടത്തും. 2023ൽ റെയിൽവേ 6,369 സമ്മർ സ്പെഷൽ സർവീസുകളാണ് നടത്തിയത്. ഇത്തവണ കൂടുതലായി ഓടിക്കുന്നത് 2,742 ട്രിപ്പുകളാണ്.

ട്രിപ്പുകളുടെ എണ്ണം സോൺ തിരിച്ച് ഇങ്ങനെയാണ്: സെൻട്രൽ 488,ഈസ്റ്റേൺ 254,ഈസ്റ്റ് സെൻട്രൽ 1,003,ഈസ്റ്റ് കോസ്റ്റ്102,നോർത്ത് സെൻട്രൽ142.നോർത്ത് ഈസ്റ്റേൺ 244,വടക്ക് കിഴക്കൻ അതിർത്തി88,വെസ്റ്റേൺ 778,നോർത്ത് വെസ്റ്റേൺ 1,623.സൗത്ത് സെൻട്രൽ 1,012,സൗത്ത് ഈസ്റ്റേൺ 276,സൗത്ത് ഈസ്റ്റ് സെൻട്രൽ810, വെസ്റ്റ് സെൻട്രൽ 1,878.

ദക്ഷിണ റെയിൽവേ 16 റൂട്ടുകളിലായി 239 ട്രിപ്പുകളാണ് ക്രമീകരിച്ചുള്ളത്. കേരളം, തമിഴ്നാട്, കർണാടക, രാജസ്ഥാൻ, ബിഹാർ, ന്യൂഡൽഹി, പശ്ചിമ ബംഗാൾ, ഗുജറാത്ത് തുടങ്ങി സംസ്ഥാനങ്ങളെ ബന്ധിപ്പിച്ചാണ് ഈ സർവീസുകളെന്ന് ദക്ഷിണ റെയിൽവേ അധികൃതർ അറിയിച്ചു.

കൊച്ചുവേളിബംഗളൂരു, ചെന്നൈകൊച്ചുവേളി, തിരുനെൽവേലിചെന്നൈ, കൊച്ചുവേളിഷാലിമാർ, ചെന്നൈബാർമർ, കൊച്ചുവേളി നിസാമുദീൻ, നിസാമുദീൻ എറണാകുളം, താംബരം മംഗളുരു, ഈറോഡ് ഉദ്ന, എറണാകുളംപട്ന, കോയമ്പത്തൂർബറൂണി തുടങ്ങിയ റൂട്ടുകളിലായിരിക്കും ദക്ഷിണ റെയിൽവേ സമ്മർ സ്പെഷൽ സർവീസുകൾ നടത്തുക.

ഇത് കൂടാതെ യാത്രക്കാരുടെ സൗകര്യാർഥം വന്ദേ ഭാരത് സ്പെഷൽ ട്രെയിനുകൾ ചെന്നൈ എഗ്മോറിനും നാഗർകോവിലിനും മധ്യേ ഓടിക്കുമെന്നും ദക്ഷിണ റെയിൽവേ അധികൃതർ അറിയിച്ചു. വേനൽക്കാലത്ത് സ്റ്റേഷനുകളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ എല്ലാ സോണൽ അധികാരികൾക്ക് റെയിൽവേ നിർദേശം നൽകിയിട്ടുണ്ട്. സമ്മർ സ്പെഷൽ ട്രെയിനുകളിലെ ജനറൽ ക്ലാസ് കോച്ചുകളിൽ പ്രവേശിക്കുന്നതിന് ക്യൂ സംവിധാനം ഉറപ്പാക്കാൻ ആർപിഎഫ് ഉദ്യോഗസ്ഥരെ ഉത്തവ സ്റ്റേഷനുകളിൽ പ്രത്യേകം നിയോഗിച്ചിട്ടുണ്ട്.

തിരക്കേറിയ പ്രദേശങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുന്നതിനും യാത്രക്കാർക്ക് തത്സമയം സഹായം നൽകുന്നതിനുമായി സിസിടിവി കൺട്രോൾ റൂമിൽ വിദഗ്ധരായ ഉദ്യോഗസ്ഥരെയും വിന്യസിച്ചിട്ടുണ്ട്.

# യാത്രക്കാർ ഇറങ്ങുന്പോൾ ടിക്കറ്റ് ചാർജ് വാങ്ങുന്നു; കെഎസ്ആർടിസി കണ്ടക്ടറെ വിജിലൻസ് പൊക്കി

വയനാട്: ബംഗളൂരു തിരുവനന്തപുരം റൂട്ടിൽ സർവീസ് നടത്തുന്ന കെഎസ്ആർടിസി സ്കാനിയ ബസിൽ തട്ടിപ്പ് നടത്തിയ കണ്ടക്ടറെ വിജിലൻസ് അറസ്റ്റ് ചെയ്തു. റിസർവേഷൻ ഇല്ലാത്ത സീറ്റിൽ ആളെ കയറ്റി ഇയാൾ പണം തട്ടാൻ ശ്രമിക്കുകയായിരുന്നു.

ഇന്നലെ ഉച്ചയ്ക്ക് 1.45 ന് ബംഗളൂരുവിൽ നിന്ന് പുറപ്പെട്ട സ്കാനിയ മൾട്ടി ആക്സിൽ ബസിലായിരുന്നു സംഭവം. പണം ഇറങ്ങുമ്പോൾ നൽകിയാൽ മതിയെന്ന് പറഞ്ഞ് കണ്ടക്ടർ തങ്ങളെ കയറ്റുകയായിരുന്നുവെന്ന് യാത്രക്കാർ പറഞ്ഞു.

കെഎസ്ആർടിസി വിജിലൻസ് ഓഫീസറുടെ നിർദേശപ്രകാരം നഞ്ചൻഗോഡ് വച്ച് നടത്തിയ പരിശോധനയിൽ ടിക്കറ്റില്ലാത്ത അഞ്ച് യാത്രക്കാരെ കണ്ടെത്തി. പണം ഇറങ്ങുമ്പോൾ നൽകിയാൽ മതിയെന്ന് കണ്ടക്ടർ പറഞ്ഞതായി യാത്രക്കാർ വിജിലൻസിന് മൊഴി നൽകി.

സംഭവത്തിൽ ബസിലെ ഡ്രൈവർ കം കണ്ടക്ടറെ ഡ്യൂട്ടിയിൽ നിന്ന് മാറ്റിയതായും വകുപ്പുതല നടപടിക്കു ശിപാർശ ചെയ്തതായും അധികൃതർ പറഞ്ഞു.

# വാഹനാപകടത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന വർക്ക്ഷോപ്പ് ജീവനക്കാരൻ മരിച്ചു

കൂരോപ്പട: കൂരോപ്പടപാമ്പാടി റോഡിൽ ചെമ്പരത്തിമൂട്ടിലുണ്ടായ വാഹനാപകടത്തിൽ പരിക്കേറ്റു ചികിത്സയിലായിരുന്ന വർക്ക്ഷോപ്പ് ജീവനക്കാരൻ മരിച്ചു. ആറുമാനൂർ കളപ്പുരയ്ക്കൽ കെ. ഒ. ജോർജാ (ബേബി60) ണു മരിച്ചത്. കഴിഞ്ഞ 12ന് നെടുമാവിലെ വർക്ക് ഷോപ്പിൽനിന്നു വീട്ടിലേക്ക് പോകുംവഴിയാണ് അപകടമുണ്ടായത്.

സ്കൂട്ടർ ഓടിക്കവേ രക്തസമ്മർദ്ദം കൂടി വാഹനത്തിൻറെ നിയന്ത്രണം തെറ്റി റോഡരികിലെ പോസ്റ്റിൽ ഇടിച്ചായിരുന്നു അപകടം. അപകടത്തിൽ തലയ്ക്ക് ഗുരുതരമായി പരിക്കേറ്റ് കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു.

സംസ്കാരം ഇന്നു ഒന്നിന് അയർക്കുന്നം ഐപിസി ഗിൽഗാൽ സഭയുടെ കുറ്റിക്കൽ മുളേക്കുന്ന് സെമിത്തേരിയിൽ. ഭാര്യ: ജെസി ജോർജ്. മക്കൾ: ബെറ്റ്സിമോൾ, ബ്ലസിമോൾ, സ്റ്റെഫിമോൾ. മരുമക്കൾ: മനീഷ് (കുമളി, അണക്കര), മാത്യു കെ. പീറ്റർ (വടശേരിക്കര).

# വിനോദസഞ്ചാര മേഖലയും മത്സ്യത്തൊഴിലാളികളും പ്രതിസന്ധിയിൽ

കുമരകം: ജലാശയങ്ങളിൽ പോളതിങ്ങി നിറഞ്ഞതോടെ വിനോദസഞ്ചാര മേഖലയും കായലിൽ പണിയെടുക്കുന്ന തൊഴിലാളികളും നേരിടുന്നത് വലിയ പ്രതിസന്ധി.

ഉയർന്ന താപനിലയ്ക്കൊപ്പം ജലയാനങ്ങളിലൂടെയുള്ള യാത്രയും തടസപ്പെട്ടതോടെ വിദേശസഞ്ചാരികളും അന്യസംസ്ഥാനക്കാരും ഇപ്പോൾ കുമരകം, അയ്മനം തുടങ്ങിയ സ്ഥലങ്ങളിലേക്കു വിനോദയാത്രയ്ക്കായി എത്തുന്നില്ല. ആഫ്രിക്കൻ പായലും ജർമൻ പാളേയും കായൽ ടൂറിസത്തിന് വർഷങ്ങളായി ആഘാതമേല്പിച്ചുകൊണ്ടിരിക്കുകയാണ്. എന്നാലിതിന് പരിഹാരം കാണാൻ വേണ്ടപ്പെട്ട വകുപ്പുകൾക്കൊന്നും സാധിക്കുന്നില്ല.

ആഫ്രിക്കൻ പായലിനെ തിന്നു നശിപ്പിക്കാൻ കഴിവുള്ള കീടങ്ങളെ കണ്ടെത്തി കാർഷിക വകുപ്പ് വിതരണം നടത്തിയിരുന്നു. ഇതു പരീക്ഷിച്ച് വിജയിച്ചിട്ടുണ്ട്. എന്നാൽ ജർമൻ പോളയുടെ വളർച്ചയ്ക്ക് ഇതുവരെ പ്രതിവിധി കണ്ടെത്താൻ ശാസ്ത്രജ്ഞന്മാർക്കായിട്ടില്ല. തണ്ണീർമുക്കം ബണ്ട് നിർമിക്കുന്നതിന് മുമ്പ് കുട്ടനാട്ടിൽ പോളയും പായലും ഇത്രയ്ക്ക് ദോഷം ചെയ്തിരുന്നില്ല. ഉപ്പുവെള്ളം കയറാതെ ഇരിപ്പൂ നെൽകൃഷിക്കായി തണ്ണീർമുക്കത്ത് നിർമിച്ച ബണ്ട് വർഷങ്ങളായി മാർച്ച് 15ന് തുറക്കുന്നില്ല. ഏപ്രിൽ പകുതിയോടെ ബണ്ട് തുറക്കുമ്പോൾ വേനൽമഴയും തുടർന്ന് വർഷകാലവും ആരംഭിക്കുന്നതിനാൽ കാര്യമായ തോതിൽ അപ്പർകുട്ടനാട്ടിൽ ഉപ്പുവെള്ളം കയറില്ല.

മഴ പെയ്തു തുടങ്ങുന്നതോടെ പോള അതിവേഗം വളരുകയും ചെയ്യുകയാണ്. ഇതിന് എത്രയും വേഗം പരിഹാരം കണ്ടെത്തണം.

പോളവാരൽ യന്ത്രം ഉപയോഗിച്ചും തൊഴിലുറപ്പ് തൊഴിലാളികളെക്കൊണ്ട് നാമമാത്രമായി വാരിച്ചും പോളശല്യം ഒഴിവാക്കാനാകില്ലെന്ന് കണ്ടുകഴിഞ്ഞു. പോളയെ നശിപ്പിക്കാൻ ഉതകുന്ന മാർഗങ്ങൾ കണ്ടെത്തിയില്ലെങ്കിൽ കായൽ ടൂറിസവും തകരുകയും കായലിനെ ആശ്രയിച്ച് മത്സ്യബന്ധനം പോലുള്ള തൊഴിൽ ചെയ്തു ജീവിക്കുന്ന തൊഴിലാളികൾ പട്ടിണിയിലാകുകയും ചെയ്യും.

# മലയോര സംരക്ഷണ സമിതി കർഷക മഹാസംഗമം നടത്തും

കോട്ടയം: വന്യജീവിശല്യം ശാശ്വതമായി പരിഹരിക്കണമെന്നാവശ്യപ്പെട്ട് ഇടുക്കി, പത്തനംതിട്ട മണ്ഡലങ്ങളിലെ മൂന്നു മുന്നണി സ്ഥാനാർഥികളെയും പങ്കെടുപ്പിച്ചു മലയോര സംരക്ഷണ സമിതി കർഷക മഹാസംഗമം നടത്തും.

കോരുത്തോട് സെൻറ് ജോർജ് സ്റ്റേഡിയത്തിൽ നാളെ നടക്കുന്ന സംഗമത്തിൽ കോരുത്തോട്, എരുമേലി, പെരുന്നാട്, പെരുവന്താനം, മുണ്ടക്കയം, കൊക്കയാർ പഞ്ചായത്തുകളിലെ സ്ഥലവാസികൾ പങ്കെടുക്കും. മലയോരമേഖലയിലും വനാതിർത്തിയിലും താമസിക്കുന്ന കർഷകർ നേരിടുന്ന വന്യജീവിശല്യം, മരം മുറിക്കലുമായി ബന്ധപ്പെട്ട വിഷയങ്ങൾ, പട്ടയ സംബന്ധമായ പ്രതിസന്ധികൾ എന്നിവ സ്ഥാനാർഥികളുമായി ചർച്ച ചെയ്യും.

തുടർച്ചയായി വന്യജീവി ആക്രമണത്തിൽ മനുഷ്യരും വളർത്തുമൃഗങ്ങളും കൊല്ലപ്പെടുകയും കൃഷികൾ നശിപ്പിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യമാണു നേരിടുന്നത്. കാർഷികവൃത്തിയിൽ ഏർപ്പെടുന്നതിനും ദൈനംദിന ആവശ്യങ്ങൾക്കും ജനങ്ങൾക്ക് പുറത്തിറങ്ങി നടക്കാൻ പറ്റാത്ത സാഹചര്യം മാറണം.

ജനവാസ മേഖലയിൽ ജീവഭയം കൂടാതെ സഞ്ചരിക്കുന്നതിനും ഭീതി കൂടാതെ കൃഷി ചെയ്യുന്നതിനും സാധിക്കുന്ന വിധത്തിൽ വന്യമൃഗങ്ങൾ വനത്തിൽനിന്നു പുറത്തുവരാൻ സാധിക്കാത്തതും വനവും വന്യജീവികളും സംരക്ഷിക്കപ്പെടുന്നതുമായ നടപടി ഉണ്ടാകാനുള്ള നിർദേശങ്ങൾ സംഗമത്തിൽ നിർദേശിക്കും.

മൃഗങ്ങളെ വനത്തിനുള്ളിൽ നിയന്ത്രിക്കുന്ന സംവിധാനവും വനാതിർത്തിയിലൂടെ ഒരു സഞ്ചാരപാതയും ഉണ്ടായാൽ വലിയ ടൂറിസം സാധ്യതകൂടി മേഖലയിൽ സൃഷ്ടിക്കപ്പെടുമെന്ന നിർദേശവും കർഷകർ മുന്നോട്ട് വയ്ക്കുന്നു.

പത്രസമ്മേളനത്തിൽ മലയോര സംരക്ഷണ സമിതി ജനറൽ കൺവീനർ സണ്ണി വെട്ടുകല്ലേൽ, ചെയർമാൻ പി. ജെ. സെബാസ്റ്റ്യൻ, ദിവാകരൻ പുത്തൻപുരയ്ക്കൽ, ഷിബു കുറുമ്പനക്കൽ, ജോഷി മാത്യു പൂവക്കുളം എന്നിവർ പങ്കെടുത്തു.

# വെള്ളപ്പൊക്കത്തിൻറെ ആഘാതം കുറയ്ക്കാൻ എസി കനാൽ തുറക്കണം: കനാൽ സംരക്ഷണസമിതി

ചങ്ങനാശേരി: വെള്ളപ്പൊക്കത്തിൻറെ ശക്തമായ കെടുതികൾ നേരിടുന്ന ചങ്ങനാശേരി, കുട്ടനാട് താലൂക്കുകളിലെ ചങ്ങനാശേരി ബോട്ട് ജെട്ടി, മനക്കച്ചിറ, പൂവം, എടത്വാ, തലവടി, മുട്ടാർ, വെളിയനാട്, രാമങ്കരി, തുടങ്ങിയ പ്രദേശങ്ങളിലെ നൂറുകണക്കിന് കുടുംബങ്ങളെ വെള്ളക്കെട്ടിൽനിന്ന് സംരക്ഷിക്കാനും വെള്ളപ്പൊക്ക ദുരിതം ലഘൂകരിക്കാനും എസി കനാൽ അടിയന്തരമായി തുറക്കണമെന്ന് എസി കനാൽ സംരക്ഷണ സമിതി സംഘടിപ്പിച്ച കുടുംബ സദസ് ആവശ്യപ്പെട്ടു. അടിസ്ഥാനരഹിതമായ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ എസി കനാൽ തുറക്കുന്നത് സർക്കാർ മരവിപ്പിച്ചിരിക്കുന്നത് പുനഃപരിശോധിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. കോടികൾ മുടക്കി പുതിയതായി നിർമിച്ചിരിക്കുന്ന എസി റോഡ് സംരക്ഷിക്കാനും ക്രമാതീതമായി റോഡ് ഉയർത്തിയതിനാൽ കനാലിന് തെക്കു ഭാഗത്ത് അടിക്കടി ഉണ്ടാകുന്ന വെള്ളക്കട്ട് ഒഴിവാക്കാനും കനാൽ തുറക്കാതെ മാർഗമില്ല. കാലവർഷം എത്തുന്നതിനുമുമ്പ് കിഴക്കുനിന്ന് ഒഴുകിയെത്തുന്ന അധികജലം കനാലിലൂടെ മണിമലയാറ്റിലേക്ക് പുറന്തള്ളുവാൻ ഒന്നാംകര കനാൽ മുഖത്ത് അടിഞ്ഞുകൂടിയിരിക്കുന്ന എക്കൽ അടിയന്തരമായി നീക്കം ചെയ്യണമെന്നും കുടുംബ സദസ് ആവശ്യപ്പെട്ടു.

കനാൽ സംരക്ഷണ സമിതി ജനറൽ കൺവീനർ മുട്ടാർ സുരേന്ദ്രൻ അധ്യക്ഷത വഹിച്ചു. സമിതി ചെയർമാൻ നൈനാൻ തോമസ് മുളപ്പാൻമഠം ഉദ്ഘാടനം ചെയ്തു. സൈബി അക്കര, എ. സി. വിജയപ്പൻ, അലക്സാണ്ടർ പുത്തൻപുര, റോണി കുരിശുംമൂട്ടിൽ, എബിൻ അലക്സാണ്ടർ, ലിജു വിദ്യാധരൻ, ശശികുമാർ കാഞ്ഞിരത്തംമൂട്ടിൽ, അപ്പച്ചൻകുട്ടി ആശാരിപറമ്പ്, കറിയാച്ചൻ വടകര, ജോസ് ചുങ്കപുര, സദാനന്ദൻ വായ്പൂക്കരി, അരുൺ ഓമനക്കുട്ടൻ തുടങ്ങിയവർ പ്രസംഗിച്ചു.

## പ്ലാനറ്റേറിയം പ്രവർത്തിക്കില്ല

ലോക്സഭ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് തിരുവനന്തപുരത്തെ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയവും പ്ലാനറ്റേറിയവും 26ന് തുറന്ന് പ്രവർത്തിക്കില്ലെന്ന് ഡയറക്ടർ അറിയിച്ചു.

## ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ മിന്നൽ പരിശോധന നടത്തി

കോട്ടയം: 2024 ലോക്സഭാ ഇലക്ഷനോടനുബന്ധിച്ച് 85 വയസിന് മുകളിലുള്ളവരും മറ്റ് ശാരീരിക അസ്വസ്ഥത നേരിടുന്നവരുമായ ആളുകളുടെ വീടുകളിലെത്തി ഇവർക്കു വോട്ട് ചെയ്യുന്നതിനുവേണ്ടി നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങളെ ജില്ലാ പോലീസ് മേധാവി കെ. കാർത്തിക് മിന്നൽ പരിശോധന നടത്തി വിലയിരുത്തി. പോളിംഗ് ഓഫീസർമാരും പോലീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന സംഘമാണ് വീടുകളിലെത്തി മുൻകൂട്ടി വീടുകളിൽത്തന്നെ വോട്ട് ചെയ്യുന്നതിന് വേണ്ട അപേക്ഷ സമർപ്പിച്ചിട്ടുള്ള വയോധികരായ ആളുകളുടെ വോട്ട് രേഖപ്പെടുത്തിക്കുന്നത്. ഇതിൻറെ പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നുണ്ടോ എന്ന പരിശോധിക്കുന്നതിൻറെ ഭാഗമായാണ് ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ വീടുകളിലെത്തി പരിശോധന നടത്തിയത്.

## പോസ്റ്റൽ വോട്ട് കേന്ദ്രങ്ങൾ രണ്ടുദിവസം കൂടി പ്രവർത്തിക്കും

2024 ലോക്സഭാ പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിലെ രണ്ട് പാർലമെന്ററി മണ്ഡലങ്ങളിലായുള്ള 14 നിയോജക മണ്ഡലങ്ങളിലെ പോളിംഗ് ഉദ്യോഗസ്ഥർക്ക് പോസ്റ്റൽ വോട്ട് രേഖപ്പെടുത്തുന്നതിനായുള്ള ഢഎഇ കേന്ദ്രങ്ങളുടെ പ്രവർത്തനം ഏപ്രിൽ 24, 25 തീയതികളിൽ കൂടി തുടരുമെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

# ദേശീയപാതയിൽ മരക്കഷണങ്ങളും കെട്ടിടാവശിഷ്ടങ്ങളും തള്ളുന്നു

കാഞ്ഞിരപ്പള്ളി: ദേശീയ പാത 183ൻറെ വശങ്ങളിൽ കിടക്കുന്ന മരക്കഷണങ്ങളും കെട്ടിടാവശിഷ്ടങ്ങളും അപകടഭീഷണി സൃഷ്ടിക്കുന്നു. പൊൻകുന്നം മുതൽ മുണ്ടക്കയംവരെയുള്ള ഭാഗത്താണ് മരക്കഷണങ്ങളും കെട്ടിടാവശിഷ്ടങ്ങളും തള്ളിയിരിക്കുന്നത്.

പാതയോരത്തുനിന്നു മുറിച്ചുമാറ്റിയ മരക്കഷണങ്ങളാണ് പാതയോരത്തുതന്നെ കൂടിക്കിടക്കുന്നത്. ദേശീയപാത 183ൽ പൊൻകുന്നം മുതൽ മുണ്ടക്കയംവരെ സഞ്ചരിച്ചാൽ പലയിടങ്ങളിലും ഇതു കാണാനാകും. മുറിച്ചിട്ടിട്ട് നാളുകളായതോടെ ഇവ പലയിടത്തും കാടുകയറി മൂടിയ നിലയിലാണ്. അപകടഭീഷണി ഉയർത്തി റോഡുവക്കിൽ നിന്നിരുന്ന മരങ്ങളാണ് ഇത്തരത്തിൽ മുറിച്ചു റോഡിൻറെ വശങ്ങളിൽ തന്നെ കൂട്ടിയിട്ടിരിക്കുന്നത്. കാറ്റിലും മഴയിലും ഒടിഞ്ഞ് വീണ മരങ്ങളും ഇക്കൂട്ടത്തിലുണ്ട്. വളവുകളാണെന്നതുപോലും പരിഗണിക്കാതെയാണ് തടിക്കഷണങ്ങൾ പാതയോരത്ത് തന്നെ തള്ളിയിരിക്കുന്നത്.

ഇതിനു പുറമേ കെട്ടിടാവശിഷ്ടങ്ങളും ഉപയോഗശൂന്യമായ വാഹനങ്ങളും എല്ലാം നിക്ഷേപിക്കുന്ന കേന്ദ്രമായി ദേശീയപാതയുടെ ഇരുവശങ്ങളും മാറിയിരിക്കുകയാണ്. കോൺക്രീറ്റ് പാളികൾ അടക്കമാണ് ദേശീയപാതയോരത്ത് തള്ളിയിരിക്കുന്നത്.

വാഹനങ്ങൾക്കു റോഡിൻറെ വശത്ത് പാർക്ക് ചെയ്യാൻപോലും കഴിയാത്ത രീതിയിലാണ് അനധികൃത നിക്ഷേപങ്ങളത്രയും. അധികൃതരുടെ ഭാഗത്തുനിന്ന് നടപടിയുണ്ടാകാത്തതാണ് പാതയോരത്ത് കോൺക്രീറ്റ് അവശിഷ്ടങ്ങൾ നിക്ഷേപിക്കുന്ന സ്ഥിതിയിലേക്കുവരെ കാര്യങ്ങൾ എത്തിച്ചിരിക്കുന്നത്.

സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ചാൽ കോൺക്രീറ്റ് അവശിഷ്ടങ്ങൾ തള്ളുന്നവരെ കണ്ടെത്താനാകും. എന്നാൽ, ദേശീയപാതാ അധികൃതർ ഇതിനു മുതിരാറില്ല എന്നതാണ് വാസ്തവം. പാതയോരത്ത് താത്കാലികമായി കെട്ടിയുയർത്തിയ കടകളുടെ അവശിഷ്ടങ്ങളും പ്രവർത്തനം അവസാനിപ്പിച്ചിട്ടും പൊളിച്ച് നീക്കിയിട്ടില്ല.

# ദേശീയ അഗ്നിസുരക്ഷാ വാരാചരണം കെഎംഎംഎല്ലിൽ സമാപിച്ചു

ചവറ: 14 മുതൽ ആരംഭിച്ച ദേശീയ അഗ്നിസുരക്ഷാ വാരാചരണത്തിന് കെഎംഎംഎല്ലിൽ സമാപനമായി. സമാപന സമ്മേളനം കെഎംഎംഎൽ മാനേജിംഗ് ഡയറക്ടർ പി. പ്രദീപ്കുമാർ ഉദ്ഘാടനം ചെയ്തു.

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഏറ്റവും ശക്തമായ ഫയർ ക്രൂ സംവിധാനമാണ് കെഎംഎംഎല്ലിലുള്ളത്. കൊല്ലം ജില്ലയിലെ ദുരന്തനിവാരണപ്രവർത്തനങ്ങളിൽ സജീവമാകാനും കമ്പനിയിലെ ഫയർ റസ്ക്യൂ സംവിധാനത്തിന് കഴിയുന്നുണ്ടെന്നും മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 2400ൽ അധികം ആളുകൾക്ക് അഗ്നിസുരക്ഷാ ബോധവൽകരണം നടത്താനായത് വലിയ നേട്ടമാണ്. വിദ്യാർഥികൾ, കുടുംബശ്രീ പ്രവർത്തകർ, ഓട്ടോറിക്ഷ ഡ്രൈവമാർ തുടങ്ങി സമൂഹത്തിലെ വിവിധ മേഖലയിലുള്ളവർക്കാണ് ബോധവൽകരണം നടത്തിയത്. കൊല്ലത്ത് മെഡിക്കൽ കോർപറേഷൻ വെയർ ഹൗസിന് തീപിടിച്ച സാഹചര്യത്തിലും കൊട്ടാരക്കരയിലെ ഗ്യാസ് ടാങ്കർ അപകടത്തിലും ടിഎസ് കനാലിൽ വിദേശ ടൂറിസ്റ്റുകളുമായി എത്തിയ ഹൗസ് ബോട്ടിന് തീപിടിച്ചപ്പോഴും രക്ഷാപ്രവർത്തനത്തിൽ കെഎംഎംഎല്ലിൽ നിന്നുള്ള ഫയർ റസ്ക്യൂ സംവിധാനം സജീവമായിരുന്നു. മുതലപ്പൊഴിയിൽ മത്സ്യബന്ധന ബോട്ട് അപകടത്തെ തുടർന്നുള്ള രക്ഷാപ്രവർത്തനത്തിനും ദുരന്ത നിവാരണ അഥോറിറ്റിയുടെ നിർദേശപ്രപകാരം കെഎംഎംഎൽ ടീം സജീവമായി പങ്കെടുത്തിരുന്നു.

ദേശീയ അഗ്നിസുരക്ഷാ വാരാചരണത്തോടനുബന്ധിച്ച് വ്യത്യസ്ത പരിപാടികളാണ് കമ്പനിയിൽ സംഘടിപ്പിച്ചത്. ചവറ ബിജെഎം കോളജിലെ വിദ്യാർഥികൾക്കും കെ എം എംഎൽ ജീവനക്കാർക്കും അഗ്നി സുരക്ഷാ ബോധവൽകരണ ക്ലാസ് സംഘടിപ്പിക്കുകയും അഗ്നിരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള പ്രാഥമിക പരിശീലനവും നൽകി. ഒപ്പം ക്വിസ് മത്സരവും നടത്തി. സമാപന സമ്മേളനത്തോട് അനുബന്ധിച്ച് വിവിധ രക്ഷാപ്രവവർത്തനങ്ങളുടെ തത്സമയ പ്രദർശനവും നടന്നു.

കെഎംഎംഎൽ ടി. പി യൂണിറ്റ് ഹെഡ് പി. കെ.മണിക്കുട്ടൻ ചടങ്ങിൽ അധ്യക്ഷനായി. ചവറ ഫയർ ആൻറ് റസ്ക്യൂ സ്റ്റേഷൻ ഓഫീസർ പി. എസ് സാബുലാൽ പി. എസ്, കെ എം എംഎൽഎച്ച് ആർ, എംഎസ് യൂണിറ്റ് ഹെഡ് എം. യു. വിജയകുമാർ, ചീഫ് ഫിനാൻഷ്യൽ ഓഫീസർ വി. അനിൽകുമാർ, കെഎംഎംഎൽ സവിൽ, യൂട്ടിലിറ്റി, ഫയർ വിഭാഗം തലവൻ റ്റി. സി. രമേഷൻ, ഫയർ ആൻറ് സേഫ്റ്റി മാനേജർ എസ്. എസ്.സജിത്ത് തുടങ്ങിയവർ പ്രസംഗിച്ചു.

# പുത്തൂർ പഴയചിറ വീണ്ടും നാശത്തിലേക്ക്

കൊട്ടാരക്കര: നവീകരണ പ്രവർത്തനങ്ങൾ ഫലം കണ്ടില്ല. പുത്തൂർ പഴയചിറ വീണ്ടും നാശത്തിലേക്ക്. വേനൽ കടുത്തപ്പോൾ ചിറയിലെ ഒരു തുള്ളിവെള്ളം പോലും ഉപയോഗിക്കാൻ കഴിയാത്ത സ്ഥിതിയാണ്. ഒരു വർഷം മുൻപ് പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചിറയിലെ പായൽ വാരി മാറ്റിയതാണ്.

നേരത്തെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്നേകാൽ ലക്ഷം രൂപയും ഗ്രാമപഞ്ചായത്ത് അനുവദിച്ച അഞ്ച് ലക്ഷം രൂപയും ചേർത്തുള്ള നവീകരണ പ്രവർത്തനങ്ങളും നടത്തിയിരുന്നു. ഇതിൻറെ ഭാഗമായി സംരക്ഷണ ഭിത്തികളുടെ തകരാറുകൾ മാറ്റി, ചിലയിടങ്ങൾ ഇടിച്ച് പുനർനിർമിച്ചു. കരവെള്ളം ഇറങ്ങാത്തവിധം തോട് തെളിച്ച് വൃത്തിയാക്കുകയും ചെയ്തു. എന്നാൽ അതെല്ലാം വെറുതെയായ സ്ഥിതിയാണ്.

വേനൽക്കാലം രൂക്ഷമായതോടെ പ്രദേശത്തെല്ലാം കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. തൊട്ടടുത്ത് ജില്ലാ പഞ്ചായത്തിൻറെ സായന്തനം വയോജന കേന്ദ്രവും പ്രവർത്തിക്കുന്നു. ചിറയിൽ പായൽ മൂടിയത് വലിയ ദോഷമായി മാറും. പായൽ വേനലിൽ ഉണങ്ങുന്നു. ശേഷിച്ചവ വെള്ളത്തിൽ അഴുകിച്ചേർന്ന് ദുർഗന്ധം വമിക്കും. അതിന് മുൻപായി പായൽവാരി ചിറ വൃത്തിയാക്കിയാൽ നാട്ടുകാർക്ക് ഗുണകരമാകും.

കുളിക്കാനും തുണി അലക്കാനും വാഹനങ്ങൾ കഴുകാനുമൊക്കെ ഉപകരിക്കും. അത്യാവശ്യം കൃഷിപ്പണികൾക്കും നിർമാണ ജോലികൾക്കുമൊക്കെ ചിറയിലെ വെള്ളം എടുക്കാനുമാകും. പവിത്രേശ്വരം ഗ്രാമപഞ്ചായത്തിൻറെ ഉടമസ്ഥതയിലുള്ളതാണ് ചിറ. എന്നാൽ ചിറ വൃത്തിയാക്കുന്ന കാര്യത്തിൽ ഗൗരവമായ ഇടപെടൽ ഉണ്ടാകുന്നില്ല. നാടിന് പഴവറയെന്ന പേര് ലഭിച്ചതും ചിറയിൽ നിന്നാണ്.

വേനൽ കടുത്തതോടെ ചിറയിലെ വെള്ളം ഗണ്യമായി കുറഞ്ഞു. ചെളികോരിമാറ്റി ഊറ്റുചാലുകൾ തുറക്കേണ്ടതുണ്ട്. വെള്ളം കുറവായതിനാൽ പായൽ വാരി മാറ്റാനും എളുപ്പമാണ്.

# വെച്ചൂർ അഞ്ചുമനപാലം സമീപറോഡ് നിർമ്മാണം ഇഴയുന്നതായി പരാതി

വൈക്കം: വൈക്കം വെച്ചൂർ റോഡിലെ വെച്ചൂർ പോലീസ് ഔട്ട് പോസ്റ്റിനു സമീപത്തെ അഞ്ചുമന പാലത്തിൻറെ സമീപ റോഡിൻറെ നിർമാണവുമായി ബന്ധപ്പെട്ട് മണ്ണിട്ടുയർത്തൽ തുടങ്ങി. മൂന്നുവർഷം മുമ്പ് പൂർത്തിയാകേണ്ട പാലം സമീപ റോഡിനായി സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട തർക്കത്തിൽ നിർമാണ പ്രവർത്തനങ്ങൾ തടസപ്പെടുകയായിരുന്നു.

സ്ഥലം ഏറ്റെടുക്കൽ പൂർത്തിയായപ്പോൾ വൈദ്യുതി ലൈൻ മാറ്റിസ്ഥാപിക്കലുമായി ബന്ധപ്പെട്ടും തടസമുണ്ടായി. വൈദ്യുതി ലൈൻ മാറ്റിസ്ഥാപിച്ച ശേഷം കഴിഞ്ഞ ഒന്നരമാസമായി വളരെക്കുറച്ച് തൊഴിലാളികൾ മാത്രം പണിയെടുക്കുന്നതിനാൽ നിർമാണ പ്രവർത്തനങ്ങൾ ഇഴഞ്ഞാണ് നീങ്ങുന്നത്. സമീപ റോഡിൻറെ നിർമാണ പ്രവർത്തനങ്ങൾ ഇഴയുന്നതിനാൽ പാലത്തിൻറെ സമീപ റോഡിനോട് ചേർന്നുള്ള മൂന്നു കുടുംബങ്ങൾക്കു നിരത്തിലേയ്ക്കെത്താൻ ഏറെ കഷ്ടപ്പെടേണ്ടിവരുന്നു.

വളരെ കുറഞ്ഞ ദിവസത്തിനുള്ളിൽ മണ്ണിട്ടുയർത്തി സമീപ റോഡ് ബലപ്പെടുത്താമെന്നിരിക്കെ പണി ഇഴയുന്നത് തെരഞ്ഞെടുപ്പ് മുൻനിർത്തിയുള്ള കണ്ണിൽപ്പൊടിയിടലാണെന്ന് നാട്ടുകാർ കുറ്റപ്പെടുത്തുന്നു. ഇനി ദിവസങ്ങളെടുത്ത് സമീപറോഡ് മണ്ണിട്ടുയർത്തിയാലും കുറഞ്ഞത് ഒരു മാസമെങ്കിലും വാഹനങ്ങൾ കയറി ഇറങ്ങിയശേഷമേ ടാറിംഗ് നടത്താനാകു. അരനൂറ്റാണ്ട് പഴക്കമുണ്ടായിരുന്ന ജീർണിച്ച് അപകട ഭീഷണിയിലായിരുന്ന വീതികുറഞ്ഞ പാലം പൊളിച്ചുനീക്കിയ ശേഷമാണ് അഞ്ചുമന തോടിനു കുറുകെ 18 മീറ്റർ വീതിയിൽ 3,33,00, 000 രൂപ വിനിയോഗിച്ച് പാലം നിർമിച്ചത്.

സമീപ റോഡിനായി പിന്നീട് 18 ലക്ഷത്തോളം രൂപ അനുവദിച്ചു. 2020 ഒക്ടോബർ 22ന് ആരംഭിച്ച പാലത്തിൻറെ നിർമാണം 2021 ഒക്ടോബർ 22ന് പൂർത്തിയാക്കുമെന്നായിരുന്നു കരാർ. എന്നാൽ, പാലം പൂർത്തിയായി മൂന്ന് വർഷം കഴിഞ്ഞിട്ടും പാലത്തിലൂടെ ഗതാഗതം സാധ്യമായില്ല.

പുതിയ പാലത്തിന് സമാന്തരമായി നിർമിച്ച താത്കാലിക റോഡിലൂടെയാണ് വാഹനഗതാഗതം നടന്നുവരുന്നത്. 11.75 കിലോമീറ്റർ ദൈർഘ്യമുള്ള വൈക്കം വെച്ചൂർ റോഡ് വീതികൂട്ടി പുനർനിർമിക്കുന്ന പദ്ധതിയുടെ ഭാഗമായാണ് അഞ്ചുമന പാലം നിർമിക്കുന്നത്. കിഫ്ബി ഫണ്ട് ഉപയോഗിച്ച് റോഡ് നിർമിക്കുന്നതിനു മുന്നോടിയായാണ് പാലം നിർമിച്ചത്.

# യുവാക്കളെ വധിക്കാൻ ശ്രമിച്ച നാലംഗ സംഘം അറസ്റ്റിൽ

വൈപ്പിൻ: വാക്കുതർക്കത്തിനിടെ യുവാക്കളെ വധിക്കാൻ ശ്രമിച്ച കേസിൽ നാലംഗ സംഘം അറസ്റ്റിൽ. കുഴുപ്പിള്ളി പള്ളത്താംകുളങ്ങര അഞ്ചലശേരി വീട്ടിൽ ആദർശ് (കുഞ്ഞ് 25), എടവനക്കാട് മായാബസാർ പ്ലാക്കൽ വീട്ടിൽ അശ്വിൻ (20), കസാലിപ്പറമ്പിൽ നിസാർ (23), അയ്യമ്പിള്ളി കുഴുപ്പിള്ളി വടക്കേടത്ത് അനന്തു (19) എന്നിവരാണ് അറസ്റ്റിലായത്.

18ന് വൈകിട്ട് ഏഴരയോടെ വളപ്പ് ഭാഗത്താണ് കേസിനാസ്പദമായ സംഭവം നടന്നത്. കടയിൽ നിൽക്കുകയായിരുന്ന യുവാക്കളുമായി പ്രതികൾ വാക്കുതർക്കത്തിലേർപ്പെടുകയും തുടർന്ന് കമ്പി വടി, കത്തി തുടങ്ങിയ ആയുധങ്ങളുമായി ആക്രമിക്കുകയായിരുന്നുവെന്ന് പോലീസ് പറഞ്ഞു. ആക്രമത്തിൽ യുവാക്കൾക്ക് ഗുരുതരമായി പരിക്കേറ്റു.

ഒളിവിൽപോയ പ്രതികളിൽ നാലുപേരെ മുനമ്പം ഡിവൈഎസ്പി എൻ. എസ്. സലീഷിൻറെ മേൽനോട്ടത്തിൽ പിടികൂടുകയായിരുന്നു. ഇനിയും പ്രതികൾ ഉണ്ട്. ഇവർക്കുവേണ്ടി തെരച്ചിൽ തുടരുകയാണ്. പ്രതികൾ മുമ്പും കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടവരാണെന്ന് പോലീസ് പറഞ്ഞു. ആദർശിനെ നേരത്തെ കാപ്പ ചുമത്തി നാട് കടത്തിയിട്ടുള്ളതാണ്. പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

അന്വേഷണ സംഘത്തിൽ സിഐ സുനിൽ തോമസ്, എസ്ഐമാരായ അഖിൽ വിജയകുമാർ, കെ. കെ. ദേവരാജ്, എം. ടി. ലാലൻ, എം. എ. ബിജു ( എഎസ്ഐമാരായ സി. എ. ഷാഹിർ, ടി. കെ. ഗിരിജാവല്ലഭൻ സീനിയർ സിപിഒ മാരായ എം. പി. സുബി, ടി. ബി. ഷിബിൻ, കെ. ജി. പ്രീജൻ, സി. ടി. സുനിൽകുമാർ, വി. എസ്. സ്വരാഭ് എന്നിവരാണ് ഉണ്ടായിരുന്നത്.

# വോട്ടർ പട്ടികയിലെ ഇരട്ടവോട്ടുകൾ നീക്കം ചെയ്യാൻ നടപടിയുണ്ടാകണം: എ. എ. അസീസ്

കൊല്ലം:ലോക്സഭാ മണ്ഡലത്തിലെ ഏഴ് നിയോജകമണ്ഡലങ്ങളിലേയും വോട്ടർ പട്ടികയിൽ ആയിരകണക്കിന് ഇരട്ടവോട്ടുകൾ ഉൾപ്പെട്ടിട്ടുള്ളതായി യുഡിഎഫ് സ്ഥാനാർഥി എൻ. കെ. പ്രേമചന്ദ്രൻറെ ചീഫ് ഇലക്ഷൻ ഏജൻറ് എ. എ. അസീസ് ഇലക്ഷൻ കമ്മീഷനും, ചീഫ് ഇലക്ട്രൽ ഓഫീസർ കേരളയ്ക്കും, ഒബ്സർവർക്കും, റിട്ടേണിംഗ് ഓഫീസർക്കും പരാതി നൽകി. ഇരട്ട വോട്ടുകൾ നീക്കം ചെയ്യുവാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്നും ഒരാളിനെയും ഒന്നിൽ കൂടുതൽ വോട്ടുകൾ ചെയ്യാൻ അനുവദിക്കാത്തവണ്ണം ഇലക്ഷൻ നടപടി ക്രമങ്ങൾ കുറ്റമറ്റതാക്കണമെന്നും ആവശ്യപ്പെട്ടു.

നിരവധി ഇരട്ട വോട്ടുകൾ സംബന്ധിച്ച് ബിഎൽഒ മാരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും വിവരം ഇലക്ഷൻ കമ്മീഷനെ റിപ്പോർട്ട് ചെയ്യുവാനോ ഇരട്ട വോട്ടുകൾ ഒഴിവാക്കുന്നതിനോ തയാറായില്ല. ഇലക്ഷൻ കമ്മീഷൻറെ കാലാകാലങ്ങളിലുള്ള നിർദ്ദേശം പാലിക്കുന്നതിന് പകരം ബിഎൽഒ മാർ ഭരിക്കുന്ന പാർട്ടിയായ സിപിഎമ്മിൻറെ നേതാക്കളുടെ നിർദ്ദേശപ്രകാരമാണ് പ്രവർത്തിക്കുന്നത്. വോട്ടർ പട്ടിക പരിശോധിച്ചതിൽ നിന്നും മനസിലാക്കുവാൻ കഴിയുന്നത് ഇരട്ട വോട്ടുയുള്ളതിൽ ബഹുഭൂരിപക്ഷവും സിപിഎമ്മി ൻറെ നേതാക്കൻമാരോ പ്രവർത്തകരോ അവരുമായി ബന്ധപ്പെട്ടവരുമാണ്.

ഇരട്ടവോട്ടുകൾ പൂർണമായും തടയേണ്ടതാണ്. ഒരാൾക്ക് ലോകസഭാ തെരഞ്ഞെടുപ്പിലേയ്ക്ക് ഒന്നിൽ കൂടുതൽ വോട്ടുകൾ അനുവദിക്കുന്നത് നിയമവിരുദ്ധവും തെരഞ്ഞെടുപ്പ് ചട്ടങ്ങളുടെ ലംഘനവുമാണ്. ഒരാൾ ഒന്നിൽ കൂടുതൽ വോട്ട് ചെയ്യുന്നത് ശിക്ഷാർഹമായ കുറ്റകൃത്യമാണ്. ഇരട്ടവോട്ടുകൾ ഒഴിവാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്നും ഒരാൾ ഒന്നിൽ കൂടുതൽ വോട്ട് ചെയ്യുന്നത് തടയാൻ ശക്തമായ മുൻകരുതലുകൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടു. കുറ്റകൃത്യത്തിൻറെ ഗൗരവവും ശിക്ഷയും സംബന്ധിച്ച് വോട്ടർമാർക്ക് അവബോധം ഉണ്ടാക്കുവാൻ ആവശ്യമായ വ്യാപകമായ അവബോധ പ്രവർത്തനം നടത്തണമെന്നും മുൻഎംഎൽഎ കൂടിയായ എ. എ. അസീസ് ആവശ്യപ്പെട്ടു.

# ഒമ്പതു വയസുകാരിയെ പീഡിപ്പിച്ച കളരി പരിശീലകന് 64 വർഷം കഠിനതടവ്

കൊച്ചി: ഒമ്പതു വയസുകാരിയെ പീഡിപ്പിച്ച കളരി പരിശീലകന് 64 വർഷം കഠിന തടവും 2,85,000 രൂപ പിഴയും ശിക്ഷ. എരൂർ ലക്ഷ്മി നാരായണ വിലാസിൽ സെൽവരാജി (43) നാണ് എറണാകുളം അതിവേഗ പോക്സോ കോടതി ജഡ്ജി കെ. സോമൻ ശിക്ഷ വിധിച്ചത്. പ്രതി 2017 ജൂൺ മുതൽ ഓഗസ്റ്റ് വരെ പല സമയങ്ങളിലാണ് പെൺകുട്ടിയെ പീഡിപ്പിച്ചത്. ഇയാൾ കുട്ടിയെ പല തവണയായി മൊബൈൽ ദൃശ്യങ്ങൾ കാണിച്ചിരുന്നു. പോക്സോ കേസിൻറെ വിവിധ വകുപ്പുകൾ പ്രകാരമാണ് ശിക്ഷാ കാലാവധി 64 വർഷമായി ഉയർന്നത്. ഇതു കൂടാതെ 2,85,000 രൂപ പ്രതി പീഡനത്തിന് ഇരയായ കുട്ടിക്ക് നൽകണമെന്നും കോടതി വിധിച്ചു. പിഴ ഒടുക്കിയില്ലെങ്കിൽ ശിക്ഷ കൂടുതലായി അനുഭവിക്കേണ്ടിവരും. മാതാപിതാക്കൾ സ്വയം പ്രതിരോധത്തിനായി കളരി പരിശീലനത്തിനയച്ച സ്ഥാപനത്തിൽ നിന്നു തന്നെ ചെറിയ പെൺകുട്ടി പീഡനത്തിനിരയായത് ശിക്ഷയുടെ കാഠിന്യം കൂട്ടുന്നുവെന്ന് കോടതി അഭിപ്രായപ്പെട്ടു. പ്രതി സ്ഥാപനത്തിലെ മറ്റു പെൺകുട്ടികളോടും സമാന രീതിയിൽ പെരുമാറിയിരുന്നു.

പ്രോസിക്യൂഷനു വേണ്ടി സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടർ പി. എ. ബിന്ദു ഹാജരായി. പ്രോസിക്യൂഷൻ ഭാഗത്തുനിന്ന് സാക്ഷികളെ വിസ്തരിച്ചു. രേഖകൾ ഹാജരാക്കി. ഹിൽ പാലസ് സിഐ പി. എസ്. ഷിജുവാണ് കുറ്റപത്രം തയാറാക്കിയത്.

## ജലമിഷനായി കുഴിച്ച റോഡുകളുടെ ടാറിംഗ് വൈകുന്നെന്ന് പരാതി

ആലുവ: ജലജീവൻ പദ്ധതിക്കായി കുഴിച്ച റോഡുകൾ റീ ടാറിംഗ് നടത്തുന്നത് വൈകുന്നതിനെതിരേ പ്രതിഷേധം ശക്തമാകുന്നു. ആലുവ നഗരാതിർത്തി പങ്കിടുന്ന കടുങ്ങല്ലൂർ, കീഴ്മാട് പഞ്ചായത്തുകളിലാണ് പ്രതിഷേധം ശക്തമായിരിക്കുന്നത്.

ആലുവമൂന്നാർ കെഎസ്ആർടിസി റൂട്ടിൽ കീഴ്മാട് പഞ്ചായത്തിൽ ഉൾപ്പെട്ട തോട്ടുമുഖം മുതൽ പകലോമറ്റം വരെ റോഡിന് ഇരു ഭാഗവുമാണ് പൈപ്പ് സ്ഥാപിക്കാൻ കുഴിച്ചത്. പൊളിച്ചിട്ടിട്ട് മാസങ്ങൾ കഴിഞ്ഞ ശേഷമാണ് പൈപ്പുകൾ സ്ഥാപിച്ചത്. റോഡിൻറെ ഇരുഭാഗത്തും മിറ്റലിട്ടെങ്കിലും ടാർ ചെയ്യാത്തതു മൂലം പൊടിശല്യം രൂക്ഷമായി. കൂടാതെ ഗതാഗതക്കുരുക്കും അപകടങ്ങളും വ്യാപകമാണ്.

ഇതിൽ പ്രതിഷേധിച്ച് ഇന്നലെ ആലുവ താലൂക്ക് പൗരാവകാശ സംരക്ഷണ സമിതിയും ജനകീയ സമിതിയും സംയുക്തമായി കുട്ടമശേരി ജംഗ്ഷനിൽ പ്രതിഷേധ ധർണ സംഘടിപ്പിച്ചു. ധർണയെത്തുടർന്ന് ശേഷം വാട്ടർ അഥോറിട്ടി എക്സിക്യൂട്ടീവ് എൻജിനീയർക്ക് നിവേദനവും നൽകി. കൺവീനർ ഇസ്മായിൽ ചെന്താര അധ്യക്ഷത വഹിച്ചു. പൗരാവകാശ സംരക്ഷണ സമിതി സെക്രട്ടറി സാബു പരിയാരത്ത്, പ്രഫ. ഫ്രാൻസീസ് കളത്തുങ്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

## ഭാരതമാതയിൽ അന്താരാഷ്ട്ര സമ്മേളനം

കൊച്ചി: തൃക്കാക്കര ഭാരതമാത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറും ശ്രീലങ്കയിലെ യൂണിവേഴ്സിറ്റി ഓഫ് കൊളംബോയും സംയുക്തമായി നടത്തുന്ന ദ്വിദിന അന്താരാഷ്ട്ര സമ്മേളനം 24,25 തിയതികളിൽ ഭാരതമാതയിൽ നടക്കുമെന്നു മാനേജിംഗ് ഡയറക്ടർ റവ. ഡോ. ഏബ്രഹാം ഓലിയപ്പുറത്ത് അറിയിച്ചു.

ഇരുസ്ഥാപനങ്ങളും തമ്മിൽ 2022ൽ ധാരണാപത്രം ഒപ്പിട്ടശേഷമുള്ള രണ്ടാമത്തെ അന്താരാഷ്ട്ര സമ്മേളനമാണിത്. കോസ്മോപോളിറ്റൻ യുഗത്തിൽ ഇക്കണോമിക്സിൻറെയും ഫിനാൻസിൻറെയും മാനേജ്മെൻറിൻറെയും ഭാവി എന്നതാണു പ്രമേയം. 24നു രാവിലെ 10ന് ഉദ്ഘാടന ചടങ്ങിൽ കൊളംബോ സർവകലാശാലാ വൈസ് ചാൻസലർ ഡോ. എച്ച്. ഡി. കരുണർതന മുഖ്യപ്രഭാഷണം നടത്തും.

റവ. ഡോ. ഏബ്രഹാം ഓലിയപ്പുറത്ത് അധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ പ്രിൻസിപ്പൽ പ്രഫ. കെ. എം. ജോൺസൺ, അസി. ഡയറക്ടർ ഫാ. ജിമ്മിച്ചൻ കർത്താനം, അക്കാദമിക് ഡയറക്ടർ ഡോ. ബി. ഹരീന്ദ്രൻ എന്നിവർ പ്രസംഗിക്കും. പാനൽ ചർച്ചയും ഉണ്ടാകും. അസോ. പ്രഫസർ ഡോ. ബിജോയ് ജോസഫ്, അസി. പ്രഫസർ ഡോ. ദേവി ശേഖർ എന്നിവർ നേതൃത്വം നൽകും.

## മോദി സർക്കാർ അധികാരത്തിൽ വന്നാൽ ഇന്ത്യയുടെ സർവനാശം: എം. എ. ബേബി

പുതുക്കാട്: മോദി സർക്കാർ ഇനിയും അധികാരത്തിൽ വന്നാൽ ഇന്ത്യയെ സർവനാശത്തിലേക്കു നയിക്കുമെന്ന് സിപിഎം പോളിറ്റ് ബ്യൂറോ അംഗം എം. എ. ബേബി.

എൽഡിഎഫ് പുതുക്കാട് പഞ്ചായത്ത് റാലിയും പൊതുസമ്മേളനവും ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ആർഎസ്എസ് ഭീഷണിയെക്കുറിച്ച് ബോധ്യമുള്ളതുകൊണ്ടാണു കേരളത്തിൻറെ മതേതരത്വ ജനാധിപത്യ മനസ് ഇവർക്ക് ഒരവസരം കൊടുക്കാത്തതെന്നും ബേബി പറഞ്ഞു.

സുനന്ദ ശശി അധ്യക്ഷയായി. കെ. കെ. രാമചന്ദ്രൻ എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് വി. എസ്. പ്രിൻസ്, കെ. പി. രാജേന്ദ്രൻ, പി. കെ. ശിവരാമൻ, ടി. എ. രാമകൃഷ്ണൻ, പി. കെ. ശേഖരൻ, ഫ്രഡി. കെ. താഴത്ത്, സരിത രാജേഷ്, എ. വി. ചന്ദ്രൻ, എം. എ. ഫ്രാൻസിസ് എന്നിവർ പ്രസംഗിച്ചു.

## കമ്പോളവൽക്കരണത്തിനിടയിൽ ആത്മീയത നഷ്ടപ്പെടുന്നു: ബിഷപ്

കൊല്ലം: ആഗോള കമ്പോള വൽക്കരണത്തിൽആത്മീയ ഇടം നഷ്ടപ്പെടുന്നുവെന്ന് കൊല്ലം ബിഷപ് ഡോ. പോൾ ആൻറണി മുല്ലശേരി. കേരളത്തിൽ വസൂരി പടർന്നു പിടിച്ചപ്പോൾ ശ്രീമൂലം തിരുനാൾ രാജാവും ബിഷപ് ബെൻസിഗർ തിരുമേനിയും തമ്മിലുള്ള സൗഹൃദമാണ് വിദേശത്തുനിന്ന് നഴ്സുമാരായ കന്യാസ്ത്രീകളെ ആദ്യമായി കേരളത്തിൽ എത്തിച്ചതെന്നും ആതുരസേവനം ദൈവവിളിയാണെന്നും ഉദാത്തമായ അനുകമ്പയും സ്നേഹവും ആണ് ആതുരസേവനമെന്നും ബിഷപ് പറഞ്ഞു.

കാത്തലിക് നഴ്സുമാരുടെ അന്തർദേശീയ സംഘടനയായ കാത്തലിക് നഴ്സസ് ഓഫ് ഇന്ത്യ സംഘടിപ്പിച്ച നഴ്സസ് ദിനാചരണം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ബിഷപ്. ഫാ. ജെയിംസ് പി. കുന്നത്ത് അധ്യക്ഷത വഹിച്ച യോഗത്തിൽ ഡോ. സിസ്റ്റർ ലില്ലിസ മുഖ്യ പ്രഭാഷണം നടത്തി. ബിഷപ് ബെൻസിഗർ ആശുപത്രി ഡയറക്ടർ ഫാ. ജോൺ ബ്രിട്ടോ, സിസ്റ്റർ സോണി സെബാസ്റ്റ്യൻ, ജോസി കെ. ജോർജ് എന്നിവർ പ്രസംഗിച്ചു.

# പ്രേമലു 2 വരുന്നു; ഔദ്യോഗികമായി പ്രഖ്യാപിച്ച് ഗിരീഷ് എ.ഡി.



സൂപ്പർഹിറ്റ് ചിത്രം 'പ്രേമലു'വിനു രണ്ടാം ഭാഗം വരുന്നു. സംവിധായകൻ ഗിരീഷ് എ.ഡി. ആണ് ഇക്കാര്യം ഔദ്യോഗികമായി സ്ഥിരീകരിച്ചത്. കൊച്ചിയിൽ നടന്ന പ്രേമലു സിനിമയുടെ വിജയാഘോഷ പരിപാടിയിലായിരുന്നു സംവിധായകന്റെ പ്രഖ്യാപനം.

ആദ്യ ഭാഗത്തിലെ അതേ താരനിരയും അണിയറ പ്രവർത്തകരുമാകും രണ്ടാം ഭാഗത്തിലുമെത്തുക. ഭാവന സ്റ്റുഡിയോസ് ആണ് നിർമാണം. മലയാളത്തിനു പുറമെ തമിഴ് തെലുങ്ക് ഭാഷകളിലും ഡബ്ബ് ചെയ്ത് ചിത്രം ഒരുമിച്ച് റിലീസ് ചെയ്യാനാണ് ഇത്തവണ പദ്ധതിഫെബ്രുവരി ഒൻപതിന് തിയറ്ററുകളിലെത്തിയ ചിത്രം മലയാളത്തിലെ ബോക്സ്ഓഫിസ് റെക്കോർഡുകൾ തിരുത്തിക്കുറിച്ചിരുന്നു. 12.50 കോടി മുടക്കിയ സിനിമയുടെ ആഗോള കലക്ഷൻ 135 കോടിയായിരുന്നു.

# 93ാം വയസ്സിൽ തന്റെ പുതിയ സിനിമയുടെ ചിത്രീകരണം പൂർത്തിയാക്കി ക്ലിന്റ് ഈസ്റ്റ്വുഡ്



ആറരപതിറ്റാണ്ട് നീണ്ട സിനിമ ജീവിതത്തിന് വിരാമമിടാനൊരുങ്ങി ഹോളിവുഡ് ഇതിഹാസം ക്ലിന്റ് ഈസ്റ്റ്വുഡ്. വാർണർ ബ്രദേഴ്സ് സ്റ്റുഡിയോയ്ക്കായി സംവിധാനം ചെയ്യുന്ന 'ജൂറർ നമ്പർ ടു' ആണ് ഇതിഹാസ താരത്തിന്റെ കരിയറിലെ അവസാന ചിത്രം. സിനിമയുടെ ചിത്രീകരണം പൂർത്തിയായതോടെ പതിറ്റാണ്ടുകൾ നീണ്ടുനിന്ന സിനിമാ ജീവിതത്തിനാണ് വിരാമമായത്. 93ാം വയസ്സിലും സിനിമയോടുള്ള അടങ്ങാത്ത അഭിനിവേശം മനസ്സിൽ സൂക്ഷിക്കുന്ന ക്ലിന്റ് ഈസ്റ്റ്വുഡ് തന്റെ കരിയറിലെ അവസാന ചിത്രമായി ഒരുക്കുന്നത് ഒരു കോർട്ട് റൂം ഡ്രാമയാണ്. നിക്കോളാസ് ഹോൾട്ട് നായകനാകുന്ന ചിത്രത്തിന്റെ പോസ്റ്റ് പ്രൊഡക്ഷൻ വർക്കുകൾ പൂർത്തിയായെങ്കിലും സിനിമയുടെ റിലീസ് തീയതി പ്രഖ്യാപിച്ചിട്ടില്ല.

ഒരു കൊലപാതക വിചാരണയുടെ പശ്ചാത്തലത്തിലുള്ള കോർട്ട് റൂം ഡ്രാമയാണ് ജൂറർ നമ്പർ 2. ഹോൾട്ടിന് പുറമെ സോയി ഡച്ച്, കീഫർ സതർലാൻഡ്, ഗബ്രിയേൽ ബാസോ, ലെസ്ലി ബിബ് തുടങ്ങിയവരും ചിത്രത്തിൽ അണിനിരക്കുന്നുണ്ട്.

അലറുന്ന തൊണ്ണൂറുകളിൽ അടിപതറാതെ, ഒരു കൗബോയ് 2021ൽ റിലീസ് ചെയ്ത ക്രൈ മാച്ചോ ആണ് ക്ലിന്റ് ഇതിനു മുമ്പ് സംവിധാനം ചെയ്ത ചിത്രം. അൺഫോർഗിവൻ, മില്യൺ ഡോളർ ബേബി, മിസ്റ്റിക് റിവർ, അമേരിക്കൻ സ്നൈപ്പർ തുടങ്ങി നിരവധി സൂപ്പർ ഹിറ്റ് സിനിമകളുടെ സ്രഷ്ടാവായ അദ്ദേഹം പ്രേക്ഷകർക്കായി ഒടുവിൽ കാത്തുവച്ചിരിക്കുന്നത് എന്താണെന്നറിയാനുള്ള ആകാംക്ഷയിലാണ് സിനിമാപ്രേമികളും.

2008ൽ പുറത്തിറങ്ങിയ ഗ്രാൻ ടൊറിനോയ്ക്ക് ശേഷം കഴി!ഞ്ഞ ഒന്നര പതിറ്റാണ്ടായി വാർണർ ബ്രദേഴ്സിനായി മാത്രമാണ് ക്ലിന്റ് ഈസ്റ്റ്വുഡ് സിനിമയൊരുക്കിയിട്ടുള്ളത്. ഇൻവിക്റ്റസ്, സള്ളി, അമേരിക്കൻ സ്നൈപ്പർ തുടങ്ങിയ ഹിറ്റുകൾ പിറന്നതും ഈ കൂട്ടുകെട്ടിലാണ്. പതിറ്റാണ്ടുകൾ നീണ്ടു നിൽക്കുന്ന സിനിമാ ജീവിതത്തിൽ നാൽപതോളം സിനിമകൾ സംവിധാനം ചെയ്തിട്ടുണ്ട് അദ്ദേഹം.

# 'അപ്പനു' ശേഷം ചിരിപ്പടവുമായി മജു

പ്രേക്ഷക പ്രശംസ നേടിയ 'അപ്പൻ' എന്ന ചിത്രത്തിനു ശേഷം മജു സംവിധാനം ചെയ്യുന്ന പുതിയ ചിത്രമാണ് പെരുമാനി. പേര് സൂചിപ്പിക്കും പോലെ ഏറെ വ്യത്യസ്തമായ ഒരു ഗ്രാമത്തിന്റെയും അവിടുത്തെ മനുഷ്യരുടെയും കഥ പറയുന്ന സിനിമയുടെ ടീസർ അണിയറ പ്രവർത്തകർ പുറത്തുവിട്ടു. വിനയ് ഫോർട്ട്, സണ്ണി വെയ്!ൻ, ലുക്ക്മാൻ എന്നിവരുടെ കോമഡി നമ്പറുകളാകും സിനിമയുടെ പ്രധാന ആകർഷണം.

'പെരുമാനി' എന്ന ഗ്രാമവും അവിടെ ജീവിക്കുന്ന മനുഷ്യരും അവർ അഭിമുഖീകരിക്കുന്ന സംഭവവികാസങ്ങളുമാണ് ചിത്രത്തിന്റെ ഇതിവൃത്തം. സംവിധായകൻ മജു തന്നെയാണ് ചിത്രത്തിന്റെ തിരക്കഥ തയാറാക്കിയത്. ഇതൊരു ഫാന്റസി ഡ്രാമയാണ്. യൂൻ വി മൂവീസും മജു മൂവീസും ചേർന്നാണ് ചിത്രം അവതരിപ്പിക്കുന്നത്. ഫിറോസ് തൈരിനിലാണ് നിർമാതാവ്. ചിത്രത്തിന്റെ ഡിസ്ട്രിബ്യൂഷൻ സെഞ്ച്വറി ഫിലിംസാണ് സ്വന്തമാക്കിയിരിക്കുന്നത്. പെരുമാനി മെയ് മാസത്തിൽ പ്രദർശനത്തിനെത്തും.

ദീപ തോമസ്,രാധിക രാധാകൃഷ്ണനൻ,നവാസ് വള്ളിക്കുന്ന്, വിജിലേഷ്, ഫ്രാങ്കോ എന്നിവരാണ് മറ്റ് അഭിനേതാക്കൾ. സജീവ് മേനോൻ, ശ്യാംധർ എന്നിവരാണ് എക്സിക്യൂട്ടീവ് പ്രൊഡ്യൂസേഴ്സ്. മനേഷ് മാധവനാണ് ഛായാഗ്രഹണം ഒരുക്കുന്നത്. ഗോപി സുന്ദറാണ് സംഗീത സംവിധായകൻ.

എഡിറ്റർ ജോയൽ കവി. സൗണ്ട് ഡിസൈൻ ജയദേവൻ ചക്കാടത്ത്, ഗാനങ്ങൾ മുഹ്സിൻ പെരാരി, സുഹൈൽ കോയ, പ്രൊജക്റ്റ് ഡിസൈനെർ ഷംസുദീൻ മങ്കരത്തൊടി, സിങ്ക് സൗണ്ട് വൈശാഖ് പി.വി, പ്രൊഡക്ഷൻ കൺട്രോളർ ഗിരീഷ് അത്തോളി, ചീഫ് അസോഷ്യേറ്റ് അനീഷ് ജോർജ്, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് ഹാരിസ് റഹ്മാൻ,പ്രൊജക്റ്റ് കോർഡിനേറ്റർ അനൂപ് കൃഷ്ണ, ഫിനാൻസ് കൺട്രോളർ വിജീഷ് രവി.

ആർട് ഡയറക്ടർ വിശ്വനാഥൻ അരവിന്ദ്, കോസ്റ്റ്യൂം ഡിസൈനെർ ഇർഷാദ് ചെറുകുന്ന്, മേക്ക് അപ്പ് ലാലു കൂട്ടലിട, വി എഫ് എക്സ് സജി ജൂനിയർ എഫ് എക്സ്, കളറിസ്റ്റ് രമേശ് അയ്യർ,അസോ. ഡയറക്ടേഴ്സ് ഷിന്റോ വടക്കേക്കര, അഭിലാഷ് ഇല്ലിക്കുളം, സ്റ്റണ്ട് മാഫിയ ശശി, സ്റ്റിൽസ് സെറീൻ ബാബു, പോസ്റ്റർ ഡിസൈനിങ് യെല്ലോ ടൂത്ത്, പിആർഒ ആൻഡ് മാർക്കറ്റിങ് വൈശാഖ് വടക്കേവീട്, ജിനു അനിൽ കുമാർ.





# കുട്ടികളെ ഉറപ്പായും കാണിക്കാവുന്ന പത്തു സിനിമകൾ

ഇറാനിയൻ ഭാഷയിലെത്തിയ ഈ സിനിമ അതിവേഗത്തിൽ ലോകം മുഴുവൻ ശ്രദ്ധിക്കപ്പെട്ടു. ഭാഷയുടെ അതിരുകളില്ലാതെ എല്ലായിടത്തും സിനിമ പ്രദർശിപ്പിച്ചു. നിരവധി പുരസ്കാരങ്ങൾ വിവിധ രാജ്യങ്ങളിൽ നിന്നായി ലഭിച്ചു. കുട്ടികൾക്കായി വന്ന മികച്ച സിനിമകളിൽ ഇന്നും ആദ്യ സ്ഥാനത്തു തന്നെ ചിൽഡ്രൻ ഓഫ് ഹെവൻ ഉണ്ട്.

അലിയും സാറയുമായെത്തിയ അമീർ ഫറോഖിന്റെയും ബഹാരെ സെദ്ദിഖിയുടെയും അഭിനയ പ്രകടനം തന്നെയായിരുന്നു സിനിമയുടെ ആത്മാവ്. തിരക്കേറിയ സ്ഥലങ്ങളിൽ സിനിമ ഷൂട്ട് ചെയ്യുമ്പോൾ സംവിധായകൻ ക്യാമറ രഹസ്യമായി ഒളിപ്പിച്ചുവച്ചു. എല്ലാം സ്വാഭാവികമായി തോന്നണമെന്ന കാരണത്താൽ ആയിരുന്നു അത്. ഈ ചിത്രത്തിന്റെ വലിയ പ്രത്യേകതകളിൽ ഒന്നായി അത് എല്ലാവരും എടുത്തു പറയുകയും ചെയ്തു. അമീറിനെയും ബഹാരയെയും ഒരുപാട് പരിശീലന പരിപാടികളിൽ പങ്കെടുപ്പിച്ച ശേഷമായിരുന്നു സിനിമയിൽ അഭിനയിപ്പിച്ചത്. ഓരോ രംഗവും അഭിനയിക്കും മുൻപ് കുട്ടികളായ അവരുടെയും അഭിപ്രായം കേട്ട ശേഷമാണ് സംവിധായകനായ മജീദ് മജീദി ചിത്രീകരണത്തിലേക്ക് കടന്നിരുന്നത്.

ലോകം മുഴുവൻ സിനിമ അംഗീകരിച്ചെങ്കിലും അതിന് മുൻപ് വലിയ പ്രതിസന്ധിയുടെ കാലം ഈ സിനിമയ്ക്കുണ്ടായിരുന്നു. സിനിമ നിർമിക്കാൻ പലരും മടിച്ചു നിന്നു. ഷോർട് ഫിലിമായി എടുക്കേണ്ട കഥയല്ലേ ഇതെന്ന് പലരും സംവിധായകനോട് തന്നെ ചോദിച്ചു. ഒടുവിൽ നിർമാതാവായി എത്തിയ അടുത്ത സുഹൃത്തും മജീദ് മജീദിയോട് പറഞ്ഞത് വളരെ ചെറിയ തുകയ്ക്ക് സിനിമയുടെ ചിത്രീകരണം പൂർത്തിയാക്കണം എന്നാണ്. ചിത്രീകരണം പൂർത്തിയാക്കിയ ശേഷം തിയറ്ററുകളിലേക്ക് ഈ സിനിമ എത്തിക്കാനും പലരും മടിച്ചു. നിരവധി ചലച്ചിത്രമേളകളിലും ഇതേ അവസ്ഥയായി. എന്നാൽ സിനിമ കണ്ടവർക്കൊക്കെ ഇഷ്ടപ്പെട്ടതോടെ ലോകം മുഴുവൻ ചർച്ച ചെയ്യപ്പെട്ട ക്ലാസിക് ആയി മാറുകയായിരുന്നു.

# ഇനി മാത്യുവിന്റെ ഊഴം; 'കപ്പ്' അടിക്കാൻ കണ്ണൻ വരുന്നു; ടീസർ



മാത്യു തോമസിനെ കേന്ദ്ര കഥാപാത്രമാക്കി നവാഗതനായ സഞ്ജു സാമുവൽ സംവിധാനം ചെയ്യുന്ന പുതിയ ചിത്രമായ കപ്പ് ടീസർ എത്തി. ഓം ശാന്തി ഓശാന, ഒരു സെക്കൻഡ് ക്ലാസ് യാത്ര, അമർ അക്ബർ അന്തോണി തുടങ്ങിയ ചിത്രങ്ങളുടെ അസോഷ്യേറ്റ് ആയി പ്രവർത്തിച്ച സഞ്ജു സാമുവലിന്റെ ആദ്യ സംവിധാന സംരംഭം ബാഡ്മിന്റൻ കളിയുടെ പശ്ചാത്തലത്തിലാണ് ഒരുക്കുന്നത്. ഗുരു സോമസുന്ദരം, ബേസിൽ ജോസഫ്, ഇന്ദ്രൻസ് തുടങ്ങിയവരാണ് മറ്റു പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്.

അനന്യ ഫിലിംസിന്റെ ബാനറിൽ ആൽവിൻ ആന്റണി ആണ് ചിത്രം നിർമിക്കുന്നത്. അൽഫോൻസ് പുത്രനാണ് ചിത്രം അവതരിപ്പിക്കുന്നത്.

ഇടുക്കി ജില്ലയിലെ മലയോര കുടിയേറ്റ പ്രദേശമായ വെള്ളത്തൂവൽ എന്ന ഗ്രാമത്തിന്റെ പശ്ചാത്തലത്തിലാണ് കഥ പറയുന്നത്. ഇടുക്കിയിൽ നിന്ന് ബാഡ്മിന്റണിലൂടെ ഇന്ത്യയ്ക്ക് വേണ്ടി കളിക്കാൻ ആഗ്രഹിക്കുന്ന യുവാവിന്റെ സ്വപ്ന സാക്ഷാത്ക്കാരത്തിന്റെ കഥ പറയുന്ന ചിത്രമാണിത്.

ബാഡ്മിന്റനിൽ ഇന്ത്യയ്ക്ക് വേണ്ടി കളിക്കുക, ഒളിംപിക്സിൽ പങ്കെടുക്കുക എന്നതാണ് കണ്ണൻ എന്ന യുവാവിന്റെ ലക്ഷ്യം. അതിനായുള്ള അവന്റെ ശ്രമങ്ങൾക്കൊപ്പം നാടും വീടും, സ്കൂളുമൊക്കെ അവനോടൊപ്പം ചേരുകയാണ്.ചിത്രത്തിലൂടെ പുതുമുഖ നായികയെ കൂടി ഈ ചിത്രത്തിലൂടെ അവതരിപ്പിക്കുന്നു. നിർമാതാവ് ഷിബു തമീൻസിന്റെ മകൾ റിയയാണ് ആ പുതിയ താരം. നമിതാ പ്രമോദ് മറ്റൊരു പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്നു . ബേസിൽ ജോസഫ്, ഗുരു സോമസുന്ദരം, ഇന്ദ്രൻസ്, ജൂഡ് ആന്റണി, ആനന്ദ് റോഷൻ, തുഷാര, അനിഖ സുരേന്ദ്രൻ എന്നിവരും പ്രധാന കഥാപാത്രങ്ങളാണ്.

സഞ്ജു സാമുവലിന്റെ കഥയ്ക്ക് തിരക്കഥ ഒരുക്കുന്നത് അഖിലേഷ് ലതാ രാജ്, ഡെൻസൺ ഡ്യൂറോം, ഛായാഗ്രഹണം നിഖിൽ എസ് പ്രവീൺ, എഡിറ്റർ റെക്സൻ ജോസഫ്, സംഗീതം ഷാൻ റഹ്മാൻ, കലാസംവിധാനം ജോസഫ് നെല്ലിക്കൽ, വസ്ത്രാലങ്കാരം നിസാർ റഹ്മത്ത്, പ്രൊഡക്ഷൻ കൺട്രോളർ നന്ദു പൊതുവാൾ, മേക്കപ്പ് ജിതേഷ് പൊയ, വരികൾ മനു മഞ്ജിത്, ചീഫ് അസോസിയേറ്റ് ഡയറക്ടർ രഞ്ജിത്ത് മോഹൻ, മുകേഷ് വിഷ്ണു, പിആർഒ വാഴൂർ ജോസ്.

# കുട്ടികളും മാതാപിതാക്കളും നിർബന്ധമായും കണ്ടിരിക്കേണ്ട ചില ലോക ക്ലാസിക് സിനിമകൾ

മജീദ് മജീദിയുടെ ഇറാനിയൻ ചിത്രം ചിൽഡ്രൻ ഓഫ് ഹെവൻ

ആമസോൺ പ്രൈം, ആപ്പിൾ ടിവി തുടങ്ങിയ പ്ലാറ്റ്ഫോമുകളിൽ ചിത്രം ലഭ്യമാണ്ലോകത്തിലെ തന്നെ ഏറ്റവും മനോഹരമായ കുട്ടികളുടെ സിനിമകളിൽ ഒന്നാണ് ചിൽഡ്രൻ ഓഫ് ഹെവൻ. പ്രശസ്ത ഇറാനിയൻ സംവിധായകൻ മജീദ് മജീദി സംവിധാനം ചെയ്ത ചിത്രം ലോക ക്ലാസിക്കുകളിൽ സിനിമാ പ്രേമികളുടെ ഇഷ്ട ചിത്രം കൂടിയാണ്. 1997ൽ പുറത്തിറങ്ങിയ ഈ സിനിമ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയുമൊക്കെ കഥകളാണ് പറയുന്നത്. കുട്ടികളുടെ നിഷ്കളങ്കത എത്രത്തോളമെന്ന് കാട്ടിത്തരുന്ന ചിത്രം കൂടിയാണിത്. ഏതു പ്രതിസന്ധിയിലും പോരാടാൻ കുട്ടികൾ തയാറാകണമെന്നും ഈ ചലച്ചിത്രം ഓർമപ്പെടുത്തുന്നുണ്ട്.

സഹോദരങ്ങളായ അലിയും സാറയുമാണ് ഇതിലെ പ്രധാന കഥാപാത്രങ്ങൾ. പാവപ്പെട്ട ഒരു വീട്ടിലെ അംഗങ്ങളാണ് ഇരുവരും. ഒരിക്കൽ സാറയുടെ ചെരുപ്പ് നന്നാക്കിക്കൊണ്ടുവരുന്നതിനിടയിൽ അലിയുടെ കൈയിൽ നിന്നും അത് നഷ്ടപ്പെടുന്നു. ചെരുപ്പ് നഷ്ടപ്പെട്ട വിവരം പിതാവറിഞ്ഞാൽ ശിക്ഷിക്കുമെന്ന ഭയത്താൽ അവരിത് അദ്ദേഹത്തിനെ അറിയിച്ചില്ല. ഇനി എങ്ങനെ സ്കൂളിൽ പോകുമെന്ന ഭയവും അവർക്കുണ്ട്. അലിയുടെ കൈയിലുള്ള ഒരു ജോഡി ഷൂസുകൊണ്ട് ഇരുവരും സ്കൂളിൽ പോകുന്നു. രാവിലത്തെ ക്ലാസിൽ സാറയും ഉച്ചകഴിഞ്ഞുള്ള ക്ലാസിൽ അലിയും ഹാജരാകുന്നു.ഇങ്ങനെ എത്ര നാളെന്ന ചിന്ത അവരെ വല്ലാതെ അലട്ടി. അങ്ങനെയിരിക്കെ, കുട്ടികൾക്കായി ഒരു ഓട്ടമത്സരം നടക്കുന്ന വിവരം ഇരുവരും അറിയുന്നു. മത്സരത്തിൽ മൂന്നാം സമ്മാനം ഒരു ജോഡി ഷൂസുകളാണ്. അതോടെ മത്സരത്തിൽ പങ്കെടുക്കാം എന്ന തീരുമാനത്തിൽ അലി എത്തുന്നു. അങ്ങനെ ഒരുപാട് വിദ്യാർഥികളെ മറികടന്ന് ഓടിയ അലിക്ക് പക്ഷേ ലഭിച്ചത് ഒന്നാം സ്ഥാനമാണ്. അതോടെ അവൻ നിരാശനാകുന്നു.

മൂന്നാം സമ്മാനമായ ഷൂവിലേക്ക് അവൻ നിരാശയോടെ നോക്കിനിന്നു പോയി. ഓട്ടമത്സരത്തിൽ പങ്കെടുത്തതോടെ അവന്റെ ആകെയുള്ള ഷൂവും ഇളകിയിരിക്കുന്നു. ഇങ്ങനെ ഒരു വിജയം ഒരിക്കലും അവൻ ആഗ്രഹിച്ചിരുന്നില്ല. മൂന്നാം സ്ഥാനം മോഹിച്ച് ഒന്നാം സ്ഥാനത്തേക്കെത്തിയ അലിയുടെ ദയനീയാവസ്ഥയാണ് ഈ സിനിമ നമ്മോട് പറയുന്നത്. സിനിമയുടെ അവസാനഭാഗത്ത് അവരുടെ അച്ഛൻ കടയിൽ നിന്നും കുറേ സാധനങ്ങൾ വാങ്ങി വീട്ടിലേക്ക് വരുന്നതായി കാണാം. ആ സൈക്കിളിൽ കുറേ സാധനങ്ങൾക്കിടയിൽ ഒരു ജോഡി വെളുത്ത ഷൂസും ഒരു ജോഡി പിങ്ക് ഷൂസും കാണാം.

# ‘നിയമത്തിന് മുന്നിൽ തെറ്റുകാർ’; അനിൽ ആൻണിക്കെതിരേ തെളിവുകളുമായി ടി.ജി. നന്ദകുമാർ

ന്യൂഡൽഹി: പത്തനംതിട്ട എൻഡിഎ സ്ഥാനാർഥി അനിൽ ആൻറണിക്കെതിരേയുള്ള ആരോപണങ്ങളിൽ തെളിവുകൾ പുറത്ത് വിട്ട് ടി.ജി. നന്ദകുമാർ. അനിൽ പണം വാങ്ങിയെന്ന് തെളിയിക്കാനായി ചിത്രങ്ങളും രേഖകളും അദ്ദേഹം മാധ്യമങ്ങൾക്ക് മുന്നിൽ നിരത്തി.

യുപിഎ സർക്കാരിൻറെ കാലത്ത് സുഹൃത്തിനെ കേരള ഹൈക്കോടതിയിലെ സിബിഐ സ്റ്റാൻഡിംഗ് കോൺസലായി നിയമിക്കാൻ അനിൽ 25 ലക്ഷം രൂപ കൈക്കൂലി വാങ്ങിയെന്നായിരുന്നു നന്ദകുമാറിൻറെ ആരോപണം.

പണം കൈമാറിയ സാഗർ രത്ന ഹോട്ടലിൻറെ പുറത്ത് ദുബായി ഡ്യൂട്ടി പെയ്ഡ് കവറുമായി നന്ദകുമാർ നിൽക്കുന്നതിൻറെയും കവർ വാങ്ങുന്നതിൻറെയും ചിത്രങ്ങളാണ് മാധ്യമങ്ങൾക്ക് മുന്നിൽ പ്രദർശിപ്പിച്ചത്. അനിൽ ആൻറണി നന്ദകുമാറിനെ വിളിച്ചതെന്ന് അവകാശപ്പെടുന്ന ഫോൺ നമ്പറും പുറത്ത് വിട്ടു.സ്റ്റാൻഡിംഗ് കോൺസിൽ ഇൻറർവ്യൂ കോൾ ലെറ്റർ പകർപ്പ് കൈയിലുള്ളതായി അദ്ദേഹം പറഞ്ഞു. നിയമനം നടക്കാതെ വന്നപ്പോൾ അഞ്ചുതവണയായി പണം തിരിച്ചുനൽകിയതായും നന്ദകുമാർ വ്യക്തമാക്കി.

അനിലിൻറെ പുതിയ ഗൂഢസംഘം എന്ന് ആരോപിച്ച് നരേന്ദ്രമോദിക്കൊപ്പം അനിൽ ആൻറണി, ആൻഡ്രൂസ് ആൻറണി എന്നിവർ നിൽക്കുന്ന ചിത്രവും നന്ദകുമാർ പുറത്തുവിട്ടു. സംഘം ഇപ്പോൾ എൻഡിഎയ്ക്കൊപ്പമാണെങ്കിലും ഇന്ത്യ മുന്നണി അധികാരത്തിലെത്തിയാൽ ഇവർ അവർക്കൊപ്പം പോകുമെന്ന് നന്ദകുമാർ പരിഹസിച്ചു.ഈ മാസം 26ന് തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ ബാക്കി തെളിവുകൾ പുറത്തുവിടും. തനിക്കെതിരെ കേസ് വന്നാൽ കോൺഗ്രസ് നേതാവ് പി ജെ കുര്യൻ സാക്ഷിയാവുമെന്നും നന്ദകുമാർ പറഞ്ഞു. പണം നൽകിയ താനും സ്വീകരിച്ച അനിൽ ആൻറണിയും നിയമത്തിന് മുന്നിൽ തെറ്റുകാരാണെന്നും നന്ദകുമാർ കൂട്ടിച്ചേർത്തു.

# ഭൂമിയിടപാട്; ശോഭാ സുരേന്ദ്രൻ 10 ലക്ഷം രൂപ വാങ്ങി മടക്കിത്തന്നില്ല: നന്ദകുമാർ

ന്യൂഡൽഹി: ആലപ്പുഴ എൻഡിഎ സ്ഥാനാർഥി ശോഭാ സുരേന്ദ്രനെതിരേ ആരോപണവുമായി ടി.ജി. നന്ദകുമാർ. ശോഭ 10 ലക്ഷം രൂപ വാങ്ങിയശേഷം മടക്കിത്തന്നില്ലെന്ന് അദ്ദേഹം പറഞ്ഞു.

സാമ്പത്തിക പ്രതിസന്ധിയാണെന്നും പണം കടമായി വേണമെന്നും ആവശ്യപ്പെട്ടാണ് ശോഭ തന്നെ സമീപിച്ചത്. എന്നാൽ, പണം കടമായി കൊടുക്കാൻ താൻ ബാങ്കില്ലെന്ന് പറഞ്ഞു. അപ്പോൾ തൃശൂരിലെ ശോഭയുടെ പേരിലുള്ള വസ്തു തനിക്ക് നൽകാമെന്നു പറഞ്ഞു.

അതിൻറെ രേഖകളും കൈമാറി. ഇതിൻ പ്രകാരം കഴിഞ്ഞവർഷം ജനുവരി നാലിന് ഡൽഹി പാർലമെൻറ് സ്ട്രീറ്റിലെ എസ്ബിഐ ബ്രാഞ്ചിൽ നിന്ന് ശോഭയുടെ അക്കൗണ്ടിലേക്ക് 10ലക്ഷം നൽകി. ഇതിൻറെ രസീതും നന്ദകുമാർ പുറത്തുവിട്ടു.എന്നാൽ, ഈ വസ്തു കാണാൻ പോയപ്പോഴാണ് ഇതേ വസ്തു നൽകാമെന്ന് പറഞ്ഞ് മറ്റു രണ്ടു പേരിൽ നിന്ന് ശോഭ പണം കൈപ്പറ്റിയത് അറിയാൻ സാധിച്ചത്. അതിനാൽ വസ്തു ഇടപാട് നടന്നില്ല. പിന്നീട് പല തവണ പണം തിരികെ ആവശ്യപ്പെട്ടെങ്കിലും തിരിച്ചു നൽകിയില്ലെന്നും നന്ദകുമാർ ആരോപിച്ചു. ശോഭയ്ക്ക് ഒപ്പമുള്ളവർ ബന്ധപ്പെട്ട് പ്രശ്നം പരിഹരിക്കണമെന്നും ആവശ്യപ്പെട്ടു.താൻ ഒരു പാർട്ടിയുടെയും ആളല്ല. തനിക്കെതിരേ നടത്തിയ അപകീർത്തികരമായ പരാമർശത്തിന് സുരേന്ദ്രന് വക്കീൽ നോട്ടീസ് അയച്ചിട്ടുണ്ട്. അനിലിനും നോട്ടീസ് അയച്ചിട്ടുണ്ട്. എൻഡിഎയോ ഇന്ത്യാ മുന്നണിയോ, ഏത് സർക്കാർ വന്നാലും താൻ ഉന്നയിച്ച വിഷയങ്ങളിൽ അന്വേഷണം ഉണ്ടാകണം. ആരോപണങ്ങൾ എല്ലാം ഉന്നയിക്കുന്നത് ഉത്തരവാദിത്വത്തോടെയാണെന്നും നന്ദകുമാർ പറഞ്ഞു.

# 2022ൽ യുഎസ് പൗരത്വം ലഭിച്ചത് 65,960 ഇന്ത്യക്കാർക്ക്

വാഷിംഗ്ടൺ: 2022ൽ 65,960 ഇന്ത്യക്കാർക്ക് അമേരിക്കൻ പൗരത്വം ലഭിച്ചതായി യുഎസ് കോൺഗ്രസിൻറെ ഗവേഷണ വിഭാഗം (സിആർഎസ്) റിപ്പോർട്ട്.

ഇതോടെ അമേരിക്കൻ പൗരത്വം സ്വീകരിക്കുന്ന രാജ്യക്കാരുടെ പട്ടികയിൽ മെക്സിക്കോയ്ക്കു പിന്നാലെ ഇന്ത്യ രണ്ടാംസ്ഥാനത്താണ്. 2022 വരെയുള്ള കണക്കുകളനുസരിച്ച് വിദേശത്ത് ജനിച്ച 4.6 കോടി ആളുകളാണ് യുഎസിലുള്ളത്. രാജ്യത്തെ ജനസംഖ്യയിൽ 14 ശതമാനത്തിൻറെ വർധനയാണ് ഇതുവഴി ഉണ്ടായത്. യുഎസ് ജനസംഖ്യ 33.3 കോടിയിലെത്തുകയും ചെയ്തു.

യുഎസിൽ കഴിയുന്ന വിദേശ പൗരന്മാരിൽ 53 ശതമാനം പേർക്കും, അതായത് ഏകദേശം 2.5 കോടി ആളുകൾക്കു സ്വാഭാവിക പൗരത്വം ലഭിച്ചേക്കും. 2022ൽ മൊത്തം 9,69,380 വിദേശപൗരന്മാർക്കാണു യുഎസ് പൗരത്വം ലഭിച്ചത്. കൂടുതൽ പേർ മെക്സിക്കോ (1,28,878)യിൽ നിന്നാണെങ്കിൽ രണ്ടാം സ്ഥാനം ഇന്ത്യക്കാണ്. ഫിലിപ്പീൻസ് (53,413), ക്യൂബ (46,913), ഡൊമിനിക്കൻ റിപ്പബ്ലിക് (34,525) എന്നിങ്ങനെയാണു തൊട്ടുതാഴെയുള്ള രാജ്യങ്ങളിൽനിന്നുള്ളവരുടെ എണ്ണം.

2023 വരെയുള്ള കണക്കുകളനുസരിച്ച് യുഎസിൽ താമസിക്കുന്ന ഇന്ത്യക്കാരുടെ എണ്ണം 28,31,330 ആണ്. 1,06,38,429 പേരുള്ള മെക്സിക്കൻ വംശജരാണ് യുഎസിലെ ഏറ്റവുംവലിയ കുടിയേറ്റ സമൂഹം. 22,25,447 പേരുള്ള ചൈനയ്ക്കാണു മൂന്നാംസ്ഥാനം. എന്നാൽ ഇവരിൽ വലിയൊരു വിഭാഗത്തിന് യുഎസ് പൗരത്വം ലഭിക്കുന്നതിന് ഇപ്പോഴുള്ള നിയമങ്ങൾ അപര്യാപ്തമാണെന്ന് വിലയിരുത്തപ്പെടുന്നു.

## മലേഷ്യയിൽ പരിശീലനപറക്കലിനിടെ സൈനിക ഹെലികോപ്റ്ററുകൾ കൂട്ടിയിടിച്ചു;10 മരണം

കാലാലംപുർ: മലേഷ്യയിൽ ഹെലികോപ്റ്ററുകൾ കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ 10 പേർ മരിച്ചു. ചൊവ്വാഴ്ച രാവിലെ 9.32ന് പടിഞ്ഞാറൻ സംസ്ഥാനമായ പെരാക്കിലെ മലേഷ്യയിൽ നാവികസേനയുടെ ആസ്ഥാനമായ ലുമുട്ടിലാണ് അപകടം.

റോയൽ മലേഷ്യൻ നേവി പരേഡിനുള്ള സൈനിക പരിശീലനപറക്കലിനിടെയാണ് ഹെലികോപ്റ്ററുകൾ കൂട്ടിയിടിച്ചത്. വിവിധ ഹെലിക്കോപ്റ്ററുകൾ പറന്നുയരുന്നതിനിടെ എച്ച്ഒഎം എം5033, ഫെനെക് എം 5026 എന്നീ ഹെലികോപ്റ്ററുകൾ കൂട്ടിയിടിക്കുകയായിരുന്നു.

ആദ്യത്തെ ഹെലികോപ്റ്ററിൽ ഏഴ് പേരും രണ്ടാമത്തേതിൽ മൂന്നുപേരുമാണ് ഉണ്ടായിരുന്നത്. എല്ലാവരും സംഭവസ്ഥലത്ത് തന്നെ മരിച്ചു. മൃതദേഹങ്ങൾ ലുമുട്ട് ആർമി ബേസ് ആശുപത്രിയിലേക്ക് മാറ്റി.

അപകടത്തിൻറെ കാരണം അന്വേഷിക്കാൻ സമിതി രൂപീകരിക്കുമെന്ന് റോയൽ മലേഷ്യൻ നേവി അധികൃതർ വ്യക്തമാക്കി.

## സിംഗപൂരിൽ കാമുകിയെ കൊലപ്പെടുത്തിയ ഇന്ത്യൻ വംശജന് 20 വർഷത്തെ തടവു ശിക്ഷ

സിംഗപൂർ: സിംഗപൂരിൽ കാമുകിയെ കൊലപ്പെടുത്തിയ ഇന്ത്യൻ വംശജന് 20 വർഷത്തെ തടവു ശിക്ഷ. 2019 ജനുവരി 17 എം. കൃഷ്ണൻ(40) എന്നയാളാണ് കാമുകി മല്ലിക ബീഗം റഹമാൻസ അബ്ദുൾ റഹമാനെ(40) കൊലപ്പെടുത്തിയത്.

മല്ലികയ്ക്ക് അന്യ പുരുഷന്മാരുമായി ബന്ധമുണ്ടെന്ന സംശയത്തെ തുടർന്നുണ്ടായ വാക്കുതർക്കം കൈയാങ്കളിയിൽ കലാശിക്കുകയായിരുന്നു. ചവിട്ടിയും തൊഴിച്ചുമാണ് ഇയാൾ മല്ലികയെ കൊലപ്പെടുത്തിയത്.

കൃഷ്ണൻ കഴിഞ്ഞയാഴ്ച ഹൈക്കോടതിയിൽ കുറ്റം സമ്മതിച്ചതായി ‘ടുഡേ’ പത്രം തിങ്കളാഴ്ച റിപ്പോർട്ട് ചെയ്തു.

## ചൈനീസ് കമ്പനികൾക്ക് ഉപരോധം ഏർപ്പെടുത്തി അമേരിക്ക

വാഷിംഗ്ടൺ: പാക്കിസ്ഥാന് മിസൈൽ നിർമാണ സാമഗ്രികൾ വിതരണം ചെയ്ത ചൈനീസ് കമ്പനികൾക്ക് ഉപരോധം ഏർപ്പെടുത്തി അമേരിക്ക. മൂന്നു ചൈനീസ് കമ്പനികൾക്കും ഒരു ബെലാറൂസ് കമ്പനിക്കുമാണു വിലക്കേർപ്പെടുത്തിയത്.പാക്കിസ്ഥാൻറെ ദീർഘദൂര മിസൈൽ പദ്ധതികൾക്കായാണ് കമ്പനികൾ യുദ്ധ അനുബന്ധ ഉപകരണങ്ങൾ നൽകിയത്.ചൈനീസ് കമ്പനികളായ സിയാൻ ലോംഗ്ദെ ടെക്നോളജി ഡെവലപ്മെൻറ്, ടിയാൻജിൻ ക്രിയേറ്റീവ് സോഴ്സ് ഇൻറർനാഷണൽ ട്രേഡ് ആൻഡ് ഗ്രാൻപെക്റ്റ്, ബെലാറൂസിൽനിന്നുള്ള മിൻസ്ക് വീൽ ട്രാക്ടർ പ്ലാൻറ് എന്നീ കമ്പനികൾക്കാണ് ഉപരോധം ഏർപ്പെടുത്തിയത്.

## പെയിൻറ് കമ്പനിയുടെ ഡീലർഷിപ്പ് വാഗ്ദാനം ചെയ്ത് 11 ലക്ഷം രൂപ തട്ടിയെടുത്തു

ലക്നോ: ഉത്തർപ്രദേശിലെ മാഫിയ തലവൻ ബ്രിജേഷ് സിംഗിൻറെ മകൻറെ പക്കൽ നിന്നും സൈബർ തട്ടിപ്പുകാർ പണം തട്ടിയെടുത്തു. സിദ്ധാർഥ് സിംഗിൽ നിന്നും ഒരു പെയിൻറ് കമ്പനിയുടെ ഡീലർഷിപ്പ് വാഗ്ദാനം ചെയ്ത് 11 ലക്ഷം രൂപയാണ് തട്ടിയെടുത്തത്.

സിദ്ധാർഥ് സിംഗിൻറെ പരാതിയുടെ അടിസ്ഥാനത്തിൽ എഫ്ഐആർ രജിസ്റ്റർ ചെയ്തതായി സൈബർ ക്രൈം പോലീസ് സ്റ്റേഷനിലെ ഇൻസ്പെക്ടർ വിജയ് നരേൻ മിശ്ര പറഞ്ഞു.

ഐപിസി സെക്ഷൻ 417 (വഞ്ചന), 420, 465 (വ്യാജരേഖ ചമയ്ക്കൽ), 468, 471 (വ്യാജരേഖ ചമയ്ക്കൽ), ഐടി നിയമത്തിലെ 66 ഡി എന്നീ വകുപ്പുകൾ പ്രകാരമാണ് എഫ്ഐആർ രജിസ്റ്റർ ചെയ്തിരിക്കുന്നത്.

# ചൈനയ്ക്കുവേണ്ടി ചാരവൃത്തി; ജർമനിയിൽ മൂന്നു പേർ അറസ്റ്റിൽ

ബെർലിൻ: ചൈനയ്ക്കുവേണ്ടി ചാരപ്രവർത്തനം നടത്തിയെന്നാരോപിച്ച് ജർമനിയിൽ മൂന്നു പേർ അറസ്റ്റിൽ.

ഫ്രാങ്ക്ഫർട്ടിനു സമീപം ഡസൽഡോർഫിലും ബാഡ് ഹോംബർഗിലുംമായാണു പ്രതികൾ അറസ്റ്റിലായത്. ഇവരുടെ വീടുകളിലും ഓഫീസുകളിലും റെയ്ഡ് നടന്നു.

സൈനിക സാങ്കേതികവിദ്യ ചൈനയ്ക്കു കൈമാറിയെന്നാരോപിച്ചാണ് അറസ്റ്റ്. പ്രതികൾ മൂന്നു പേരും ജർമൻ പൗരന്മാരാണ്. ഇതിൽ തോമസ് ആർ. എന്നയാൾ ചൈന സുരക്ഷാ മന്ത്രാലയത്തിലെ ഉദ്യോഗസ്ഥനുവേണ്ടി സൈനിക ആവശ്യത്തിനുള്ള നൂതന സാങ്കേതികവിദ്യകളെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ചതായി ഫെഡറൽ പ്രോസിക്യൂട്ടർ പ്രസ്താവനയിൽ പറഞ്ഞു.

ഇതിനായി ഇയാൾ ഹെർവിംഗ് എഫ്. ഇനാ എഫ് ദമ്പതികളെ ഗവേഷകരുമായി ബന്ധപ്പെടാൻ നിയോഗിച്ചതായും പറയുന്നു. ഇവർ ഒരു അജ്ഞാത ജർമൻകമ്പനിയുമായി ഗവേഷണവിവര കൈമാറ്റക്കരാർ ഉണ്ടാക്കി.

ഇതിൻറെ ആദ്യഘട്ടം യുദ്ധക്കപ്പലുകൾ ഉൾപ്പെടെയുള്ള കപ്പൽ എൻജിനുകൾക്ക് ഉപയോഗിക്കാവുന്ന യന്ത്രഭാഗങ്ങളുടെ സാങ്കേതികവിദ്യയെക്കുറിച്ചു പഠനം നടത്തുക എന്നതായിരുന്നു. പ്രോജക്ടിന് ധനസഹായം നൽകിയത് ചൈനീസ് ഭരണകൂടമാണെന്നു പ്രോസിക്യൂട്ടർ പറഞ്ഞു.

## ‘കെറെയിൽ അനുകൂലികൾക്ക് വോട്ടില്ല’ പ്രചാരണം ശക്തമാക്കി ജനകീയ സമിതി

കോട്ടയം: കെറെയിൽ അനുകൂലികൾക്ക് വോട്ടില്ല എന്ന മുദ്രാവാക്യമുയർത്തി സംസ്ഥാന വ്യാപകമായി കെ റെയിൽ വിരുദ്ധ ജനകീയ സമിതിയുടെ നേതൃത്വത്തിൽ പ്രചാരണം സംഘടിപ്പിച്ചു കൊണ്ടിരിക്കുകയാണെന്ന് സമരസമിതി ഭാരവാഹികൾ. കെറെയിൽ സിൽവർ ലൈൻ പദ്ധതി വന്നപ്പോൾ കോട്ടയത്തെ എംപിയും എൽഡിഎഫ് സ്ഥാനാർഥിയുമായ തോമസ് ചാഴികാടൻ സിൽവർ ലൈൻ പദ്ധതിയെ എതിർത്തുകൊണ്ടുള്ള സമരത്തിൽ പങ്കെടുക്കുകയും പ്രധാനമന്ത്രിക്കും മുഖ്യമന്ത്രിക്കും നിവേദനം നൽകുകയും ചെയ്തതാണ്. സിൽവർലൈൻ പദ്ധതി സംബന്ധിച്ച് തോമസ് ചാഴികാടൻറെ നിലപാട് വ്യക്തമാക്കണമെന്ന് കെറെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതി രക്ഷാധികാരി വി. ജെ. ലാലി, ജില്ലാ ചെയർമാൻ ബാബു കുട്ടൻചിറ, കൺവീനർ സിബി ജോൺ എന്നിവർ പത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു.കെറെയിൽ സിൽവർ ലൈൻ അനുകൂലികൾക്ക് വോട്ടില്ല എന്ന പ്ലക്കാർഡും പിടിച്ച് സിൽവർലൈൻ കടന്നു പോകുന്ന വഴികളിലൂടെ ഇന്നും നാളെയും സ്ക്വാഡ് പ്രവർത്തനങ്ങളും പ്രധാനകേന്ദ്രങ്ങളിൽ പൊതുസമ്മേളനങ്ങളും നടത്തുമെന്നും ഇവർ അറിയിച്ചു. കെറെയിൽ സിൽവർലൈൻ വിരുദ്ധ സമരങ്ങളിൽ പങ്കെടുത്തതിൻറെ പേരിൽ സംസ്ഥാന സർക്കാർ എടുത്തിരിക്കുന്ന നൂറുകണക്കിന് കേസുകൾ പിൻവലിക്കണമെന്നും വി. ജെ. ലാലി, ബാബു കുട്ടൻചിറ, സിബി ജോൺ എന്നിവർ ആവശ്യപ്പെട്ടു.

# സപ്തഭാഷ, ആംഗ്യഭാഷ കോൾ സെൻററുകൾ തുടങ്ങി

കാസർഗോഡ്: ലോക്സഭ തെരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് കേൾവി സംസാര പരിമിതർക്കായി ആംഗ്യ ഭാഷയിലുള്ള വീഡിയോ കോൾ സംവിധാനവും സപ്തഭാഷ കൺട്രോൾ റൂം സംവിധാനവും ആരംഭിച്ചു. ജില്ലാ വരണാധികാരി കൂടിയായ ജില്ലാ കളക്ടർ കെ. ഇമ്പശേഖർ വീഡിയോ കോൾ വഴി സംസാരിച്ച് ഉദ്ഘാടനം ചെയ്തു.

രാജ്യത്ത് തന്നെ ആദ്യമായാണ് ഒറ്റ കൺട്രോൾ റൂമിൽ നിന്നും 11 ഭാഷയിൽ സേവനം ലഭ്യമാകുന്നത്. ജില്ലയ്ക്ക് പുറമേ സംസ്ഥാനത്തെ കേൾവി സംസാര പരിമിതരിലെ ആർക്കും ആംഗ്യ ഭാഷയിലുള്ള വീഡിയോ കോൾ സംവിധാനം പ്രയോജനപ്പെടുത്താം.

ഇലക്ഷൻ കൺട്രോൾ റൂം ചാർജ് ഓഫീസർ ആദിൽ മുഹമ്മദാണ് നേതൃത്വം നൽകുന്നത്. ലോക്സഭ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സംസാരിക്കാൻ കഴിയാത്ത ആളുകളുടെ സംശയങ്ങളും പരാതികളും കൃത്യമായി ദൂരീകരിക്കാനാണ് ഇങ്ങനെയൊരു സംവിധാനം ഒരുക്കിയിട്ടുള്ളത്. 25 വരെ ആംഗ്യഭാഷ കോൾ സെൻറർ പ്രവർത്തിക്കും.

രാവിലെ 10 മുതൽ വൈകുന്നേരം അഞ്ചുവരെ 9947824180, 7558068930, 9048641188 എന്നീ വാട്സ് ആപ്പ് നമ്പറിൽ വീഡിയോ കോൾ ചെയ്യാം. വനിതാ ശിശുവികസന ഓഫീസിലെ ക്ലർക്ക് ടി. പവിത്രൻ, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് അബുൾ റഹീം, ജിഎസ്ടി ടൈപ്പിസ്റ്റ് അതുൽ രാജ് എന്നിവരാണ് വീഡിയോ കോൾ മുഖേന ആംഗ്യ ഭാഷയിലൂടെ സംശയ നിവാരണം നടത്തുക.

മലയാളം, കന്നഡ, ബ്യാരി, തുളു, ഉറുദു, കൊങ്കിണി, മറാഠി എന്നീ ഭാഷകൾക്ക് പുറമേ ഇംഗ്ലീഷ്, ഹിന്ദി, തമിഴ് എന്നീ ഭാഷകളിലും സംവദിക്കാം. സേവനത്തിനായി ടോൾഫ്രീ നമ്പറായ 1950 എന്ന നമ്പറിൽ ബന്ധപ്പെടാം. ബ്യാരി ഭാഷയിലായിരുന്നു ആദ്യ കോൾ.

അസിസ്റ്റൻറ് കളക്ടർ ദീലിപ് കെ കൈനിക്കര, ഇലക്ഷൻ കൺട്രോൾ റൂം ചാർജ് ഓഫീസർ ആദിൽ മുഹമ്മദ്, മാൻ പവർ മാനേജ്മെൻറ് നോഡൽ ഓഫീസർ ആസിഫലിയാർ, പി. ഡബ്യൂ. ഡി നോഡൽ ഓഫീസർ ആര്യാ പി. രാജ്, ഗതാഗതം നോഡൽ ഓഫീസർ അജിത്ത് ജോൺ, അജിത, തഹസിൽദാർ വി. ഷിനു, ബി. നിഷ, ജി. രസ്മി, എം. എ. രമ്യ, സിന്ദു, ടി. പവിത്രൻ, അഡ്വ. ആയിശ അഫ്രീൻ, നോയൽ റോഡ്രിഗസ്, ഉദയ് പ്രകാശ്, കിഷോർ കുമാർ, ഉഷാദേവി, കൺട്രോൾ റൂം സ്റ്റാഫ് എന്നിവർ സംബന്ധിച്ചു.

# ജില്ലയിൽ എട്ടു കന്പനി സിഎപിഎഫിനെ വിന്യസിക്കും: ജില്ലാ കളക്ടർ

കോഴിക്കോട്: ജില്ലയിൽ തെരഞ്ഞെടുപ്പ് സുതാര്യവും നീതിപൂർവകവുമാക്കാൻ ശക്തമായ സുരക്ഷാ സന്നാഹങ്ങൾ ഒരുക്കിയതായി ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ കൂടിയായ ജില്ലാ കളക്ടർ സ്നേഹിൽ കുമാർ സിംഗ്. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അന്തിമ ഒരുക്കങ്ങൾ വിലയിരുത്തുന്നതിനായി കേന്ദ്ര നിരീക്ഷകരുടെ സാന്നിധ്യത്തിൽ ചേർന്ന കോഴിക്കോട്, വടകര മണ്ഡലങ്ങളിലെ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കള്ളവോട്ട്, ആൾമാറാട്ടം ഉൾപ്പെടെയുള്ള തട്ടിപ്പുകൾ തടയുന്നതിനായി ജില്ലയിലെ എല്ലാ ബൂത്തുകളിലും വെബ്കാസ്റ്റിംഗ് സംവിധാനം സജ്ജീകരിക്കും. വോട്ടെടുപ്പിൻറെ മുഴുവൻ ദൃശ്യങ്ങൾ സിസിടിവി കാമറ വഴി ജില്ലാ കളക്ടറേറ്റിലെ കൺട്രോൾ റൂമിൽ നിന്ന് തത്സമയം നിരീക്ഷിക്കും.

ഇതിനായി വിപുലമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയതായി ജില്ലാ കളക്ടർ അറിയിച്ചു. ജില്ലയിലെ വോട്ടർപട്ടികയിൽ ചിലയിടങ്ങളിൽ ഇരട്ടവോട്ടുകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇതുവഴിയുള്ള തട്ടിപ്പുകൾ തടയുന്നതിന് പ്രത്യേകമായി സജ്ജീകരിച്ച എഎസ്ഡി മോണിറ്റർ ആപ്പിൻറെ സേവനം ബൂത്തുകളിൽ ഉപയോഗപ്പെടുത്തും.

വോട്ടർപട്ടികയിൽ ഇരട്ട വോട്ട് ഉള്ളതായി കണ്ടെത്തിയ വ്യക്തികൾ വോട്ട് ചെയ്യാനെത്തിയാൽ അവരുടെ ഫോട്ടോ എടുത്ത് ആപ്പിൽ അപ്ലോഡ് ചെയ്യും. വീണ്ടും ഇയാൾ വോട്ട് ചെയ്യാനെത്തുകയാണെങ്കിൽ അത് കണ്ടെത്താൻ ആപ്പിൻറെ സഹായത്തോടെ സാധിക്കും. വോട്ടെടുപ്പ് സമാധാനപരമാക്കുന്നതിന് ശക്തമായ സുരക്ഷാ സംവിധാനമാണ് ഒരുക്കിയിട്ടുള്ളതെന്നും ജില്ലാ കളക്ടർ അറിയിച്ചു. ജില്ലയിലെ പ്രശ്നസാധ്യതാ ബൂത്തുകളായി കണ്ടെത്തിയ ഇടങ്ങളിൽ കേന്ദ്ര സേന ഉൾപ്പെടെയുള്ളവരുടെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്.

രണ്ടായിരത്തി അഞ്ചൂറോളം പോലീസുകാരെയാണ് സുരക്ഷാ ഡ്യൂട്ടിക്കായി ജില്ലയിൽ നിയോഗിച്ചിരിക്കുന്നത്. ജില്ലയിൽ വടകര മണ്ഡലത്തിൽ 120ഉം കോഴിക്കോട് മണ്ഡലത്തിൽ 21ഉം ബൂത്തുകൾ പ്രശ്നസാധ്യതാ ബൂത്തുകളായും വടകര മണ്ഡലത്തിലെ 43 ബൂത്തുകൾ മാവോവാദി ഭീഷണിയുള്ളവയായും കണ്ടെത്തിയിട്ടുണ്ട്. ഇവിടങ്ങളിൽ പ്രത്യേക സുരക്ഷ ഒരുക്കുന്നതിനായി പോലിസ് സേനയ്ക്കു പുറമെ, എട്ട് കന്പനി സിഎപിഎഫിനെയും മൈക്രോ ഒബ്സർവർമാരെയും വിന്യസിക്കും. കോഴിക്കോട് ഒന്നും വടകരയിൽ ഏഴും സിഎപിഎഫ് കന്പനികളെയാണ് വിന്യസിക്കുക.

പരസ്യപ്രചാരണങ്ങൾക്ക് സമാപനം കുറിച്ചുകൊണ്ടുള്ള കൊട്ടിക്കലാശം സമാധാനപരമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ രാഷ്ട്രീയ നേതൃത്വങ്ങൾ മുൻകൈയെടുക്കണമെന്നും ജില്ലാ കളക്ടർ ആവശ്യപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട് പ്രാദേശികമായി പോലിസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുമായി ആലോചിച്ച് എടുത്ത തീരുമാനങ്ങൾ പൂർണമായ രീതിയിൽ നടപ്പിലാക്കണം. അനിഷ്ട സംഭവങ്ങളുണ്ടായാൽ ശക്തമായി നേരിടും. കൊട്ടിക്കലാശത്തിൽ കുട്ടികളെ പങ്കെടുപ്പിക്കാൻ പാടില്ലെന്നും ജില്ലാ കളക്ടർ അറിയിച്ചു.

കള്ളവോട്ടുകൾ, ആൾമാറാട്ടം തുടങ്ങിയ കാര്യങ്ങളിലുള്ള തങ്ങളുടെ ആശങ്കകൾ രാഷ്ട്രീയ പാർട്ടി നേതാക്കൾ യോഗത്തിൽ പങ്കുവച്ചു. തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന എൻഎസ്എസ് വോളണ്ടിയർമാർ, ഹോം ഗാർഡുകൾ തുടങ്ങിയവർക്ക് ഡ്യൂട്ടിയുള്ള സ്ഥലങ്ങളിൽ വോട്ട് ചെയ്യാൻ സൗകര്യമൊരുക്കണമെന്നും തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി കമ്മീഷൻറെ അനുമതിയോടെ നിലവിൽ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന വാഹനങ്ങൾ തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്കായി പിടിച്ചെടുക്കരുതെന്നുമുള്ള ആവശ്യങ്ങൾ പ്രതിനിധികൾ ഉന്നയിച്ചു.

പോളിംഗ് ബൂത്തുകളായി ഉപയോഗിക്കുന്ന വിദ്യാലയങ്ങളുടെ ചുവരുകൾ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സ്റ്റിക്കറുകളും പോസ്റ്ററുകളും പതിച്ച് വൃത്തികേടാക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ടവർക്ക് നിർദേശം നൽകണമെന്നും അവർ ആവശ്യപ്പെട്ടു. ഇക്കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. ജില്ലാ കളക്ടറുടെ ചേംബറിൽ നടന്ന യോഗത്തിൽ കേന്ദ്ര പൊതു നിരീക്ഷക ഇർഫത് അറ, സുമീത് കെ. ജാറങ്കൽ, പോലിസ് നിരീക്ഷകരായ ഡോ. ഭൻവർ ലാൽ മീണ, അശോക് കുമാർ സിംഗ്, സിറ്റി പോലീസ് കമ്മീഷണർ രാജ്പാൽ മീണ, റൂറൽ എസ്പി ഡോ. അരവിന്ദ് സുകുമാർ, എഡിഎം കെ. അജീഷ്, വിവിധ രാഷ്ട്രീയ പാർട്ടികളെ പ്രതിനിധീകരിച്ച് എ. പ്രദീപ് കുമാർ, ഇ. പ്രേംകുമാർ, വത്സൻ പനോളി (സിപിഎം), അഡ്വ. കെ. പ്രവീൺ കുമാർ, അഡ്വ. പി. എം. നിയാസ്, അഡ്വ. രാജേഷ് കുമാർ (കോൺഗ്രസ്), കെ. ഡി. അയ്യപ്പൻ, കെ. ദിലീപ് (ബിജെപി), എം. കെ. അരവിന്ദാക്ഷൻ നായർ, എം. ആനന്ദ ബേബി, പി. എസ്. ദിവാകരൻ (ബിജെകെപി), അറമുഖൻ (ബിഎസ്പി), കെ. എം. ബീവി (എസ്യുസിഐ കമ്മ്യൂണിസ്റ്റ്), അഡ്വ. കെ. പി. നിധീഷ്, പി. സി. ഷൈജു, സി. കെ. രാമചന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു.

# Anveshi

*Daily Morning News Paper*

**2024 April 24 Wednesday**

Email: anveshinews11@gmail.com




## കരിഞ്ഞുണങ്ങി കൃഷി; വറുതിയുടെ പിടിയിൽ ജില്ലയിലെ കർഷകർ

തൊടുപുഴ: സമീപനാളുകളിലെങ്ങും അനുഭവപ്പെടാത്ത വേനൽചൂടിന്റെ കാഠിന്യത്തിൽ ഹൈറേഞ്ചിലെയും ലോറേഞ്ചിലെയും കാർഷിക വിളകൾ കരിഞ്ഞുണങ്ങുകയാണ്. തോടുകളും കുളങ്ങളും ജലാശയങ്ങളും നീർച്ചാലുകളുമെല്ലാം വറ്റിവരണ്ടതോടെ കുടിവെള്ളം കിട്ടാക്കനിയായി മാറിയിരിക്കുകയാണ്.

കുടിവെള്ളത്തിനായി ജനങ്ങൾ നെട്ടോട്ടമോടുന്പോൾ കൃഷിയിടം നനയ്ക്കാൻ കഴിയാത്തതാണ് വ്യാപകമായി കൃഷി നശിക്കാൻ കാരണം. മുന്പെങ്ങുമില്ലാത്ത വിധത്തിൽ പകൽതാപനില ഉയർന്നതാണ് ഇത്തവണ കാർഷികമേഖലയെ തളർത്തിയത്.

ജാതി, കൊക്കോ, ഗ്രാന്പൂ, റംബുട്ടാൻ, തേയില, വാഴ, ഏലം, കുരുമുളക്, കാപ്പി, ഫലവർഗങ്ങൾ, പച്ചക്കറികൾ തുടങ്ങി എല്ലാറ്റിനെയും ഇത്തവണത്തെ കൊടുംചൂട് കാര്യമായി ബാധിച്ചിട്ടുണ്ട്. ഏലം, കുരുമുളക് തുടങ്ങിയവയെയാണ് വേനൽകൂടുതലായി ബാധിച്ചത്.

സമീപനാളുകളിൽ ഏലത്തിന് മികച്ചവില ലഭിച്ചതോടെ ജലസേചന സൗകര്യം ഇല്ലാത്ത സ്ഥലങ്ങളിലും ഏലംകൃഷി ചെയ്തതും തിരിച്ചടിയായി. കഴിഞ്ഞ ആറുവർഷത്തിനിടെയുണ്ടായ ഉയർന്ന ചൂടാണ് ഇത്തവണ അനുഭവപ്പെട്ടത്.

ഇടുക്കിയിൽ ചില പ്രദേശങ്ങളിൽ 39 ഡിഗ്രി ചൂട് വരെ രേഖപ്പെടുത്തിയതായാണ് കണക്ക്. ഇത്രയും കൂടിയ ചൂടിനെ പ്രതിരോധിക്കാനുള്ള കരുത്ത് പല വിളകൾക്കുമില്ല. ജലസേചന സൗകര്യമുള്ള ഇടങ്ങളിൽപോലും കടുത്തചൂടേറ്റ് ചെടികൾ വാടുകയാണ്. കൊക്കോ, റംബുട്ടാൻ, അവക്കാഡോ, ഫാഷൻഫ്രൂട്ട് എന്നിവ പൂവിട്ടാലും വാടിക്കരിയുകയാണ്.

കഴിഞ്ഞ ദിവസം ലഭിച്ച വേനൽമഴ അൽപം ആശ്വാസം നൽകുന്നുണ്ടെങ്കിലും വരുംദിവസങ്ങളിൽ മഴ ലഭിച്ചില്ലെങ്കിൽ ഇതു കാർഷിക മേഖലയ്ക്ക് കനത്ത തിരിച്ചടിയാകുമെന്ന കാര്യത്തിൽ സംശയമില്ല.

## ഏഴാച്ചേരിയിൽ കള്ളൻമാർ വിലസുന്നു; സ്പോർട്സ് സൈക്കിൾ മോഷ്ടിച്ചു

ഏഴാച്ചേരി: ഏഴാച്ചേരിയിലും പരിസരപ്രദേശങ്ങളിലും മോഷ്ടാക്കൾ വിലസുന്നു. മുപ്പതിനായിരം രൂപയുടെ സ്പോർട്സ് സൈക്കിൾ മോഷണം പോയി. ഒരു കാർ ഉൾപ്പെടെ മറ്റു മൂന്നു വാഹനങ്ങൾ മോഷ്ടിക്കാനും ശ്രമം നടന്നു. കഴിഞ്ഞ ദിവസം രാത്രിയിലായിരുന്നു സംഭവം. വീട്ടുകാർ ഉണർന്നുവന്നപ്പോഴേക്കും മോഷ്ടാക്കൾ കടന്നുകളയുകയായിരുന്നു.

ഏഴാച്ചേരി ഗാന്ധിപുരം ഭാഗത്ത് പുളിയാനിപ്പുഴയിൽ ജിതിൻറെ മുപ്പതിനായിരം രൂപ വിലയുള്ള സ്പോർട്സ് സൈക്കിളാണ് മോഷണം പോയത്. മെയിൻ റോഡിനോടു ചേർന്നാണ് ജിതിൻറെ വീട്. ഇവിടെ മുറ്റത്തു വച്ചിരുന്ന സൈക്കിളാണ് മോഷ്ടിക്കപ്പെട്ടത്.

ഏഴാച്ചേരി ജിവിയുപി സ്കൂളിനും കുരിശുപള്ളിക്കും ഇടയിലുള്ള ഭാഗത്താണ് വ്യാപകമായ മോഷണശ്രമം നടന്നത്. ചെട്ടിയാകുന്നേൽ ജോബിയുടെ കാർ മോഷ്ടിക്കാനുള്ള ശ്രമം വീട്ടുകാർ ഉണർന്നതോടെ വിഫലമാവുകയായിരുന്നു.

കഴിഞ്ഞ ദിവസം പുലർച്ചെ നാലരയോടെയായിരുന്നു സംഭവം. വീട്ടുമുറ്റത്ത് ഇട്ടിരുന്ന കാറിൻറെ ഡോർ വലിച്ചുതുറക്കാൻ നടത്തുന്ന ശബ്ദം കേട്ട് ജോബി ഉണർന്നുവന്നപ്പോഴേക്കും മോഷ്ടാക്കൾ ബൈക്കിൽ രക്ഷപ്പെടുകയായിരുന്നു.

കളരിക്കൽ ഹരിയുടെ ബൈക്ക് വീട്ടുമുറ്റത്തുനിന്നിറക്കി റോഡിൽ കൊണ്ടുവന്നു. ഈ സമയം ശബ്ദം കേട്ട് വീട്ടുകാർ ഉണർന്നതോടെ കള്ളൻമാർ കടന്നുകളയുകയായിരുന്നു. ചേലയ്ക്കൽ ഹരികൃഷ്ണൻറെ സ്കൂട്ടറും മോഷ്ടിക്കാൻ ശ്രമം നടന്നു. സ്കൂട്ടറിൻറെ ബാറ്ററി ഭാഗം ഊരിമാറ്റിയ നിലയിലായിരുന്നു.

തോലംമാക്കൽ ജോണിയുടെ പുരയിടത്തിലെ തേങ്ങായും മോഷണം പോയി. ഇവിടെ രണ്ടുപേർ ബൈക്ക് നിർത്തി സംസാരിക്കുന്നത് അയൽവാസികളുടെ ശ്രദ്ധയിൽപ്പെട്ടിരുന്നു. പിന്നീടാണ് തേങ്ങാക്കുല മോഷണം പോയത്. നായ്ക്കളുടെ നിർത്താതെയുള്ള കുരകേട്ട് പലരും ലൈറ്റിടുകയും വാതിൽ തുറക്കുകയും ചെയ്യുമ്പോഴേക്കും അപരിചിതർ ബൈക്കിൽ വേഗം പോകുന്നതാണ് കാണുന്നത്. പോലീസ് രാത്രികാല പട്രോളിംഗ് ശക്തമാക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.

## പ്രതിസന്ധികളെ അതിജീവിക്കാൻ പ്രാർഥന സഹായിച്ചു: പാർവതി ഗോപകുമാർ

പരുമല: പ്രതിസന്ധികളെ അതിജീവിക്കാനും സിവിൽ സെർവീസിലേക്ക് എത്താനും സഹായകമായത് പ്രാർഥനയും ഗുരുക്കന്മാരുടെ അനുഗ്രഹവുമാണെന്ന് സിവിൽ സർവീസ് റാങ്ക് ജേതാവ് പാർവതി ഗോപകുമാർ. മലങ്കര ഓർത്തഡോക്സ് സഭയുടെ തിരുവനന്തപുരം മാതാ മറിയം ആശ്രമത്തിൻറെ ഞായർ പള്ളിക്കൂടം പ്രതിവാര ഓൺലൈൻ വീഡിയോ പരമ്പരയുടെ ഇരുന്നൂറാം എപ്പിസോഡ് ആഘോഷത്തിൽ പങ്കെടുത്തു പരുമല പള്ളിയിൽ സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു പാർവതി.

ഇരുന്നൂറാം എപ്പിസോഡ് ആഘോഷങ്ങൾ ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് ഉദ്ഘാടനം ചെയ്യുകയും പാർവതിക്ക് സ്വർണനാണയം സമ്മാനിക്കുകയും ചെയ്ത്. പുതിയ കാൽവെപ്പിൽ ജീവിതത്തിനു സ്വർണ ശോഭ ഉണ്ടാവട്ടെ എന്ന് മാർ ഗ്രിഗോറിയോസ് ആശംസിച്ചു. സെൻട്രൽ കസ്റ്റംസ് ഡയറക്ടർ ജനറൽ ഡോ. ബിജു ജേക്കബ്, ഞായർ പള്ളിക്കൂടം സംവിധായകനും അവതാരകനുമായ ഡോ. സന്തോഷ് ജി. തോമസ്, ഓർത്തഡോക്സ് സഭ ഓൺലൈൻ ഗ്ലോബൽ സൺഡേസ്കൂൾ കോഓർഡിനേറ്റർ ഷെറി ജേക്കബ്, സെമിനാരി മാനേജർ കെ. വി. പോൾ റമ്പാൻ, മർത്ത്മറിയം ആശ്രമം മാനേജർ ഫാ. ഏബ്രഹാം തോമസ് എന്നിവർ പ്രസംഗിച്ചു. മെഗാ ചലഞ്ചിൽ ഏറ്റവും കൂടുതൽ പോയിൻറ് നേടിയ സാവിയോ ടോം മജുവിന് (കുറിച്ചി, കോട്ടയം) സ്വർണനാണയവും സമ്മാനിച്ചു.

## എല്ലാ ഘടകങ്ങളും അനുകൂലം, ഭൂരിപക്ഷം അരലക്ഷം കടക്കുമെന്ന് ഐസക

മുമ്പെങ്ങും കാണാത്ത ആവേശം ഇത്തവണ എൽഡിഎഫ് ക്യാമ്പുകളിൽ അവസാനഘട്ടത്തിലുണ്ട്. സ്ഥാനാർഥിയുടെ വ്യക്തിപ്രഭാവം തുടക്കം മുതൽ വോട്ടാക്കി മാറ്റാൻ എൽഡിഎഫ് ശ്രമിച്ചിരുന്നു. എല്ലാ ഘടകങ്ങളും അനുകൂലമാണെന്ന് സ്ഥാനാർഥി തോമസ് ഐസക്കിൻറെ വാദം. ഇടതു രാഷ്ട്രീയ അന്തരീക്ഷം അങ്ങനെയാണ്. മതന്യൂനപക്ഷങ്ങളിൽ വലിയ വിഭാഗം പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്.

കോൺഗ്രസിനും ബിജെപിക്കും ശക്തമായ ബദൽ എന്നാണ് ജനങ്ങൾ ഇടതുപക്ഷത്തെ കാണുന്നത്. പതിനഞ്ചു വർഷം പത്തനംതിട്ടയിലെ എംപി എന്തു ചെയ്തുവെന്ന ചോദ്യം വോട്ടർമാർക്കുണ്ട്. അടുത്ത അഞ്ചു വർഷം കൂടി എംപിയാക്കണമെങ്കിൽ ഇനിയെന്തെങ്കിലും പരിപാടിയുണ്ടോ എന്നു ചോദിച്ചാൽ ആൻറ ആൻറണിക്ക് ഒന്നും പറയാനില്ല.

മത്സരം എൽഡിഎഫും യുഡിഎഫും തമ്മിലാണെന്നും ഐസക് പറഞ്ഞു. സർവേ ഫലങ്ങളെ എൽഡിഎഫും സിപിഎം നേതാക്കളും നേരത്തെ തള്ളിയതാണല്ലോയെന്നും ഐസക് പറയുന്നു. അരലക്ഷത്തിലധികം വോട്ടുകളുടെ ഭൂരിപക്ഷത്തിൽ പത്തനംതിട്ടയിൽ ജയിക്കാനുള്ള സാധ്യതയുണ്ടെന്ന് തോമസ് ഐസക് പറഞ്ഞു.

## കേസ് അന്വേഷിക്കാൻ പോയി ബാറിൽ കയറി മദ്യപിച്ച് ബഹളം; എക്സൈസ് ഉദ്യോഗസ്ഥന് സസ്പെൻഷൻ

കൊച്ചി: കേസ് അന്വേഷിക്കാൻ പോയി ബാറിൽ കയറി മദ്യപിച്ച് ബഹളമുണ്ടാക്കിയ എക്സൈസ് ഉദ്യോഗസ്ഥനെ സസ്പെൻഡ് ചെയ്തു. കൊച്ചി എൻഫോഴ്സ്മെൻറ് നാർക്കോട്ടിക് സ്ക്വാഡിലെ അസിസ്റ്റൻറ് ഇൻസ്പെക്ടർ എം. ടി. ഹാരിസിനെയാണ് അന്വേഷണ വിധേയമായി എക്സൈസ് കമ്മീഷണർ സസ്പെൻഡ് ചെയ്തത്. എംഡിഎംഎ കേസുമായി ബന്ധപ്പെട്ട് കഴിഞ്ഞ18നാണ് എക്സൈസ് ഉദ്യോഗസ്ഥർ ഹോട്ടൽ ഹിൽവ്യൂവിൽ എത്തിയത്. ലഹരിക്കേസിൽ ആലപ്പുഴ സ്വദേശിയെ അറസ്റ്റ് ചെയ്തിരുന്നു. ഇതിൻറെ മഹസർ ഉൾപ്പെടെ എഴുതുന്നതിനിടെയാണ് ഉദ്യോഗസ്ഥൻ മുറിക്ക് പുറത്തിറങ്ങി ബാറിൽ കയറി മദ്യപിച്ചത്.

മദ്യപാനത്തിന് ശേഷം ഹോട്ടലിലെ സന്ദർശകർ ഉൾപ്പെടെയുള്ളവരോട് ഇയാൾ ബഹളമുണ്ടാക്കി. സിസി ടിവി ദൃശ്യങ്ങളുടെയും ബാറുടമയുടെ പരാതിയുടെയും അടിസ്ഥാനത്തിലാണ് ഡ്യൂട്ടിയ്ക്കിടെ മദ്യപിച്ച് ബഹളമുണ്ടാക്കിയതിന് ഇദ്ദേഹത്തെ സസ്പെൻഡ് ചെയ്തത്.

## ജലമിഷനായി കുഴിച്ച റോഡുകളുടെ ടാറിംഗ് വൈകുന്നെന്ന് പരാതി

ആലുവ: ജലജീവൻ പദ്ധതിക്കായി കുഴിച്ച റോഡുകൾ റീ ടാറിംഗ് നടത്തുന്നത് വൈകുന്നതിനെതിരേ പ്രതിഷേധം ശക്തമാകുന്നു. ആലുവ നഗരാതിർത്തി പങ്കിടുന്ന കടുങ്ങല്ലൂർ, കീഴ്മാട് പഞ്ചായത്തുകളിലാണ് പ്രതിഷേധം ശക്തമായിരിക്കുന്നത്. ആലുവമൂന്നാർ കെഎസ്ആർടിസി റൂട്ടിൽ കീഴ്മാട് പഞ്ചായത്തിൽ ഉൾപ്പെട്ട തോട്ടുമുഖം മുതൽ പകലോമറ്റം വരെ റോഡിന് ഇരു ഭാഗവുമാണ് പൈപ്പ് സ്ഥാപിക്കാൻ കുഴിച്ചത്. പൊളിച്ചിട്ടിട്ട് മാസങ്ങൾ കഴിഞ്ഞ ശേഷമാണ് പൈപ്പുകൾ സ്ഥാപിച്ചത്. റോഡിൻറെ ഇരുഭാഗത്തും മിറ്റിലിട്ടെങ്കിലും ടാർ ചെയ്യാത്തതു മൂലം പൊടിശല്യം രൂക്ഷമായി. കൂടാതെ ഗതാഗതക്കുരുക്കും അപകടങ്ങളും വ്യാപകമാണ്. ഇതിൽ പ്രതിഷേധിച്ച് ഇന്നലെ ആലുവ താലൂക്ക് പൗരാവകാശ സംരക്ഷണ സമിതിയും ജനകീയ സമിതിയും സംയുക്തമായി കുട്ടമശേരി ജംഗ്ഷനിൽ പ്രതിഷേധ ധർണ സംഘടിപ്പിച്ചു.

## എസി റോഡിൽ പുലർകാല സർവീസുകൾ നിലച്ചിട്ട് രണ്ടു വർഷം

മങ്കൊമ്പ്: നവീകരണ ജോലികളുമായി ബന്ധപ്പെട്ടു നിർത്തിവച്ച എസി റോഡിലെ കെഎസ്ആർടിസി സർവീസുകൾ പുനരാരംഭിക്കാത്തതിൽ ജനരോഷം ശക്തമാകുന്നു. പുലർച്ചെയും രാത്രികാലങ്ങളിലും ഉണ്ടായിരുന്ന ഓർഡിനറി സർവീസുകൾ പുനരാരംഭിക്കാത്തതാണ് യാത്രക്കാരെ വലയ്ക്കുന്നത്.

പള്ളിക്കൂട്ടുമ്മ മുതൽ കിടങ്ങറ വരെ എസി റോഡിന് ഇരുകരകളിലുമുള്ള യാത്രക്കാരാണ് കടുത്ത യാത്രാക്ലേശമനുഭവിക്കുന്നത്. എസി റോഡിൽ നവീകരണ ജോലികൾ ആരംഭിക്കും മുൻപ് പുലർച്ചെ സമയങ്ങളിൽ ചങ്ങനാശേരിക്കും ആലപ്പുഴയിലേക്കും കെഎസ്ആർടിസി ഓർഡിനറി സർവീസുകൾ നടത്തിയിരുന്നു.

പുളിങ്കുന്ന്, ചമ്പക്കുളം എന്നിവിടങ്ങളിൽനിന്നുള്ള സ്റ്റേ സർവീസുകളാണ് മാമ്പുഴക്കരി, പുതുക്കരി, രാമങ്കരി, വേഴപ്ര, കിടങ്ങറ, കൊടുപ്പുന്ന തുടങ്ങിയ പ്രദേശങ്ങളിലെ ജനങ്ങൾക്ക് പുലർച്ചെ ചങ്ങനാശേരി ഭാഗത്തേക്കു പോകുവാൻ ആശ്രയമായിരുന്നത്. എന്നാൽ, കഴിഞ്ഞ രണ്ടു വർഷങ്ങളായി ഈ സർവീസുകൾ നിലച്ചു.

ഇപ്പോൾ രാവിലെ ആറിനു മാത്രമാണ് ചങ്ങനാശേരി ഭാഗത്തേക്കു സർവീസുള്ളത്. ഇവയാകട്ടെ ഫാസ്റ്റ് പാസഞ്ചർ സർവീസുകളുമാണ്. ആലപ്പുഴയ്ക്കും രാവിലെ ആറോടുകൂടിയെ രാമങ്കരിൽ ബസ് എത്തുകയുള്ളു.

പുലർച്ചെ സമയങ്ങളിൽ വിവിധ ജോലികൾക്കു പോകുന്നവർ, മൽസ്യവിൽപനക്കാർ, ട്രയിൻ യാത്രയ്ക്കായി ചങ്ങനാശേരിയിലേക്കു യാത്ര ചെയ്യുന്നവർ തുടങ്ങിയവരാണ് കെഎസ്ആർടിസിയുടെ അവഗണന മൂലം ദുരിതമനുഭവിക്കുന്നത്.

ഇതിനു പിന്നാലെ അതിരാവിലെ സമയങ്ങളിൽ എസി റോഡ് വഴി സർവീസ് നടത്തിയിരുന്ന ദീർഘദൂര സർവീസുകളും നിലച്ചിട്ടു രണ്ടു വർഷമായി. തൃശൂർ, ഗുരുവായൂർ തുടങ്ങിയ സ്ഥലങ്ങളിലേക്കുള്ള സർവീസുകളാണ് നിലച്ചത്. എസി റോഡിൽ പുതുതായി നിർമിക്കുന്ന പാലങ്ങളുടെ നിർമാണജോലികൾ പൂർത്തിയാകാൻ മാസങ്ങളെടുക്കുമെന്നതിനാൽ യാത്രക്കാരുടെ കാത്തിരിപ്പും നീളും. കഴിഞ്ഞ നവംബറിൽ പൂർത്തിയാകുമെന്നു പ്രഖ്യാപിച്ചിരുന്ന നിർമാണജോലികളാണ് അനന്തമായി നീളുന്നത്. ഈ സാഹചര്യത്തിൽ പ്രതീക്ഷയറ്റ നാട്ടുകാർ ഗതാഗത മന്ത്രിക്കു നിവേദനം നൽകി കാത്തിരിക്കുകയാണ്.

പുലർച്ചെയുണ്ടായിരുന്ന സർവീസുകൾ പുനരാരംഭിച്ചു തങ്ങളെ യാത്രാദുരിതത്തിൽനിന്നുരക്ഷിക്കണമെന്നാണ് നിവേദനത്തിൽ ആവശ്യപ്പെടുന്നത്.

## കാൻസർ രോഗികൾക്കായി കേശദാനം ചെയ്ത് എംസിവൈഎം യുവതികൾ

പത്തനംതിട്ട: കാൻസർ രോഗികൾക്കായി തങ്ങളുടെ മുടി മുറിച്ച് കാരുണ്യത്തിൻറെ മാതൃക കാട്ടി എംസിവൈഎം വനിതാ പ്രവർത്തകർ. എഗെയ്റോ 2 കെ 24 വനിതാ സംഗമത്തിലാണ് കേശദാനം നടന്നത്. എംസിവൈഎം പത്തനംതിട്ട ഭദ്രാസനത്തിൻറെ ഉപാധ്യക്ഷ ജിഷ ജോസ് അധ്യക്ഷത വഹിച്ച ഭദ്രാസന വനിതാ സംഗമം പത്തനംതിട്ട ഭദ്രാസന അധ്യക്ഷൻ ഡോ. സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. പ്രശസ്ത സോഷ്യൽ മീഡിയ ഇൻഫ്ളുവൻസർ അപർണ (ക്യൂപ്പി ) വിശിഷ്ടാതിഥിയായി പങ്കെടുത്തു.

വനിതാ സംഗമത്തിൽ എംസിഎംഎഫ് പത്തനംതിട്ട ഭദ്രാസന പ്രസിഡൻറ് ഷീജ ഏബ്രഹാം, ഭദ്രാസന പ്രസിഡൻറ് ബിബിൻ ഏബ്രഹാം, വൈദിക ജില്ല വികാരി ഫാ. ജോൺസൺ പാറക്കൽ, ആനിമേറ്റർ സിസ്റ്റർ ജോവാൻ, ഭദ്രാസന ഭാരവാഹികളായ ടെനി സജി, സ്നേഹ യോഹന്നാൻ, അക്സാ രാജൻ, സോനാ മറിയം ജോർജ് എന്നിവർ പ്രസംഗിച്ചു. മൂവാറ്റുപുഴ നഗരസഭ കൗൺസിലർ ജോയ്സ് മേരി ആൻറണി ക്ലാസ് നയിച്ചു. പത്തനംതിട്ട ഭദ്രാസനത്തിലെ 100 ഇടവകകളിൽനിന്നുള്ള 200ൽ പരം യുവതികൾ സംഗമത്തിൽ പങ്കെടുത്തു.

## സുഗമയാത്ര തടഞ്ഞ് കോൺക്രീറ്റ് മിക്സിംഗ് വാഹനം റോഡരികിൽ

റാന്നി: അത്തിക്കയം കടുമീൻചിറ റോഡരികിൽ പാർക്ക് ചെയ്തിരിക്കുന്ന കരാർ കമ്പനിയുടെ കോൺക്രീറ്റ് മിക്സിംഗ് വാഹനം യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. റോഡ് കോൺക്രീറ്റ് ചെയ്തശേഷം മാസങ്ങളായി വാഹനം ഇതേ സ്ഥലത്തു പാർക്ക് ചെയ്തശേഷം കരാർ കമ്പനി മറ്റു സ്ഥലങ്ങളിൽ ജോലികൾ ചെയ്തു വരികയാണ്. റോഡിനു ഒരു വശം ഓട ആയതിനാൽ വലിയ വാഹനങ്ങൾ ഏറെ പണിപ്പെട്ടാണ് ഇതുവഴി കടന്നു പോകുന്നത്. വാഹനം പാർക്ക് ചെയ്യാൻ ഇതേ റോഡിൽ വീതിയുള്ള സ്ഥലങ്ങൾ ഉണ്ടായിട്ടും വാഹനം മാറ്റിയിടാത്തതിൽ നാട്ടുകാരുടെ ഇടയിൽ അമർഷം ഉണ്ടായിട്ടുണ്ട്. വാഹനം മാറ്റുന്നതിനായി കരാർ കമ്പനിയെ ബന്ധപ്പെടാൻ പലരും ശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല.

കേരള പുനർനിർമാണ പദ്ധതിയിൽ ഉൾപ്പെടുത്തി പണികൾ ആരംഭിച്ച ഇതേ റോഡിലെ അത്തിക്കയം കൊച്ചുപാലത്തിൻറെ പണികൾ മാത്രമാണ് ഇനിയും ബാക്കിയുള്ളത്. സർക്കാറിൻറെ ഭാഗത്തുനിന്നും ഭാഗികബില്ല് മാറി കിട്ടുന്നമുറയ്ക്കാകും തുടർ ജോലികൾ ആരംഭിക്കുക. കാലപ്പഴക്കം ചെന്ന പാലം പൊളിച്ചു പുതിയത് നിർമിക്കേണ്ടതുണ്ട്. എന്നാൽ വേനൽക്കാലം കഴിഞ്ഞാലും പണികൾ ആരംഭിക്കാൻ കഴിയുമോ എന്നതിൽ യാതൊരു ഉറപ്പും ലഭിച്ചിട്ടില്ല. പാലവും അതിനോടു ചേർന്നുള്ള അപ്രോച്ച് റോഡുവഴിയുള്ള യാത്ര ഏറെ ദുഷ്കരമാണ്.

കൂടാതെ നിലവിൽ കോൺക്രീറ്റ് ചെയ്തിരിക്കുന്ന ഭാഗത്തു വലിയ കട്ടിംഗ് രൂപപ്പെട്ടതിനാൽ വാഹനങ്ങൾ കയറി ഇറങ്ങുന്നതിനു പ്രയാസപ്പെടുന്നുണ്ട്. കഴിഞ്ഞ ദിവസം രണ്ട് ഇരുചക്ര വാഹന യാത്രക്കാർ റോഡിൽ വീഴുകയും ചെയ്തു.

രണ്ടു വർഷത്തോളമായി നിർമാണം ആരംഭിച്ചിട്ടും ഇതേവരെയും റോഡിൻറെ പണി പൂർത്തിയായിട്ടില്ല മഴക്കാലം എത്തും മുമ്പ് ബാക്കി പണികൾ പൂർത്തീകരിക്കണമെന്ന ആവശ്യം ശക്തമാണ്.

## ഇരുചക്രവാഹനങ്ങൾ തെന്നിമറിഞ്ഞ് നിരവധിപേർക്കു പരിക്ക്

വടക്കാഞ്ചേരി: സംസ്ഥാനപാതയിലെവിവിധയിടങ്ങളിൽ ഇരുചക്രവാഹനങ്ങൾ തെന്നിമറിഞ്ഞ് വിദ്യാർത്ഥികൾ ഉൾപ്പെടെ നിരവധി പേർക്ക് പരിക്ക്. ഓയിലിനു സമാനമായ ദ്രാവകം റോഡിലൊ ഴുകിയതാണ് അപകടങ്ങൾക്കു കാരണമായത്. അപകടമേഖലയിൽ ഫയർഫോഴ്സെത്തി മാലിന്യം കഴുകി നീക്കം ചെയ്തു.

തൃശൂർ ഷൊർണൂർ സംസ്ഥാനപാതയിൽ കോലഴി മുതൽ അകമല വരെയുള്ള ഭാഗങ്ങളിലാണ് ഇരുചക്രവാഹനങ്ങൾ തെന്നിമറഞ്ഞുണ്ടായ അപകടത്തിൽ നിരവധിപേർക്കു പരിക്കേറ്റത്. അകമലയിൽ വെച്ചുണ്ടായ അപകടത്തിൽ കോളജിലേക്ക് പരീക്ഷ എഴുതുവാൻ പോവുകയായി രുന്ന ഓട്ടുപാറ പരുത്തിപ്ര ചാത്തൻ കോട്ടിൽ മുഹമ്മദ് ഷക്കീറിൻറെ മകൻ മുഹമ്മദ് റെയിസ് (23), സുഹൃത്ത് മംഗലം ചേറ്റൂട്ടി വീട്ടിൽ പ്രണവ് (23) എന്നിവർക്കാണു പരിക്കേറ്റത്.

അകമല എച്ച്പി പെട്രോൾ പമ്പിനു സമീപം വച്ചാണ് ഇന്നലെ രാവിലെ എട്ടരയോടെ ഇവർ സഞ്ചരിച്ചിരുന്ന ഇരുചക്രവാഹനം റോഡിൽ ഒഴുകിയ മാലിന്യത്തിൽകയറി തെന്നിമറിഞ്ഞുവീണത്. മുഹമ്മദ് റെയിസിന് കാലിനും കൈക്കും മുറിവുകൾ ഉണ്ട്. പ്രണവിനും പരിക്കേറ്റു.

ഇരുവരും വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിൽ എത്തിയപ്പോൾ സമാനമായ രീതിയിൽ നിരവധി ആളുകൾ ചികിത്സ തേടി ആശുപത്രിയിൽ എത്തിയതായി ഇവർ പറയുന്നു. പോലീസിലും ഫയർ ഫോഴ്സിലുംവിവരമറിയിച്ചതിനെ തുടർന്ന് ഫയർ ഫോ ഴ്സെത്തി റോഡിലെ മാലിന്യം കഴുകി നീക്കംചെയ്തു.

ദുർഗന്ധം വമിക്കുന്ന എല്ലുപൊടിക്കു സമാനമായ കൊഴുത്ത ദ്രാവകമാണ്റോഡിൽ ഒഴുകിയതെന്നാണ് അധികൃതർ വ്യക്തമാക്കുന്നത്. സീനിയർ ഫയർ റെസ്ക്യൂ ഓഫീസർ കലേഷ്, ഫയർ ഓഫീസർമാരായ സൗവാദ്, വൈശാഖ്, സുധീഷ്, നിതിൻ എന്നിവരും റോഡ് കഴുകാൻ ഒപ്പമുണ്ടായിരുന്നു.


RNI NO. 5184, Vol - 4, Issue -157, Printed, Published and owned by M.B Afsal, Anveshi Publications, Printed at Kallathingal printers, Thiruvananthapuram. Published at Kollam, Thiruvananthapuram and Kozhikode. Editorial : Anveshi, Vazhuthacaud, Thiruvananthapuram, Kerala - 695014, Editor : M. B. Afsal, Kollam, Kerala . Phone : +914712317756, +914713552750, +918281552088, email: anveshinews11@gmail.com, anveshionline@gmail.com. Website : www.anveshi.in, www.anveshionline.com (Editor, Responsible for selection of news under PRB Act.)